# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**


Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 01 ജൂൺ–2010 ലക്കം 03**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


| | |
|---|---|
| സർക്കുലർ - വൈദികവർഷ സമാപനം ...................... | 03 |
| സർക്കുലർ - മതബോധന ഞായർ ......................... | 08 |
| സർക്കുലർ - ബൈബിൾ ഞായർ-2010 .................... | 11 |
| സർക്കുലർ - ചെറുപുഷ്പ മിഷൻലീഗ് ...................... | 17 |
| സർക്കുലർ - യുവജനദിനം-2010 ............................ | 21 |
| വൈദീകവർഷം .................................................... | 29 |
| രൂപതാകച്ചേരി വാർത്തകൾ .................................. | 30 |
| രൂപതാദിനം 2010 റിപ്പോർട്ട് ................................. | 35 |
| മതബോധനരംഗം ................................................. | 38 |
| ബൈബിൾ അപ്പോസ്റ്റലേറ്റ് ..................................... | 43 |
| ചെറുപുഷ്പമിഷൻലീഗ് ........................................... | 45 |
| കെ. സി. വൈ. എം. ................................................ | 52 |
| കുടുംബപ്രേഷിതത്വം ............................................ | 56 |
| സിയോൻ വാർത്തകൾ.............................................. | 60 |
| ക്രിസ്റ്റീൻ വാർത്തകൾ ........................................... | 64 |
| വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ | 65 |
| ജയിൽ മിനിസ്ട്രി ................................................... | 68 |
| കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി .......................... | 69 |
| സാമൂഹ്യ സേവനരംഗം (WSSS) ................................ | 71 |
| അറിയിപ്പുകൾ ....................................................... | 76 |
| പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................. | 78 |
| ബിഷപ്സ് പ്രോഗ്രാം ................................................ | 79 |

# സർക്കുലർ

***Circular Letter No. 5/2010***
***Prot. No. 9569/2010***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

2009 ജൂൺ 19 ന് ആണല്ലോ നമ്മുടെ പരിശുദ്ധ പിതാവ് ബെനഡിക്റ്റ് പതിനാറാമൻ പാപ്പാ വൈദിക വർഷം പ്രഖ്യാപിച്ചത്. ഇതുമായി ബന്ധപ്പെട്ട ആചരണങ്ങൾ 2010 ജൂൺ 19 ന് അവസാനിക്കുകയാണ്. ഇത്തരുണത്തിൽ നമ്മൾ ഈ വർഷം എങ്ങനെ ആചരിച്ചു എന്ന് ഒരു തിരിഞ്ഞുനോട്ടം ഏറെ പ്രസക്തമാണ്. *യേശുക്രിസ്തുവിന്റെ വിശ്വസ്തത, വൈദികരുടെ വിശ്വസ്തത* എന്നതായിരുന്നു ഈ ആചരണത്തിന്റെ ആപ്തവാക്യമായി പരിശുദ്ധ പിതാവ് നിർദ്ദേശിച്ചത്. അതുപോലെ തന്നെ ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ 150 –ാമത് ചരമ വാർഷികത്തോടനുബന്ധിച്ചാണ് ഈ വർഷം പ്രഖ്യാപിച്ചത് എന്നും നമുക്കറിയാം. സന്യാസവൈദികരെ തീർത്തും ഒഴിവാക്കുന്നില്ലെങ്കിലും ഇടവകവൈദികരാണ് ഈ വർഷത്തിന്റെ ശ്രദ്ധാകേന്ദ്രം എന്ന് അതിൽ നിന്ന് വ്യക്തമാണ്.

യേശുക്രിസ്തു പിതാവായ ദൈവത്തിൽ നിന്ന് ഏറ്റെടുത്ത മനുഷ്യരക്ഷ എന്ന ദൗത്യം എത്രമാത്രം വിശ്വസ്തതയോടെ പൂർത്തിയാക്കിയോ അതേ വിശ്വസ്തതയോടെ വൈദികർ തങ്ങളുടെ പൗരോഹിത്യ ധർമ്മം പൂർത്തിയാക്കണം എന്നതാണ് യേശുക്രിസ്തുവിന്റെ വിശ്വസ്തത, വൈദികരുടെ വിശ്വസ്തത എന്നതുകൊണ്ട് പരിശുദ്ധപിതാവ് വിവക്ഷിച്ചത്. കാരണം ശുശ്രൂഷാ പൗരോഹിത്യത്തിലൂടെ വൈദികർ നിർവ്വഹിക്കുന്നതും മറ്റൊരു കാര്യമല്ല. കർത്താവിന്റെ രക്ഷാകരദൗത്യം ഇന്നുള്ളവർക്ക് യാഥാർത്ഥ്യമാക്കുന്നത് അവരാണ്. വചനപ്രഘോഷണവും കൂദാശാപരികർമ്മവും മറ്റ് അജപാലനകൃത്യങ്ങളും വഴി അവരത് നിർവ്വഹിക്കുന്നു.

യേശുക്രിസ്തു പൂർത്തിയാക്കിയ രക്ഷാകരദൗത്യം ഇന്നുള്ള

വർക്ക് ലഭ്യമാകുന്നതിനുവേണ്ടി അവിടുന്ന് കണ്ടെത്തിയ മാർഗ്ഗമാണ് സഭയും അതിലൂടെ പ്രഘോഷിക്കപ്പെടുന്ന ദൈവവചനവും പരികർമ്മം ചെയ്യപ്പെടുന്ന കൂദാശകളും മറ്റും. ഇവയെല്ലാം സാദ്ധ്യമാക്കുന്ന മാധ്യമ മാണ് പൗരോഹിത്യം. ക്രിസ്തുവിന്റെ രക്ഷണീയകർമ്മത്തിന്റെ ഫലം കാലാകാലങ്ങളിൽ ജീവിയ്ക്കുന്ന മനുഷ്യർക്ക് ലഭ്യമാകുവാൻ പൗരോ ഹിത്യം വഹിക്കുന്ന പങ്ക് എത്രമാത്രം വലുതാണ് എന്ന് കാണിച്ച് തരാൻ കൂടിയാണ് പരിശുദ്ധപിതാവ് ഈ വൈദികവർഷം പ്രഖ്യാപി ച്ചത്. വലിയ പാണ്ഡ്യത്യമൊന്നും ഇല്ലാതിരുന്നു എങ്കിലും തന്റെ സമ യത്തിന്റെ ഏറിയ പങ്കും കുമ്പസാരക്കൂട്ടിൽ ചെലവഴിച്ച വിശുദ്ധ ജോൺ മരിയ വിയാനിയ്ക്ക് എപ്രകാരം ദൈവത്തിൽ നിന്ന് അകന്ന് ജീവിച്ച ആർസിലെ ഇടവകജനങ്ങളെ വീണ്ടും രക്ഷയുടെ പാതയിലേയ്ക്ക് നയി ക്കുവാൻ കഴിഞ്ഞു എന്ന് നമുക്കറിയാം. സ്നേഹമില്ലാതിരുന്ന ആ ഇട വകയിൽ അത് പുനഃസ്ഥാപിക്കാനാണ് അദ്ദേഹത്തെ അധികാരികൾ അങ്ങോട്ട് അയച്ചത്. അദ്ദേഹമാകട്ടെ ആർസിലെ മാത്രമല്ല വിദൂരങ്ങ ളിൽ നിന്നുപോലുമുള്ളവരുടെ ജീവിതത്തിൽ മാറ്റങ്ങൾ വരുത്തി ഒരത്ഭുതം തന്നെ സൃഷ്ടിച്ചു.

ക്രിസ്തുവിന്റെ ദൗത്യനിർവ്വഹണത്തിനായി പിതാവ് നിർദ്ദേശിച്ച വഴി അത്യന്തം വേദനാജനകവും പ്രയാസമേറിയതുമായിരുന്നു. എങ്കിലും പുത്രൻ തനിയ്ക്ക് പിതാവിനോടുണ്ടായിരുന്ന സ്നേഹത്തെ പ്രതി അത് നിർവ്വഹിച്ചു. പ്രയാസമേറിയതായിരുന്നു എങ്കിലും നിർവ്വ ഹിക്കാൻ കഴിയുന്ന ഒന്നായിരുന്നു അത്. പൗരോഹിത്യധർമ്മവും ഇതു പോലെതന്നെയാണ്. അത് പ്രയാസമേറിയതാണ്. മാതാപിതാക്കളേയും സഹോദരങ്ങളേയും ജനിച്ചുവളർന്ന നാടിനേയും എല്ലാം ഉപേക്ഷിച്ച് പരിപൂർണ്ണ ബ്രഹ്മചര്യം അനുഷ്ഠിച്ചുകൊണ്ടുള്ള ഒരു ജീവിതമാണത്. പ്രയാസമേറിയതാണത്, എങ്കിലും സാദ്ധ്യമാണ്. പിതാവിനോടുള്ള വിഭജിയ്ക്കപ്പെടാത്ത സ്നേഹവും പൗരോഹിത്യദൗത്യനിർവ്വഹണത്തി ലുള്ള പ്രതിബദ്ധതയും വിശ്വസ്തതയും വേണമെന്ന് മാത്രം.

പൗരോഹിത്യനിർവ്വഹണം ദൈവികമാണെന്നും ആ ജീവിത ത്തെയും അത് തെരഞ്ഞെടുക്കുന്നവരേയും നാം എത്രമാത്രം മാനിയ്ക്ക ണമെന്നും ഈ വൈദികവർഷം നമുക്ക് പറഞ്ഞുതരുന്നു. ഈ വർഷം മുഴുവൻ നാം നമ്മുടെ വൈദികർക്ക് വേണ്ടി പ്രത്യേകമായി പ്രാർത്ഥി ച്ചു. പല ഇടവകകളിലും ഓരോ കുടുംബവും ഏതെങ്കിലും വൈദികനെ പ്രത്യേകമായി ഓർത്ത് പ്രാർത്ഥിച്ചു. മാത്രമല്ല തങ്ങൾക്ക് പ്രാർത്ഥി

ക്കാൻ കിട്ടിയ വൈദികരുമായി ഒരു വ്യക്തിബന്ധം തന്നെ സ്ഥാപിക്കുകയും പലരും അവരെ വീട്ടിൽ വിളിച്ച് ആദരിക്കുകയും ചെയ്തു. എനിക്കുവേണ്ടിയും പലരും പ്രാർത്ഥിച്ചു. അവരെല്ലാവരുംതന്നെ എന്നെ അക്കാര്യം ഫോണിൽ വിളിച്ചും നേരിൽ വന്നുകണ്ടും എന്നെ അറിയിക്കുകയും ചെയ്തു. നിങ്ങളുടെ പ്രാർത്ഥനയ്ക്കും സ്നേഹത്തിനുമുള്ള എന്റെ ഹൃദയം നിറഞ്ഞ നന്ദി പ്രകാശിപ്പിക്കുവാൻ കൂടി ഈ സന്ദർഭം ഞാൻ ഉപയോഗിക്കുകയാണ്. പ്രാർത്ഥനയിലാണല്ലോ നാം അന്തിമമായി ശരണം വയ്ക്കേണ്ടത്. നിങ്ങളുടെ പ്രാർത്ഥനകൾ നമ്മുടെ വൈദികരെ വളരെയധികം ശക്തിപ്പെടുത്തിയിട്ടുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു. വൈദികർക്ക് വേണ്ടി പ്രാർത്ഥിക്കുന്ന ഈ നല്ല ആചാരം ഇനിയും നിങ്ങൾ തുടരണം എന്നതാണ് എന്റെ ആഗ്രഹം.

പല ഇടവകകളിലും മുമ്പ് അവിടെ സേവനം ചെയ്ത് കടന്നുപോയ വൈദികരെയും ആ ഇടവകയിൽ നിന്നുള്ള വൈദികരേയും ക്ഷണിച്ച് വരുത്തി നിങ്ങൾ പ്രത്യേകമാംവിധം ആദരിക്കുകയുണ്ടായി. പല സമർപ്പിതസമൂഹങ്ങളും ഇതേ വിധം തന്നെ ചെയ്തു. അതുപോലെ ഇടവകയിൽ സേവനം ചെയ്തവരുടെ ഫോട്ടോകൾ വരും തലമുറയുടെ അറിവിനായി അവിടെ സ്ഥാപിയ്ക്കുകയും ചെയ്തു. ചില ഇടവകകളെങ്കിലും അവിടെ സേവനം ചെയ്തവരും മൺമറഞ്ഞുപോയവരുമായ വൈദികരുടെ മരണവാർഷികം വരും വർഷങ്ങളിൽ ആചരിക്കുവാൻ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം ഏറെ പ്രശംസാർഹമാണെന്ന് പറയട്ടെ. ഇതിലൂടെയെല്ലാം പൗരോഹിത്യത്തിന്റെ മഹനീയതയെപ്പറ്റി നിങ്ങൾ ചെറുതലമുറയ്ക്ക് കൊടുത്ത സന്ദേശം വളരെ പ്രാധാന്യമുള്ളതാണ്.

എന്നാൽ വൈദികരെ ആദരിക്കേണ്ടത് കേവലമൊരു ചടങ്ങിലൂടെ മാത്രമായിരിക്കരുത്. ഇടവകകളിലും സംഘടനകളിലും സ്ഥാപനങ്ങളിലും സേവനം ചെയ്യുന്ന വൈദികരുമായി നിങ്ങൾ സഹകരിക്കുകയും ദൈവജനത്തിന്റെ വളർച്ചക്കായി നിങ്ങളാൽ കഴിയുന്നത് ചെയ്യുകയും ചെയ്യുന്നതിലൂടെയാണ് അത് കൂടുതൽ പ്രകടമാകേണ്ടത്. അതുപോലെ തന്നെ ആവശ്യങ്ങളിലും പ്രയാസങ്ങളിലും അവർക്ക് നിങ്ങൾ തുണയാകുമ്പോൾ അവരെ നിങ്ങൾ മാനിക്കുകയും ആദരിക്കുകയും ചെയ്യുകയാണ്.

സജീവമായി സേവനരംഗത്ത്നിന്ന് വിരമിച്ച വൈദികരേയും ഈ വൈദികവർഷത്തിൽ നിങ്ങൾ വിസ്മരിച്ചില്ല എന്നതും പ്രത്യേകം

എടുത്ത് പറയത്തക്ക കാര്യമാണ്. നമ്മുടെ വൈദികമന്ദിരമായ വിയാനി ഭവനിൽ നിങ്ങളിൽ പലരും പോകുകയും അവിടെയുള്ളവരെ സന്ദർ ശിക്കുകയും ചെയ്തു. മാത്രമല്ല അവർക്ക് വേണ്ടി ബൃഹത്തായ ഒരു സാമ്പത്തികസമാഹരണ യജ്ഞം തന്നെ നടത്തുകയും ചെയ്തു. നിങ്ങൾ അതിൽ ആത്മാർത്ഥമായി സഹകരിച്ചു എന്ന് ഞാൻ വിശ്വസി ക്കുന്നു. ഓരോ കത്തോലിക്കാ വിശ്വാസിയുടേയും കടമയാണ് തനി യ്ക്കുവേണ്ടിയും തന്റെ മക്കൾക്കുവേണ്ടിയും കഠിനാദ്ധ്വാനം ചെയ്ത വൈദികരുടെ ശിഷ്ടകാലത്ത് അവരെ സംരക്ഷിക്കുക എന്നത്. കത്തോ ലിക്കരുടെ മാത്രമല്ല എല്ലാ സമുദായങ്ങളുടെയും ആദ്ധ്യാത്മികവും ഭൗതികവുമായ സമുദ്ധാരണത്തിന് വേണ്ടി നമ്മുടെ വൈദികർ പ്രത്യേ കിച്ച് കുടിയേറ്റത്തിന്റെ ആദ്യകാലങ്ങളിൽ സഹിച്ച കഷ്ടതകൾ മുതിർന്ന തലമുറയെങ്കിലും ഓർക്കുന്നുണ്ടാകും. അതിനെയെല്ലാം തമസ്കരിക്കാനും ഇകഴ്ത്തിക്കാണിക്കാനും ശ്രമിക്കുന്ന പ്രതിലോമശ ക്തികളുടെ സ്വാധീനം ഇന്ന് ഏറെയാണ് എന്നതും വസ്തുതയാണ്.

വൈദികവർഷാചരണങ്ങൾക്ക് നേതൃത്വം കൊടുത്ത നമ്മുടെ രൂപതയിലെ അത്മായ നേതാക്കളെ പ്രത്യേകം അനുമോദിക്കുകയും നന്ദിപൂർവ്വം ഓർക്കുകയും ചെയ്യുന്നു. പല പ്രാവശ്യം അവർ സമ്മേളി ക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു. അവ യിൽ ചിലതിനെപ്പറ്റിയാണ് മുകളിൽ പ്രതിപാദിച്ചത്. വരും തലമുറയ്ക്ക് നിങ്ങൾ ചെയ്ത വലിയൊരു സേവനമാണിത്. അത് നിങ്ങൾക്കും അവർക്കും അനുഗ്രഹത്തിന്റെ നീർച്ചാലുകൾ തീർക്കും.

എന്നാൽ ഇതുകൊണ്ടൊന്നും നമ്മുടെ കടമ അവസാനിക്കുന്നില്ല. വൈദികരാകാൻ ഇനിയും ധാരാളം മിടുക്കരായവർ കടന്നു വരുന്നു ണ്ടെന്ന് നിങ്ങൾ ഉറപ്പ് വരുത്തണം. മാതാപിതാക്കൾക്കും മതാധ്യാപ കർക്കും സമർപ്പിതർക്കും മറ്റും ഇതിൽ വലിയൊരു പങ്ക് നിർവ്വഹിക്കാ നുണ്ട്. മാതാപിതാക്കളുടെ പ്രാർത്ഥനയും പ്രോത്സാഹനവും കുട്ടി കൾക്ക് ഏറെ പ്രധാനപ്പെട്ടതാണ്. അതുപോലെതന്നെ വിശ്വാസപരി ശീലനം കൊടുക്കുന്ന മതാദ്ധ്യാപകരും സംഘടനാ നേതൃത്വത്തിലു ള്ളവരും ഇക്കാര്യത്തിൽ താൽപ്പര്യമെടുക്കണം. മുൻ കാലഘട്ടത്തിൽ മിഷൻലീഗ് ഇക്കാര്യത്തിൽ നിർവ്വഹിച്ച പങ്ക് അവിസ്മരണീയമാണ്.

സമർപ്പിതരുടെ സമൂഹങ്ങളും ഇടവകസേവനത്തിനായി കൂടു തൽ വൈദികരുണ്ടാകുന്ന കാര്യത്തിൽ ശ്രദ്ധ ചെലുത്തണം. കാരണം ഇടവകവൈദികരാണ് ഇടവകാസമൂഹത്തിന്റെ, പ്രത്യേകിച്ച് കുട്ടിക

ളുടെ, ക്രൈസ്തവ രൂപീകരണത്തിൽ വലിയ പങ്ക് നിർവ്വഹിക്കുന്നത്. അവരുടെ എണ്ണവും ഗുണമേന്മയും കുറയുമ്പോൾ ഇടവകസമൂഹത്തിന്റെ ക്രൈസ്തവരൂപീകരണത്തേയും അത് ബാധിയ്ക്കും. തത്ഫലമായി സമർപ്പിതജീവിതത്തിലേയ്ക്ക് കടന്നു വരാൻ കുട്ടികൾ ഉണ്ടായിരിക്കുകയില്ല. തങ്ങളുടെ ആളും അർത്ഥവും സ്വന്തം സ്ഥാപനകേന്ദ്രീകൃതമായി മാത്രം ചെലവഴിക്കുമ്പോൾ കാലക്രമത്തിൽ സമർപ്പിതസമൂഹങ്ങളുടെയും മിഷൻ രൂപതകളുടെയും നിലനില്പ്പു തന്നെ അപകടത്തിലാകും എന്നത് നാം ഓർത്തിരിക്കേണ്ടതാണ്.

ഏറെ വെല്ലുവിളികളിലൂടെയാണ് വൈദികജീവിതം ഇന്ന് കടന്നുപോകുന്നത്. അവയെ ധൈര്യപൂർവ്വം നേരിടാനും അതിജീവിക്കാനും കഴിവുള്ളവർ വേണം ഈ രംഗത്തേയ്ക്ക് കടന്നു വരാൻ. തങ്ങൾ നേതൃത്വം കൊടുക്കേണ്ട സമൂഹത്തിനുള്ളതിനേക്കാൾ അറിവും കഴിവും ഉള്ളവർക്കേ കാര്യക്ഷമമായും ഫലപ്രദമായും ആ സമൂഹത്തെ നയിക്കുവാൻ കഴിയുകയുള്ളൂ. അങ്ങനെയുള്ളവർ കൂടുതലായി ഇടവക വൈദികരാകാൻ കടന്നുവരേണ്ടതുണ്ട്. ഈ വൈദികവർഷാചരണം അതിന് ഇടയാകട്ടെ എന്നാണെന്റെ ആശംസയും പ്രാർത്ഥനയും. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2010 മെയ് 20-ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2010 ജൂൺ മാസം 6-ാം തീയതി ഞായറാഴ്ച പള്ളികളിൽ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 6/2010***
***Prot. No. 9568/2010***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

പുതിയ സ്കൂൾവർഷം ആരംഭിക്കുന്നതിന്റെ തിരക്കിലാണല്ലോ മതാപിതാക്കളും കുട്ടികളും. അവധിക്കാലത്തിനുശേഷം സ്കൂളുകളിലേയ്ക്ക് യാത്രയാകുന്ന കുട്ടികളെ പ്രത്യേകമായി ഓർക്കുകയും അവർക്ക് നല്ല ഒരു അധ്യയന വർഷം ആശംസിക്കുകയും ചെയ്യുന്നു.

നമ്മുടെ മതബോധനക്ലാസുകളും മെയ് 30 ന് വളരെ കൃത്യതയോടെ ആരംഭിച്ചു. ഈ അധ്യയനവർഷത്തിൽ തന്നെ ജൂൺ 13-ാം തീയതി നമ്മൾ മതബോധന ഞായർ ആയി ആഘോഷിക്കുകയാണ്. ഇത്തരുണത്തിൽ മതബോധനവുമായി ബന്ധപ്പെട്ട ചില പ്രധാന കാര്യങ്ങൾ നിങ്ങളെ ഓർമ്മപ്പെടുത്തുകയാണ്.

സഭയുടെ ഏറ്റവും പ്രഥമവും പ്രധാനപ്പെട്ടതുമായ ദൗത്യം 'സത്യവിശ്വാസം കുറവുകൂടാതെയും തെറ്റുകൂടാതെയും പഠിപ്പിക്കുക' എന്നതാണ്. ഇത് ഈശോ നമ്മെ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വമാണ്. വൈദികരും, സമർപ്പിതരും, മാതാപിതാക്കളും, മക്കളും.... എല്ലാവരും ഈ ഉത്തരവാദിത്വത്തിൽ പങ്കാളികളാണ്. നമ്മുടെ വിശ്വാസപരിശീലന ക്ലാസുകളിലൂടെ സുസംഘടിതമായി നടത്തുന്നതും ഈശോ നമ്മെ ഏൽപിച്ച ഈ ദൗത്യമാണ്. അതിൽ ഞാൻ ഉൾപ്പെടെ നാമെല്ലാവരും പങ്കാളികളാണ്. വിശ്വാസ പഠനവും പരിശീലനവും കാലത്തിന്റെ വെല്ലുവിളികളെ അതിജീവിച്ച് കരുത്തോടെ മുന്നേറണം. അതിനായി നാമെല്ലാവരും അതീവ ജാഗ്രതയോടും ആത്മാർത്ഥതയോടെയും പരിശ്രമിക്കണം. നമ്മുടെ രൂപതയുടെ മതബോധന കേന്ദ്രം ഈ ലക്ഷ്യം മുന്നിൽകണ്ട് ഭംഗിയായും ചിട്ടയായും കാര്യങ്ങൾ ക്രമീകരിക്കുന്നുണ്ട്. ഇടവകകളിൽ അത് നടപ്പിലാക്കേണ്ടത് ബഹു. വികാരിയച്ചൻമാരും അവരോട് ചേർന്നു നിൽക്കുന്ന നിങ്ങൾ ഓരോരുത്തരുമാണ്.

പ്രിയ മാതാപിതാക്കളെ, മക്കളോട് ആദ്യമായി വിശ്വാസം പ്രസംഗിക്കേണ്ടവരും അവരെ വിശ്വാസത്തിൽ വളർത്തേണ്ടവരും നിങ്ങളാണ്. അത് പ്രഥമവും പ്രധാനവുമായി നിങ്ങളുടെ മാതൃകയാലും ഉപദേശത്താലുമാണ് നൽകേണ്ടത്. ദൈവീക മൂല്യങ്ങളും ധാർമ്മിക ചിന്തകളും പകർന്ന് നൽകുന്നതിൽ നിങ്ങൾ ഒരിക്കലും അലംഭാവം കാണിക്കരുത്. മറ്റു പഠനങ്ങളേക്കാൾ ഉത്തരവാദിത്വത്തോടെ വിശ്വാസ പരിശീലനത്തെ മനസ്സിലാക്കണം. "ലോകം മുഴുവനും നേടിയാലും ആത്മാവ് നഷ്ടപ്പെട്ടാൽ എന്താണ് പ്രയോജനം?" ദൈവവചനം എല്ലാ ദിവസവും വായിക്കുവാനും കൂദാശാ ബന്ധിതമായ ഒരു ജീവിതത്തിനും അവരെ പഠിപ്പിക്കണം, പരിശീലിപ്പിക്കണം.

പ്രിയ മക്കളെ ഈശോ നിങ്ങളെ ഒത്തിരി സ്നേഹിക്കുന്നുണ്ട്. ഈ സ്നേഹം മറ്റെവിടെനിന്നും നിങ്ങൾക്ക് ലഭിക്കില്ല. നിങ്ങളുടെ മാതാപിതാക്കളിലൂടെയും, വൈദീകരിലൂടെയും, സിസ്റ്റേഴ്സിലൂടെയും, മതാധ്യാപകരിലൂടെയും ഈശോ നിങ്ങളോട് സംസാരിക്കുന്നു. പ്രിയ കുഞ്ഞുങ്ങളെ മതബോധന ക്ലാസുകളിൽ പഠിപ്പിക്കുന്നവ കൃത്യമായി പഠിക്കണം. വി.ഗ്രന്ഥം എല്ലാ ദിവസവും വായിക്കുകയും പഠനത്തിനായി തന്നിരിക്കുന്ന വചനഡയറി എഴുതുകയും വേണം. കൂദാശകൾ സ്വീകരിക്കുന്നതിൽ മുടക്കം വരുത്താതെ ശ്രദ്ധിക്കണം. അതുവഴി സത്യസന്ധത, ദയ, കരുണ, ആത്മാർത്ഥത, പങ്കുവയ്ക്കുന്ന മനോഭാവം തുടങ്ങിയ മാനുഷിക ഗുണങ്ങൾ വളർത്തണം.

പ്രിയ അധ്യാപകരെ, നിസ്വാർത്ഥതയോടെയും അർപ്പണ മനോഭാവത്തോടെയും നിങ്ങൾ ചെയ്യുന്ന സേവനങ്ങളെ വിലമതിക്കുന്നു. ദൈവാനുഗ്രഹം നിങ്ങൾക്കും നിങ്ങളുടെ കുടുംബത്തിനും ലഭിക്കും. സത്യവിശ്വാസത്തിൽ പരിശീലിപ്പിക്കുവാൻ ഓരോ വർഷവും കുട്ടികളെ നിങ്ങളുടെ പക്കൽ ഏൽപ്പിക്കുകയാണ്. രൂപതാ നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് ആത്മാർത്ഥമായി പ്രവർത്തിക്കുവാൻ നിങ്ങൾക്ക് കഴിയണം. നിങ്ങളുടെ ക്രിസ്തീയ ജീവിത മാതൃകയായിരിക്കട്ടെ അവർക്കു കൊടുക്കുവാനുള്ള വലിയപാഠം.

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരെ, വിശ്വാസ പരിശീലനത്തിൽ നിങ്ങൾ കാണിക്കുന്ന അതീവശ്രദ്ധയ്ക്ക് നിങ്ങളെ അഭിനന്ദിക്കുന്നു. നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യവും അതു തന്നെയാണല്ലൊ. കുട്ടികളുടെ മതബോധനത്തിനായി ഞായറാഴ്ച മാറ്റി വച്ചിരിക്കുന്ന സമയം മറ്റൊരു കാര്യത്തിനും ഉപയോഗിക്കാതിരിക്കുവാൻ ശ്രദ്ധിക്കണം.


വിശ്വാസ പരിശീലനത്തോട് ബന്ധപ്പെട്ട് അവർ ചെയ്യേണ്ട കാര്യങ്ങൾ വേണ്ട വിധത്തിൽ ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തണം. തിരുവചനത്തിലൂടെയും കൂദാശാബന്ധിതമായ ജീവിതത്തിലൂടെയും അവരെ നയിക്കണം.

പ്രിയപ്പെട്ട സമർപ്പിത സഹോദരീ സഹോദരന്മാരെ, നമ്മുടെ കുട്ടികളുടെ വിശ്വാസ പരിശീലനത്തിൽ നിങ്ങൾക്ക് വളരെ പ്രധാനപ്പെട്ട ഒരു പങ്കു വഹിക്കാനുണ്ട്. കൂടുതൽ കുട്ടികൾ സന്യാസ ജീവിതത്തിലേയ്ക്കും വൈദിക ജീവിതത്തിലേയ്ക്കും കടന്നു വരണമെങ്കിൽ അതിനവരെ ഒരുക്കണം. ഈ പ്രകിയയിൽ നിങ്ങൾ ഹൃദയപൂർവ്വം സഹകരിക്കാൻ ശ്രമിക്കണം.

പ്രിയ ഇടവകജനമേ, കുട്ടികളുടെ വിശ്വാസ വളർച്ചയിൽ പ്രധാന പങ്ക് നിങ്ങൾക്കോരോരുത്തർക്കുമാണ്. ഭാവിയിൽ നല്ലകുടുംബ ജീവിതക്കാരും വൈദികരും, സമർപ്പിതരും ഉണ്ടാകുന്നതും നിങ്ങളുടെ സന്മനസ്സിനെ ആശ്രയിച്ചാണിരിക്കുന്നത്. അതുകൊണ്ട് ഇടവകയുടെ മതബോധന പ്രവർത്തനങ്ങളിൽ സജീവ പങ്കുകാരാകുക; കാരണം അത് ഇടവകയുടെ ഏറ്റവും പ്രധാന കടമയാണ്. രൂപതയുടെ മതബോധന പ്രവർത്തനങ്ങളെ സഹായിക്കാൻ മതബോധന ഞായറാഴ്ച വി. കുർബാനമദ്ധ്യേ നമ്മൾ ഒരു സ്തോത്രക്കാഴ്ച എടുക്കാറുള്ളതാണല്ലോ അതിന് നിങ്ങളുടെ അകമഴിഞ്ഞ സഹകരണം ഉണ്ടാകണം. അന്നേ ദിവസം ലഭിക്കുന്ന സംഭാവന താമസിയാതെ രൂപതാ ഓഫീസിൽ ഏൽപ്പിക്കുമല്ലോ.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2010 മെയ് 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2010 ജൂൺ മാസം 6-ാം തീയതി ഞായറാഴ്ച പള്ളികളിൽ വായിക്കേണ്ടതാണ്.**

# ബൈബിൾ ഞായർ-2010

*"ആഴം ആഴത്തെ വിളിക്കുന്നു" (സങ്കീ 42:7)*



## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ചെയർമാൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുക്രിസ്തുവിൽ പ്രിയരേ,

വരുന്ന ഞായറാഴ്ച (ജൂൺ 20) കേരള സഭ ബൈബിൾ ഞായറായി ആഘോഷിക്കുകയാണ്. അതിനുള്ള ഒരുക്കമായി ബൈബിൾവാരം ഇന്ന് നാം ആരംഭിക്കുന്നു. നിങ്ങൾക്കേവർക്കും ഈ ആഴ്ച അനുഗ്രഹം നിറഞ്ഞതായിരിക്കട്ടെ എന്നാശംസിക്കുന്നു.

ക്രൈസ്തവർക്കിടയിൽ ഏറെ പ്രചാരമുള്ള പദമാണ് 'വചനം' എന്നത്. ബൈബിളിനെയും ബൈബിൾ സംബന്ധിയായ പ്രഘോഷണങ്ങളെയുമെല്ലാം 'വചനം' എന്നാണല്ലോ നാം വിളിക്കുന്നത്. ഗ്രീക്കു ഭാഷയിൽ സുവിശേഷകന്മാർ 'ലോഗോസ്' എന്ന പദമാണ് അതിനായി ഉപയോഗിച്ചിരിക്കുന്നത്. ഈ പദത്തിനു സമാനമായ ഒരു വാക്ക് നമുക്കറിയാം - 'ഡയലോക്'. 'ദിയ' എന്ന വിഭക്തിപ്രത്യയം 'ലോഗോസി'നോട് ചേർന്ന് ഗ്രീക്കിൽ രൂപം കൊണ്ടിട്ടുള്ള ദിയലോഗോസ് എന്ന പദത്തിൽനിന്നാണ് 'ഡയലോഗ്' എന്ന ആംഗലേയപദത്തിന്റെ ഉത്ഭവം. മാധ്യമങ്ങളിൽ നിറയുന്ന ചർച്ചകളും സംവാദങ്ങളും താത്പര്യത്തോടെ വീക്ഷിക്കുന്നവരാണ് നാം. രാഷ്ട്രങ്ങൾ തമ്മിൽ ഡയലോഗ് നടക്കാൻ പലതരം വേദികൾ ഇന്നുണ്ട്. കുടുംബത്തിൽ ഡയലോഗിന്റെ പ്രസക്തിയെക്കുറിച്ചു നാം കൂടുതൽ കൂടുതൽ ബോധവാന്മാരായിവരികയാണ്. പരസ്പരധാരണയും സമ്യക്കായ വീക്ഷണവും രൂപപ്പെടുത്താൻ ഡയലോഗ് സഹായിക്കുന്നു. മാനുഷികബന്ധങ്ങളിലെ ഡയലോഗിന്റെ പ്രസക്തി ഏവർക്കും അറിയാം. എന്നാൽ ദൈവ-മനുഷ്യ ബന്ധത്തിലെ ഡയലോഗിനെക്കുറിച്ച് നാം അത്ര ബോധവാന്മാരല്ലതന്നെ. യഥാർത്ഥത്തിൽ, 'വചനത്തിലൂടെ' ('ദിയ-ലോഗോസ്') സംഭവിക്കുന്നത് സംവാദമാണ്. പാരസ്പര്യത്തിന്റെ അതിശ്രേഷ്ഠ ഭാവങ്ങൾ വചനത്തിൽ അടങ്ങിയിരിക്കുന്നു.

സൃഷ്ടിപോലും വചനത്തിലൂടെയാണു സംഭവിച്ചത് എന്ന് ഉത്പത്തി ഗ്രന്ഥകാരൻ സമർത്ഥിക്കുമ്പോൾ വചനത്തിന്റെ സർഗാത്മക സംവേദനക്ഷമതയാണ് വെളിപ്പെടുന്നത്. വചനത്തിലൂടെ സൃഷ്ടിക്കപ്പെട്ട ആകാശം ദൈവമഹത്വം പ്രഘോഷിക്കുന്നു എന്ന് 19-ാം സങ്കീർത്തനം സ്ഥാപിക്കുമ്പോൾ വചനത്തിന്റെ ഈ സംവേദനക്ഷമതയ്ക്ക് പകർച്ചയുടെ സ്വഭാവം കൂടിയുണ്ട് എന്നു വരുന്നു. ഡയലോഗിലൂടെ ലോഗോസ് സൃഷ്ടപ്രപഞ്ചത്തെ ശക്തീകരിക്കുന്നു. - തുടർ ഡയലോഗ് ഏറ്റെടുക്കാൻ. വേറൊരു വിധത്തിൽ പറഞ്ഞാൽ, സൃഷ്ടികളിലൂടെ ലോഗോസ് തന്റെ ഡയലോഗ് തുടരുന്നു. ഈയർത്ഥമാണ് ഈ വർഷത്തെ ബൈബിൾ ഞായറിന്റെ വിചിന്തന വചനമായ സങ്കീ. 42:7 പ്രകാശിപ്പിക്കുന്നത്: "അങ്ങയുടെ വെള്ളച്ചാട്ടങ്ങളുടെ ഇരമ്പലുകൾകൊണ്ട് ആഴം ആഴത്തെ വിളിക്കുന്നു". "നീർച്ചാലുതേടുന്ന മാൻപേടയെപ്പോലെ, ദൈവമേ, എന്റെ ഹൃദയം അങ്ങയെ തേടുന്നു" എന്നാലപിച്ചുകൊണ്ട് ആരംഭിക്കുന്ന സങ്കീർത്തകൻ പ്രപഞ്ചത്തിലൂടെ തന്നെ വിളിക്കുന്ന ദൈവത്തെ തിരിച്ചറിഞ്ഞു പാടുന്നതാണ് പ്രസ്തുത വാക്യം. ഡയലോഗു നടക്കുന്നത് ആഴവും ആഴവും തമ്മിലാണത്രേ. എന്താണ് ഈ ആദ്യത്തെ ആഴം? അത് ദൈവം തന്നെയായിരിക്കണം. രണ്ടാമത്തെ ആഴമോ, മനുഷ്യനും. ആഴം തന്നെയായ ദൈവം ആഴം തന്നെയായ മനുഷ്യനെ പ്രപഞ്ചത്തിലൂടെ ആഴബോധ്യത്തിലേക്ക് ക്ഷണിക്കുന്നു എന്നു ചുരുക്കം. ഉപരിപ്ലവതകൾ വെടിഞ്ഞ് സ്വന്തം ആഴം തിരിച്ചറിഞ്ഞ് സത്താസാക്ഷാത്കാരം നേടാനുള്ള ക്ഷണമാണത്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനെ ദൈവത്തെ വിശേഷിപ്പിക്കാനുപയോഗിച്ച "ആഴം" (ത്ഹോം) എന്ന അതേ പദംകൊണ്ട് സങ്കീർത്തകൻ വിശേഷിപ്പിക്കുന്നത് തികച്ചും യുക്തിഭദ്രമാണല്ലോ.

പ്രപഞ്ചം ഡയലോഗിന്റെ മാധ്യമമായി മാറിയത് ദൈവവചനത്തിന്റെ സൃഷ്ടിപരതകൊണ്ടു മാത്രമല്ല, പ്രബോധനപരത കൊണ്ടു കൂടിയാണ്. ദൈവവചനത്തെ "തോറ" എന്ന് പഴയനിയമം വിശേഷിപ്പിക്കുന്നു. "നിയമം" എന്നാണ് പൊതുവേ അതിനെ പരിഭാഷപ്പെടുത്താറ്. എന്നാൽ ഈ പരിഭാഷ അത്ര കൃത്യമല്ല. 'പ്രബോധനം' അഥവാ 'പഠിപ്പിക്കൽ' ആണ് 'തോറ'. ദൈവമാകുന്ന ഗുരുവിനു കീഴിൽ ശിഷ്യപ്പെട്ടിരിക്കുകയാണത്രേ പ്രപഞ്ചം. അതിനാലാണ് പ്രപഞ്ചം എല്ലാം

കൃത്യമായും ക്രമമായും ചെയ്യുന്നത്. 19-ാം സങ്കീർത്തനത്തിന്റെ ആദ്യ ഭാഗം - അതായത് 1 മുതൽ 6 വരെ വാക്യങ്ങൾ - ഈ സത്യമാണു വിളിച്ചോതുന്നത്. 7 മുതൽ 10 വരെയുള്ള വാക്യങ്ങളിൽ തോറയെ പേർത്തും പേർത്തും കീർത്തിച്ചശേഷം 11 മുതൽ 14 വരെയുള്ള വാക്യങ്ങളിൽ സങ്കീർത്തകൻ ഒരു ആത്മപരിശോധന നടത്തുകയാണ്: പ്രപഞ്ചം ദൈവഗുരുവിന്റെ പ്രബോധനത്തോട് കൃത്യമായും സർഗ്ഗാത്മകമായും പ്രതികരിക്കുന്നുണ്ട്. എന്നാൽ മനുഷ്യനായ താൻ ഇക്കാര്യത്തിൽ അറിഞ്ഞും അറിയാതെയും പലപ്പോഴും പരാജയപ്പെടുന്നു. ആഴം ആഴത്തെ വിളിക്കുമ്പോഴും മനുഷ്യൻ ഉപരിപ്ലവതകളിൽ കുടുങ്ങി ലോഗോസിനോട് ഡയലോഗ് ചെയ്യാൻ കെല്പില്ലാത്തവനായി മാറുന്നു.

മോശയിലൂടെയും പ്രവാചകരിലൂടെയും വചനം മനുഷ്യനു മുന്നിലുയർത്തിയ വെല്ലുവിളി യഥാർത്ഥത്തിൽ മനുഷ്യന് തന്റെ ആഴങ്ങളിലേയ്ക്കുള്ള ദൈവത്തിന്റെ ക്ഷണക്കത്തായിരുന്നു. പക്ഷേ, പലപ്പോഴും വചനവാഹകൻ തിരസ്കരിക്കപ്പെട്ടു, അവഹേളിക്കപ്പെട്ടു. ആമോസ് പ്രവാചകൻ ബഥേലിൽ പ്രവചിക്കുന്നതിൽനിന്ന് വിലക്കപ്പെട്ടു (ആമോസ് 7:12-13). "നിങ്ങളുടെ വലിയ അപരാധവും വിദ്വേഷവും നിമിത്തം പ്രവാചകൻ നിങ്ങൾക്കു വിഡ്ഢിയായി; ആത്മാവാൽ പ്രചോദിതനായവൻ ഭ്രാന്തനായി" എന്ന് ഹോസിയാ പ്രവാചകൻ വിലപിച്ചു (ഹോസി 9:7). ജറെമിയാ പ്രവാചകനാകട്ടെ, കിണറ്റിലേക്കെറിയപ്പെട്ടു (ജെറ 38:6). ഡയലോഗിനായുള്ള ദൈവവചനത്തിന്റെ ക്ഷണത്തോടുള്ള മറുതലിപ്പാണ് ഈ സംഭവങ്ങളിലെല്ലാം തെളിയുന്നത്. ഉപരിപ്ലവതയിൽ ക്ഷണികതയും വികാരവിജൃംഭണങ്ങളും ബഹളങ്ങളും നിഷേധങ്ങളുമേയുള്ളൂ; ശാന്തതയില്ല, ആലോചനയില്ല, പദ്ധതിയിടലുമില്ല. പ്രവാചക വചനങ്ങളിൽ സ്വന്തം ആഴങ്ങൾ തിരിച്ചറിഞ്ഞ മനുഷ്യരാകട്ടെ, അദ്ഭുതകരമായ ആഴങ്ങൾ സ്വന്തമാക്കി. ഹെസക്കിയാ രാജാവും ജോസിയാ രാജാവും നിനവേ നിവാസികളും സ്നാപകനിൽനിന്ന് മാമ്മോദീസ സ്വീകരിച്ചവരും എല്ലാം പ്രവാചകരിലൂടെ തങ്ങളുടെ ആഴത്തെ വിളിക്കുന്ന ദൈവത്തിന്റെ ആഴം തിരിച്ചറിഞ്ഞവരാണ്.

ആഴം ആഴത്തെ വിളിക്കുന്നതിന്റെ ഏറ്റവും ശ്രേഷ്ഠമായ ദൃശ്യം നാം കാണുന്നത് കർത്താവായ യേശുക്രിസ്തുവിലാണ്. ആദിയിൽ വചനമായിരുന്ന ദൈവം മാംസം ധരിച്ച് നമ്മുടെ ഇടയിൽ വസിച്ചു. നമ്മുടെ ഇടയിലെ ലോഗോസിന്റെ വാസം ഡയലോഗിനു നമ്മെ പ്രാപ്തരാക്കാൻ

വേണ്ടിത്തന്നെയായിരുന്നു. "തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവു നൽകി" (യോഹ. 1:12). നഷ്ടപ്പെട്ടുപോയ ആഴം മനുഷ്യന് തിരികെ കിട്ടിയത് വചനം മാംസം ധരിച്ചവനായ യേശുക്രിസ്തുവിലാണ്. ദൈവത്തിന്റെ പ്രബോധനം അതിന്റെ തികവിലും നിറവിലുമെത്തിയത് കർത്താവായ യേശുക്രിസ്തുവിലാണ്. നിയമത്തെയും പ്രവാചകന്മാരെയും പൂർത്തിയാക്കാനെത്തിയവനാണ് ക്രിസ്തു (മത്താ 5:17). അതിനാൽ അവിടന്ന് മലയിലെ പ്രസംഗത്തിൽ ആറുപ്രാവശ്യം ആവർത്തിച്ചു പറഞ്ഞു: "ഇങ്ങനെ പറയപ്പെട്ടത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ.... എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു" (മത്താ 5:21-22; 27-18; 31-32; 33-34; 38-39; 43-44). യേശുക്രിസ്തുവിലാണ് മനുഷ്യനു പ്രായപൂർത്തിയായത്. നൈയാമികനീതിയെ അതിശയിക്കുന്ന ദൈവികനീതിയിലേക്കുള്ള ക്ഷണം ക്രിസ്തുവിലാണ് മനുഷ്യനു വ്യക്തമായി ലഭിച്ചത് (മത്താ.5:20). "ക്രിസ്തുവിന്റെ പരിപൂർണ്ണതയുടെ അളവനുസരിച്ചു പക്വതയാർന്ന മനുഷ്യരായി" (എഫേ.4:13) ത്തീരുമ്പോഴാണ് ദൈവത്തിന്റെ വിളിയും മനുഷ്യന്റെ സമ്പൂർണ്ണ സാക്ഷാത്കാരം നേടുന്നത്.

ഇന്ന് ആഴത്തിന്റെ വിളി നാം കേൾക്കുന്നത് വിശുദ്ധഗ്രന്ഥത്തിലൂടെയും വിശുദ്ധ പാരമ്പര്യത്തിലൂടെയുമാണ്. കേരളസഭ ബൈബിൾ മേഖലയിൽ ഏറെ പുരോഗമിച്ചിട്ടുണ്ട്. P.O.C. ബൈബിളിന്റെ ശ്രവ്യരൂപവും ഇന്റർനെറ്റ് രൂപവും ഇന്ന് നമുക്കു ലഭ്യമാണ്. (www.keralabiblesociety.com;www.pocbible.com) നാലര ലക്ഷത്തോളംപേർ പങ്കെടുക്കുന്ന ലോഗോസ് ക്വിസ് ആഗോളതലത്തിൽതന്നെ അതുല്യസ്ഥാനം നേടിക്കഴിഞ്ഞു. ലോഗോസ് ക്വിസിനെ ഹൃദയത്തിലേറ്റുവാങ്ങി ഗിന്നസ്ബുക്കിന്റെ പടിവാതില്ക്കലെത്തിച്ച നിങ്ങൾക്കോരോരുത്തർക്കും എന്റെ ഹൃദയം നിറഞ്ഞ അനുമോദനങ്ങൾ. K.C.B.C. ബൈബിൾ കമ്മീഷൻ സംഘടിപ്പിച്ചിട്ടുള്ള ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ ആയിരങ്ങൾ പങ്കെടുക്കുന്നുണ്ടെങ്കിലും വീട്ടിലിരുന്ന് ബൈബിൾ പഠിക്കാൻ അനേകായിരങ്ങൾ ഇനിയും പേരു രജിസ്റ്റർ ചെയ്യേണ്ടിയിരിക്കുന്നു. എല്ലാ ബുധനാഴ്ചയും പാലാരിവട്ടം P.O.C. യിൽ നടത്തപ്പെടുന്ന സായാഹ്നബൈബിൾ ക്ലാസിൽ നൂറുകണക്കിനുപേർ പങ്കെടുക്കുന്നുണ്ട്. ഹീബ്രു, ഗ്രീക്ക് എന്നീ ബൈബിൾ ഭാഷകൾ പഠിക്കാനുള്ള അവസരവും ഈ ക്ലാസിനോടുകൂടെ ഒരുക്കി

യിട്ടുണ്ട്. സമാനമായ ബൈബിൾക്ലാസുകൾ കേരളത്തിലെ വ്യത്യസ്ത സ്ഥലങ്ങളിൽ നടക്കുന്നുണ്ട്. ഇനിയും ഏറെപ്പേർ അവയിൽ പങ്കെടുത്ത് വചനം പഠിക്കാൻ മുന്നോട്ടുവരേണ്ടതായുണ്ട്. വിശുദ്ധഗ്രന്ഥത്തിൽ ആഴമായ ജ്ഞാനം നേടിയ ബൈബിൾപണ്ഡിതന്മാരുടെ നിറഞ്ഞ സാന്നിധ്യത്താൽ അനുഗ്രഹീതയാണ് കേരളസഭ. ബൈബിൾവിജ്ഞാനീയത്തിൽ ഓരോ വർഷവും മലയാളത്തിൽ പ്രസിദ്ധീകൃതമാകുന്ന ഗ്രന്ഥങ്ങളുടെ കണക്കെടുത്താൽത്തന്നെ ഈ യാഥാർത്ഥ്യം ബോധ്യമാവുന്നതാണ്. ഇവരുടെ കൂട്ടായ യത്നങ്ങൾ തീർച്ചയായും നമുക്ക് വലിയ മുതൽക്കൂട്ടായിരിക്കും. അവരെ പ്രാർത്ഥനകൾകൊണ്ടും ഗ്രന്ഥങ്ങൾ വാങ്ങിച്ചുകൊണ്ടും പ്രോത്സാഹിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണ്. ഒപ്പം, മാധ്യമമേഖലയിൽ പ്രവർത്തിക്കുന്ന കലാകാരന്മാരെയും കലാകാരികളെയും നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം. ദൈവവചനം ആകർഷകമായ രീതിയിൽ സമൂഹത്തിലെത്തിക്കാൻ കൂടുതൽ ആഴമേറിയ ചിന്തകളും നടപടികളും അവരിൽ നിന്നുണ്ടാകട്ടെ. കേരളസഭയുടെ ബൈബിൾ പ്രേഷിതത്വത്തിൽ നേരിട്ടു പങ്കെടുക്കാൻ വ്യക്തിപരമായും കൂട്ടായും ഏവർക്കും കഴിയും. ഇതിനുള്ള ആദ്യപടി കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയിൽ അംഗങ്ങളാകുക എന്നതാണ്. ഇന്നുമുതൽ ജൂലൈ 13-ാം തീയതി വരെ നാം തീവ്രഅംഗത്വശേഖരണ ദിനങ്ങളായി ആചരിക്കുകയാണ്. 500 രൂപ മുതൽ മുകളിലേക്കുള്ള തുക അടച്ച് ആജീവനാന്ത അംഗത്വം നേടുന്നവർക്ക് കേരളസഭയിലെ ബൈബിൾ പ്രേഷിതത്വത്തിന്റെ ഓരോ ചുവടുവയ്പിലും ജനറൽ ബോഡിയംഗം എന്ന നിലയിലും തിരഞ്ഞെടുക്കപ്പെടുന്നവർക്ക് എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം, മാനേജിംഗ് കൗൺസിൽ അംഗം എന്നീ നിലകളിലും നിർദ്ദേശങ്ങൾ വഴിയും സഹകരണംവഴിയും പ്രചാരണം വഴിയും ഭാഗഭാക്കുകളാകാൻ കഴിയും. സൊസൈറ്റി അംഗങ്ങളെല്ലാവരും ഈ വരുന്ന ജൂലൈ 17-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് പാലാരിവട്ടം P.O.C. യിൽ വച്ചു ചേരുന്ന വാർഷികപൊതുയോഗത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഈ വർഷം നാം ബൈബിൾ ഞായർ കൊണ്ടാടുമ്പോൾ ബൈബിൾ മേഖലയിൽ ആഴം ആഴത്തെ വിളിക്കുന്നു എന്ന വലിയ യാഥാർത്ഥ്യം നമുക്ക് ഉൾക്കൊള്ളാം. ബൈബിൾ ഞായറിനോടനുബന്ധിച്ച് ബൈബിൾ ശുശ്രൂഷ, പ്രഭാഷണങ്ങൾ, റാലി, ക്ലാസുകൾ,

കലാസാഹിത്യമത്സരങ്ങൾ, പ്രദർശനങ്ങൾ, വീടുകളിൽ ബൈബിൾ പ്രതിഷ്ഠകൾ തുടങ്ങിയവ സംഘടിപ്പിക്കാവുന്നതാണ്. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പസ്തോലേറ്റിനും വേണ്ടി ബൈബിൾ ഞായറാഴ്ച ഓരോ ഇടവകയിലും നടത്തുന്ന പിരിവ് രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതതു രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാരോട് കൂടുതൽ സഹകരിച്ച് ബൈബിൾ പ്രേഷിതത്വം കൂടുതൽ ഊർജ്ജസ്വലമാക്കാൻ ഏവരും തയ്യാറാകണമെന്ന് ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുകയാണ്. ആഴം ആഴത്തെ വിളിക്കുന്നു. ബൈബിൾ പ്രേഷിതത്വത്തിൽ ആഴപ്പെടാൻ വചനം തന്നെയായ ദൈവം നമ്മെ ഏവരെയും അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

പി.ഒ.സി. കൊച്ചി — **ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ**

17-4-2010 — ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

---

**NB:- ഈ സർക്കുലർ ജൂൺ 13-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ കേരളത്തിലെ എല്ലാ കത്തോലിക്കാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കണമെന്ന് താത്പര്യപ്പെടുന്നു.**

# സർക്കുലർ

***Circular Letter No. 7/2010***
***Prot. No. 9567/2010***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത പുതിയ പ്രവർത്തന വർഷത്തിലേയ്ക്ക് പ്രവേശിക്കുകയാണല്ലൊ. ഈയവസരത്തിൽ പ്രവർത്തനങ്ങൾക്ക് ഇടയനടുത്ത ആശീർവ്വാദവും പ്രവർത്തന വിജയവും ഞാൻ ഏവർക്കും നേരുകയാണ്. ഇത്തരുണത്തിൽ കഴിഞ്ഞ പ്രവർത്തന വർഷത്തെ രൂപതാ സമിതിയെ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും അവർക്ക് നന്ദി പറയുകയും ചെയ്യുന്നു. കഴിഞ്ഞ മൂന്നുവർഷങ്ങളിൽ ത്യാഗോജ്ജ്വലമായ നേതൃത്വത്തിലൂടെ രൂപതാ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് സംസ്ഥാനതലത്തിൽ ഒന്നാമതെത്തിച്ചതിന്റെ പിന്നിൽ പ്രവർത്തിച്ച രൂപതാ, മേഖലാ, ശാഖാ ഭാരവാഹികളെയും മുഴുവൻ പ്രവർത്തകരെയും അഭിനന്ദിക്കുന്നു.

പ്രേഷിതപ്രവർത്തനം, വ്യക്തിത്വ വികസനം എന്നീ ലക്ഷ്യങ്ങൾക്ക് വേണ്ടി യത്നിക്കുന്ന മിഷൻലീഗിന്റെ മുഴുവൻ പ്രവർത്തകർക്കും നേതൃത്വം നൽകാൻ പുതുതായി തിരഞ്ഞെടുക്കപ്പെട്ട രൂപതാ ഭരണ സമിതിക്ക് എല്ലാവിധ പ്രവർത്തന വിജയങ്ങളും ആശംസിക്കുന്നു. കാലഘട്ടത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കി ധീരതയോടെ സംഘടനയെ നയിക്കാൻ നിങ്ങൾക്കാകട്ടെയെന്ന് ആശംസിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുന്നു. പുതിയ വർഷത്തിൽ തിരഞ്ഞെടുക്കപ്പെടാൻ പോകുന്ന മേഖലാ, ശാഖാ ഭാരവാഹികൾക്കും മുഴുവൻ അംഗങ്ങൾക്കും പ്രവർത്തനവിജയങ്ങൾ നേരാനും ഈ അവസരം ഞാൻ വിനിയോഗിക്കുന്നു.

മിഷൻലീഗ് സംഘടന കുട്ടികൾക്കുവേണ്ടി മാത്രമുള്ള ഒരു സംഘടനയല്ല, മുതിർന്നവർക്കുംകൂടി വേണ്ടിയുള്ളതാണ്. കാരണം സംഘടനയുടെ ലക്ഷ്യംതന്നെ അത് സൂചിപ്പിക്കുന്നു. പ്രേഷിത

പ്രവർത്തനം നടത്തുക എന്നത് ഏതൊരു കത്തോലിക്കന്റെയും ചുമതലയാണ്. ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത് എന്നുള്ള തിരുവചനമാണ് ഇതിന്റെ അടിസ്ഥാനം. ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കാനുള്ള യേശുവിന്റെ ഉപദേശത്തെ അറിവുകൊണ്ടും അനുഭവം കൊണ്ടും നിറവേറ്റാൻ നാമെല്ലാവരും കടപ്പെട്ടവരാണ്.

മാത്രമല്ല, കുട്ടികൾക്ക് നേതൃത്വം നൽകാൻ കുട്ടികളെക്കൊണ്ട് സാധിക്കുകയുമില്ല. അതിന് മുതിർന്നവർ തന്നെ വരണം. അതുകൊണ്ട് ഈ വർഷത്തെ ശാഖാതിരഞ്ഞെടുപ്പുകൾ നടത്തുമ്പോൾ ഭരണ സമിതിയിലേക്ക് താൽപര്യമുള്ള മുതിർന്നവരെക്കൂടി ഉൾപ്പെടുത്താൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലൊ. മുതിർന്നവരോട് സംഘടനാ പ്രവർത്തന രംഗത്ത് മുന്നോട്ട് വരണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

മിഷൻലീഗിന്റെ അടിസ്ഥാന ഘടകം 7 പേരുടെ ഗ്രൂപ്പാണ്. ആ ഗ്രൂപ്പിനു നേതൃത്വം നൽകാൻ ഒരു ലീഡർ ഉണ്ടാവും. ബാക്കിയുള്ള 6 പേരെയും കൂട്ടിയിണക്കി കൊച്ചു കൊച്ചു പ്രവർത്തനങ്ങൾ നടത്താനും മാനുവൽ ബുക്ക് പൂരിപ്പിക്കാനുമൊക്കെ ആ ലീഡറിന് കഴിയും. ഇന്ന് നാമഭിമുഖീകരിക്കുന്ന വലിയ ഒരു പ്രശ്നം നമ്മുടെ സമുദായത്തിൽ നിന്നും പൊതുപ്രവർത്തനത്തിനായി മുന്നോട്ടു വരാൻ ആളില്ല എന്നതാണ്. അതിന്റെ കാരണം നമുക്ക് നേതാക്കന്മാരെ വാർത്തെടുക്കാൻ കഴിഞ്ഞില്ല എന്നതാണ്. അതുകൊണ്ട് കുട്ടികളായിരിക്കുമ്പോൾതന്നെ നല്ല നേതാക്കന്മാരാകാൻ പരിശീലനം കൊടുക്കേണ്ടതുണ്ട്. ഓരോ ഇടവകയിലും 10 ഉം 20 ഉം ഒക്കെ ഗ്രൂപ്പ് ലീഡർമാർ ഉണ്ടാവും. അവരെ ഒരുമിച്ചുകൂട്ടി നേതൃത്വ പരിശീലനം, പ്രസംഗപരിശീലനം എന്നിങ്ങനെയുള്ള പരിപാടികൾ നാം ആസൂത്രണം ചെയ്യേണ്ടതാണ്.

മാത്രമല്ല, കക്ഷി രാഷ്ട്രീയത്തിന്റെയും മറ്റും അതിപ്രസരം ഇപ്പോൾ കുട്ടികളെ തെറ്റായ ദിശയിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കുകയാണ്. പല പേരുകളിൽ കുട്ടികൾക്ക് ക്യാമ്പുകളും സെമിനാറുകളും നടത്തി തങ്ങളുടെ സ്വാധീനം ഉറപ്പാക്കുമ്പോൾ നമുക്ക് നഷ്ടമാകുന്നത് ഭാവി തലമുറയെയാണ് എന്നോർക്കണം. മിഷൻലീഗിന്റെ നേതൃത്വത്തിൽ നടക്കുന്ന ക്യാമ്പുകളിലും സെമിനാറുകളിലും പങ്കെടുക്കാൻ കുട്ടികളെ സ്നേഹപൂർവ്വം നിർബന്ധിക്കുകതന്നെ വേണം. ശാഖാ ക്യാമ്പുകൾ, സെമിനാറുകൾ, ചർച്ചാക്ലാസുകൾ, സ്റ്റഡി ടൂറുകൾ എന്നിവ സംഘടിപ്പിക്കാൻ താൽപര്യമെടുക്കണം.

ഈ വർഷം മിഷൻലീഗ് സംസ്ഥാന സമിതി മാധ്യമ വർഷമായി ആചരിക്കുകയാണ്. അതിനോട് ചേർന്ന് മാനന്തവാടി രൂപതാ ഘടകവും മാധ്യമവർഷമായി ആചരിക്കുന്നു. മാധ്യമങ്ങൾക്ക് ഇന്നത്തെ സമൂഹത്തിൽ വലിയ സ്വാധീനമാണുള്ളത് എന്നതിൽ സംശയമില്ല. മാധ്യമങ്ങളെക്കുറിച്ച് സെമിനാറുകളും ക്ലാസുകളും ചർച്ചകളും സംഘടിപ്പിക്കാൻ ശാഖാ നേതൃത്വം ശ്രദ്ധിക്കുമല്ലൊ. രൂപതാ നേതൃത്വത്തിൽ നടത്തുന്ന ശാഖാ സെമിനാറുകൾ എല്ലാ ശാഖകളിലും നടത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

മാധ്യമ വർഷത്തിന്റെ ഭാഗമായി നമ്മുടെ രൂപതയിലെ മുഴുവൻ ശാഖകൾക്കും റേഡിയോ മാറ്റൊലിയിൽ പരിപാടികൾ അവതരിപ്പിക്കാൻ അവസരമുണ്ടായിരിക്കുന്നതാണ്. റേഡിയോ മാറ്റൊലിയുടെ നേതൃത്വവുമായി ആലോചിച്ച് മുൻകൂട്ടി തയ്യാറാക്കിയ പ്രോഗ്രാമുകൾ മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുള്ളപ്രകാരം അതാത് ദിവസങ്ങളിൽ സംപ്രേഷണം ചെയ്യാൻ സാധിക്കും. കുട്ടികൾക്കും മുതിർന്നവർക്കും സ്റ്റുഡിയോ നേരിട്ട് കാണാനും പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കാനുമൊക്കെ ഈ അവസരം പൂർണ്ണമായി പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മിപ്പിക്കുന്നു. ഭാരതത്തിൽ ആദ്യമായി ഈ രൂപത തുടങ്ങിയ കമ്മ്യൂണിറ്റി റേഡിയോ സംപ്രേഷണം ഇന്ന് വയനാട്ടിൽ പരക്കെ സ്വാഗതം ചെയ്യപ്പെട്ടു കഴിഞ്ഞു എന്ന കാര്യം നിസ്തർക്കമാണ്. പൊതുജനോപകാരപ്രദമായ പരിപാടികൾ അവതരിപ്പിച്ച് പ്രസക്തി നേടിയ നമ്മുടെ റേഡിയോയിലൂടെ നമ്മുടെ കുട്ടികൾ വളരട്ടെ. ജോ.ഡയറക്ടർ സിസ്റ്റേഴ്സിന്റെയും മതാധ്യാപകരുടെയും പൂർണ്ണ പിന്തുണ ഇതിനുണ്ടാകേണ്ടതാണ്.

വിശ്വാസ പരിശീലന രംഗത്ത് വളരെ നിർണ്ണായക സ്ഥാനമാണ് മിഷൻലീഗിനുള്ളത്. മതപഠനത്തിലൂടെ ലഭിക്കുന്ന ബോധ്യങ്ങൾ പ്രവർത്തന തലത്തിലേയ്ക്ക് എത്തിക്കുന്ന വേദിയാണ് മിഷൻലീഗ്. അതുകൊണ്ടുതന്നെ മതാധ്യാപകർ മിഷൻലീഗിന്റെ പ്രവർത്തനങ്ങളിൽ സജീവസാന്നിദ്ധ്യമാകേണ്ടതാണ്. മിഷൻലീഗിന്റെ പ്രവർത്തനങ്ങളിൽ വേണ്ടത്ര സഹകരിച്ചുകൊണ്ട് മതാധ്യാപകർ ഈ ദൗത്യം നിർവ്വഹിക്കണമെന്ന് എല്ലാ മതാധ്യാപകരോടും ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ഗ്രൂപ്പ് മീറ്റിംഗുകൾക്കും മാനുവൽ ബുക്ക് പൂരിപ്പിക്കലിനും ഹൗസ് മീറ്റിംഗുകൾക്കും മതാധ്യാപകർ തന്നെ നേതൃത്വം

കൊടുക്കുന്നത് ഉചിതമായിരിക്കും. ഭാവിയിലെ നേതാക്കന്മാരെ ആ ഗ്രൂപ്പിൽ നിന്നുതന്നെ വളർത്താൻ ഇതുപകരിക്കും.

ഈ വർഷം മിഷൻലീഗിന്റെ സംസ്ഥാന വാർഷികം ഡിസംബർ 11-ാം തീയതി ശനിയാഴ്ച മാനന്തവാടിയിൽ വച്ച് നടക്കുകയാണ്. വാർഷികത്തോടനുബന്ധിച്ച് പൊതുസമ്മേളനവും പ്രേഷിതറാലിയും ഉണ്ടായിരിക്കുന്നതാണ്. റാലിയിലേയ്ക്ക് മിഷൻലീഗിലുള്ളവർ മാത്രമല്ല യുവജനങ്ങളും മുതിർന്നവരുമടക്കം എല്ലാവരെയുമാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാന വാർഷികത്തിന് വേണ്ട ക്രമീകരണങ്ങൾ രൂപതാ, മേഖലാ, ശാഖാ തലങ്ങളിൽ മുൻകൂട്ടി ചെയ്യണമെന്ന് താൽപര്യപ്പെടുന്നു.

നിങ്ങൾക്കേവർക്കും കർമ്മനിരതവും ഫലദായകവുമായ പ്രവർത്തനവർഷം ആശംസിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2010 മെയ് 20-ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2010 ജൂൺ മാസം 20-ാം തീയതി ഞായറാഴ്ച പള്ളികളിൽ വായിക്കേണ്ടതാണ്.**

# യുവജനദിനം - 2010

**കെ.സി.ബി.സി. യുവജന കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

*"യുവജനങ്ങളേ, ഞാൻ നിങ്ങൾക്ക് എഴുതിയിരിക്കുന്നു. എന്തെന്നാൽ നിങ്ങൾ ശക്തന്മാരാണ്. ദൈവത്തിന്റെ വചനം നിങ്ങളിൽ വസിക്കുന്നു; നിങ്ങൾ ദുഷ്ടനെ ജയിക്കുകയും ചെയ്തിരിക്കുന്നു" (1യോഹ. 1:14).*

വാത്സല്യമുള്ള സഹോദരങ്ങളേ,

നിത്യയുവാവായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്കെല്ലാവർക്കും യുവജനദിനത്തിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു. ജൂലൈ 4-നാണ് കേരളസഭ ഈ വർഷം യുവജനദിനമായി ആചരിക്കുന്നത്. "നമുക്കും അവനോടൊപ്പം പോയി രക്തസാക്ഷിത്വം വരിക്കാം" എന്ന് ഉദ്ഘോഷിച്ച ഭാരതത്തിന്റെ അപ്പസ്തോലനായ മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാളിനുശേഷം വരുന്ന ഞായറാഴ്ചയാണ് കേരളസഭ യുവജനദിനമായി ആചരിച്ചുവരുന്നത്. വളരെ പ്രതീക്ഷയോടും താൽപര്യത്തോടും സ്നേഹത്തോടുംകൂടെ യുവജനങ്ങളെ നോക്കികാണുന്നതുകൊണ്ട് യുവജനശുശ്രൂഷയ്ക്ക് വലിയ പ്രാധാന്യം തിരുസ്സഭ നൽകുന്നു. ഈ അവസരത്തിൽ ധ്യാനാത്മകമായി പരിചിന്തനം ചെയ്യുവാനും ഫലവത്തായി പ്രവൃത്തിപഥത്തിലെത്തിക്കുവാനുമായി വളരെ പ്രധാനപ്പെട്ട ചില ആശയങ്ങൾ ഞാൻ നിങ്ങളോട് പങ്കുവയ്ക്കുകയാണ്.

ഈ വർഷത്തെ യുവജനദിനാഘോഷവേളയിൽ രണ്ടു പ്രത്യേക കാര്യങ്ങൾ ശ്രദ്ധേയമാണ്. ഒന്ന്, ലോകയുവജന ദിനാചരണത്തിന്റെ രജതജൂബിലി വർഷമാണിത്. 1986-ലാണ് ഭാഗ്യസ്മരണാർഹനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ലോക യുവജനദിനാചരണത്തിനു തുടക്കം കുറിച്ചത്. ലോകയുവജനദിനം ഓശാന ഞായറാഴ്ചയാണ് ആചരിച്ചുവരുന്നത്. കൂടാതെ മൂന്ന് വർഷത്തിലൊരിക്കൽ ഇത് അന്താരാഷ്ട്രതലത്തിൽ വിവിധ പരിപാടികളോടെ സാഘോഷം നടത്തിവരു

ന്നുമുണ്ട്. അന്തർദേശീയ സമ്മേളനങ്ങളിൽ എല്ലായിടത്തും മാർപാപ്പ പങ്കെടുക്കാറുണ്ട്. സ്പെയിനിലെ മാഡ്രിഡിൽവച്ച് 2011 ആഗസ്റ്റ് മാസത്തിലാണ് അടുത്ത ലോകയുവജനദിന സമ്മേളനം നടക്കുന്നത്.

ഇരുപത്തഞ്ചാം ലോകയുവജന ദിനത്തോടനുബന്ധിച്ച് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ പ്രത്യേക സന്ദേശം പുറത്തിറക്കിയിട്ടുണ്ട്. ഇരുപത്തഞ്ചു വർഷങ്ങൾക്കു മുമ്പ് അന്താരാഷ്ട്ര യുവജനവർഷത്തിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ യുവജനങ്ങൾക്കായി എഴുതിയ അപ്പസ്തോലിക ലേഖനത്തിലെ അടിസ്ഥാന ചിന്തകളാണ് ഈ വർഷത്തെ സന്ദേശത്തിലും ഉള്ളത്. വിശുദ്ധ മർക്കോസിന്റെ സുവിശേഷത്തിലെ "ഗുരോ നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം?" എന്ന ചോദ്യത്തെ ആസ്പദമാക്കിയായിരുന്നു അദ്ദേഹം അപ്പസ്തോലിക ലേഖനം തയ്യാറാക്കിയത്. ഇതിന്റെ ചുവടുപിടിച്ച്, യേശുവും യുവജനങ്ങളും തമ്മിലുള്ള ബന്ധം, തിരുസഭയിൽ യുവജനങ്ങൾ വഹിക്കേണ്ട പങ്കാളിത്തം, പ്രാർത്ഥനാജീവിതം തുടങ്ങിയ കാര്യങ്ങൾ വിശദീകരിച്ചശേഷം യുവജനങ്ങളുടെ സാമൂഹിക രാഷ്ട്രീയ പ്രേഷിതത്വത്തിന് ശക്തമായ ആഹ്വാനമാണ് ഈ വർഷത്തെ ലോക യുവജന സന്ദേശത്തിൽ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ നൽകുന്നത്. ഈ സന്ദേശത്തിന്റെ ഏറ്റവും മർമ്മപ്രധാനമായ ഭാഗം ശ്രദ്ധിക്കുക: സമഗ്രമായ മാനുഷിക വികസനത്തെക്കുറിച്ച് ഞാൻ എഴുതിയ 'സത്യത്തിൽ സ്നേഹം' എന്ന ചാക്രിക ലേഖനത്തിൽ ഈ കാലഘട്ടത്തിലെ പ്രധാന വെല്ലുവിളികളുടെ പട്ടിക കൊടുത്തിട്ടുണ്ട്. അവ ഈ ലോകത്തിലെ ജീവിതത്തെ സംബന്ധിച്ചിടത്തോളം അടിസ്ഥാനപരവും അടിയന്തിര സ്വഭാവമുള്ളതുമാണ്. ഭൗതികവിഭവങ്ങളുടെ ഉപയോഗം, പരിസ്ഥിതിയോടുള്ള ആദരം, വസ്തുക്കളുടെ നീതിപൂർവ്വകമായ വിതരണം, സാമ്പത്തിക സംവിധാനങ്ങളുടെ നിയന്ത്രണം, മനുഷ്യകുടുംബത്തിലെ ദരിദ്രരാഷ്ട്രങ്ങളോടുള്ള ഐക്യദാർഢ്യം, ലോകത്തിൽ വിശപ്പിനെതിരേയുള്ള സമരം, മാനുഷിക തൊഴിലിന്റെ മഹത്വം വളർത്തൽ, ജീവസംസ്കാരത്തിനുള്ള സേവനം, ജനങ്ങൾ തമ്മിൽ സമാധാനം സ്ഥാപിക്കൽ, മതാന്തരസംവാദം, സാമൂഹികസമ്പർക്കമാധ്യമങ്ങളുടെ ശരിയായ വിനിയോഗം എന്നിവയാണവ. കൂടുതൽ നീതിയും സാഹോദര്യവും നിറഞ്ഞ ലോകം നിർമ്മിക്കുവാൻ നിങ്ങൾ പ്രത്യുത്തരം നൽകേണ്ട വെല്ലുവിളികളാണവ. ത്യാഗനിർഭരവും ആവേശകരവുമായ ജീവിതപദ്ധതി ക്രോഡീകരിക്കുവാനുള്ള വെല്ലുവിളികളാണവ. ആ പദ്ധതിയിൽ ദൈവം നിങ്ങൾക്കായി നിക്ഷേപിച്ചിട്ടുള്ള സമ്പന്നത നിങ്ങൾ

നിക്ഷേപിക്കണം. സാഹസികമോ അസാധാരണമോ ആയ പ്രവർത്ത നങ്ങളുടെ പ്രശ്നമല്ലിത്. കഴിവുകളും സാധ്യതകളും വിനിയോഗിച്ചു കൊണ്ട്, വിശ്വാസത്തിലും സ്നേഹത്തിലും മുന്നേറാൻ സ്വയം സമർപ്പി ച്ചുകൊണ്ട്, പ്രവർത്തിക്കുക എന്ന പ്രശ്നമാണിത് (ലോകയുവജനദി നസന്ദേശം, 2010).

യുവജനങ്ങളുടെ ദൗത്യത്തെ സംബന്ധിച്ച് വളരെ വ്യക്തവും കൃത്യവുമായ പ്രബോധനമാണ് ബെനഡിക്ട് മാർപാപ്പ നൽകുന്നത്. സമൂഹത്തിലാണ് യുവജനങ്ങൾ ക്രിസ്തുവിന് സവിശേഷ സാക്ഷ്യം വഹിക്കേണ്ടതെന്ന് അദ്ദേഹം പഠിപ്പിക്കുന്നു. നിത്യജീവൻ കരസ്ഥമാ ക്കാൻ ഗുരോ എന്താണ് ചെയ്യേണ്ടതെന്ന യുവാവിന്റെ ചോദ്യത്തിനുള്ള ഉത്തരം കൂടിയാണിത്.

രണ്ടാമത്തെ പ്രസക്തമായ കാര്യം, ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ 29-മത് പ്ലീനറി സമ്മേളനം കഴിഞ്ഞ ഫെബ്രു വരി 24 മുതൽ മാർച്ച് 3 വരെ ആസ്സാമിലെ ഗോഹട്ടിയിൽ വച്ചു നടക്കു കയുണ്ടായി. ഈ സമ്മേളനത്തിന് ഏറെ സവിശേഷതയുണ്ടായിരുന്നു. യുവജനങ്ങൾ 'സമാധാനത്തിനും സമന്വയത്തിനും' എന്ന വിഷയമാണ് സമ്മേളനം ചർച്ചചെയ്തത്. ഭാരതത്തിലെ മുഴുവൻ കത്തോലിക്കാമെ ത്രാന്മാരോടൊപ്പം ഭാരത കത്തോലിക്ക യുവജനപ്രസ്ഥാനത്തെ പ്രതി നിധീകരിച്ച് 51 യുവജന നേതാക്കൾ ഈ സമ്മേളനത്തിൽ സംബന്ധി ക്കുകയുണ്ടായി. യുവജനങ്ങളുടെ പ്രസക്തി കൂടുതൽ പ്രകടമായിക്കൊ ണ്ടിരിക്കുന്ന ആധുനിക ജീവിതസാഹചര്യങ്ങളിൽ വിശ്വാസത്തിന്റെ പുത്തൻ ജീവിതപന്ഥാവിലേയ്ക്ക് യുവജനനിരയെ നയിക്കേണ്ടതുണ്ട് എന്ന് അവർ വിലയിരുത്തി. കൂടുതൽ ഉത്തരവാദിത്വപൂർണ്ണമായ ഒരു ജീവിതശൈലിയാണ് അത് യുവജനങ്ങളോട് ആവശ്യപ്പെടുന്നത്.

എന്നാൽ ഇന്നത്തെ യുവജനങ്ങൾക്ക് സാമൂഹിക പ്രതിജ്ഞാ ബദ്ധത കുറയുകയാണെന്ന ആക്ഷേപം വളരെ വ്യാപകമാണ്. സംഘ ടനാപ്രവർത്തനം, സാമൂഹിക സേവനം, രാഷ്ട്രീയ പ്രവർത്തനം, സഭാ പ്രവർത്തനം എന്നിവയിൽ നിന്നും യുവജനങ്ങൾ പിൻവലിഞ്ഞു കൊണ്ടിരിക്കുന്നുവെന്ന് സ്ഥിതിവിവരകണക്കുകൾ കാണിക്കുന്നു. ഒരു വ്യക്തിയുടെ ജീവിതത്തിലെ വസന്തകാലമാണ് യുവത്വം. ഏറെ ഉർജ്ജം പ്രസരിക്കുന്ന ഈ കാലഘട്ടത്തിലാണ് സ്നേഹിതനു വേണ്ടി ജീവനർപ്പിക്കുക എന്ന സ്നേഹത്തിന്റെ ഉത്തുംഗശൃംഗത്തിലേയ്ക്ക് യുവജനത്തിന് വളരാനാകുന്നത്. അപരന്റെ വ്യഥകളും വേദനകളും

യുവജന മനസ്സുകളിൽ എന്നും അസ്വസ്ഥതകൾ ഉണ്ടാക്കിയിരുന്നു. ആ വേദനയിൽ വിശ്വാസത്തിന്റെ തീക്ഷ്ണത സമന്വയിപ്പിച്ചുകൊണ്ടായി രുന്നു യുവജനങ്ങൾ സാഹസികതയോടെ സ്വയം മറന്ന് സമൂഹത്തിന്റെ സമഗ്ര നന്മയ്ക്കായി ഇറങ്ങിയിട്ടുള്ളത്. പക്ഷേ, സാമൂഹിക ഇടപെട ലുകളിൽ നിന്ന് യുവജനങ്ങൾ ഇന്ന് പരാങ്മുഖരായിക്കൊണ്ടിരിക്കുക യാണ്. സ്വന്തം വിദ്യാഭ്യാസം, ജോലി, സുഖസൗകര്യങ്ങൾ, സൗന്ദര്യ സംരക്ഷണം, കലാ-കായിക വിനോദങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ മാത്രം ശ്രദ്ധിക്കുന്നവരായി നമ്മുടെ യുവജനങ്ങൾ മാറുകയാണോ യെന്നു സംശയിക്കേണ്ടിയിരിക്കുന്നു. അങ്ങനെ സംഭവിക്കുന്നത് സമൂ ഹത്തിന് വലിയ നഷ്ടമാണ്.

സാമൂഹിക-സമ്പർക്ക മാധ്യമങ്ങൾ ഭയാനകമായ രീതിയിലാണ് യുവജനങ്ങളെ സ്വാധീനിച്ചു കൊണ്ടിരിക്കുന്നത്. മാനുഷിക-ധാർമ്മിക മൂല്യങ്ങളെക്കാൾ അധാർമ്മികവും ഭൗതികവുമായ മൂല്യങ്ങൾ അതി ശക്തമായി സമൂഹത്തിലേക്ക്, പ്രത്യേകിച്ച് യുവജനങ്ങളിലേക്ക് സന്നി വേശിക്കപ്പെടുകയാണ്. യുവജനങ്ങളുടെ ശാരീരിക തൃഷ്ണകളെ ഉണർത്തി അവരെ കേവലം ഭൗതികരാക്കി മാറ്റുന്നതിന് ഇടയാക്കുന്നു. ഇന്ന് മുതിർന്നവരുടെയും യുവജനങ്ങളുടെയും കുട്ടികളുടെയും മന സ്സുകളെ മലീമസമാക്കുന്നതിൽ പോർണോഗ്രാഫി അഥവാ അശ്ലീലദൃ ശ്യങ്ങൾ വലിയ പങ്കുവഹിക്കുന്നുണ്ട്. ലൈംഗികാഭാസങ്ങളും അശ്ലീല തയും വ്യാപകമാകുന്നതിനത് കാരണമാകുന്നു. പോസ്റ്ററുകൾ, ചീത്ത പുസ്തകങ്ങൾ എന്നിവ വഴിയും മൊബൈൽ ഫോൺ, ഇന്റർനെറ്റ്, ഐഫോൺ, സിഡി, എന്നീ ആധുനിക സാങ്കേതിക സൗകര്യങ്ങൾ വഴിയും വേഗത്തിലും എളുപ്പത്തിലും അശ്ലീലത ലഭ്യമാകുന്നുണ്ട്. ചെറിയ പ്രായത്തിൽത്തന്നെ കൂട്ടുകാരുടെയും മറ്റും സ്വാധീന ത്തിൽപ്പെട്ട് ഇപ്രകാരമുള്ള ദൃശ്യങ്ങളിൽ മുഴുകുന്നതും അതിന് അടിമ കളാകുന്നതും യുവജനങ്ങളെ ഒരുതരത്തിലുള്ള മാനസിക രോഗിക ളാക്കുന്നു. സ്ത്രീകളെ ആക്രമിക്കുന്നതടക്കമുള്ള അപകടകരമായ സാമൂഹികാന്തരീക്ഷം സൃഷ്ടിക്കുന്നു. ലൈംഗികതയുടെ വിശുദ്ധി, മഹ ത്വം, ദിവ്യത, മനുഷ്യമഹത്ത്വം എന്നിവ തകിടം മറിയ്ക്കപ്പെടുകയും ചെയ്യുന്നു. യുവജനങ്ങളുടെ ഇടയിൽ മദ്യപാനശീലവും വർദ്ധിച്ചുവരി കയാണ്. മയക്കുമരുന്നുകളുടെ കെണിയിൽ കുടുങ്ങുന്നവരുടെ എണ്ണവും കൂടുകയാണ്. ഇത്തരം ദുശ്ശീലങ്ങളും വലിയ പ്രതിസന്ധിക്ക് വഴിവെയ്ക്കും. സമൂഹത്തിനും സഭയ്ക്കും രാഷ്ട്രീയത്തിനും യുവജ

നങ്ങളാണ് യുവത്വം പകരേണ്ടത്. ഈ മണ്ഡലങ്ങളിൽ യുവജനങ്ങളുടെ വിമുഖത അപകടകരമാണ്. ഇരുട്ടിനെ പഴിക്കുന്നതിനെക്കാൾ നന്ന് ഒരു തിരിയെങ്കിലും കത്തിക്കുകയാണ് എന്നോർക്കണം.

യുവജനങ്ങൾക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന നിഷേധാത്മക പരിണാമത്തിന് അവരെ മാത്രമാണോ പഴിക്കേണ്ടതെന്നു മുതിർന്നവർ ആത്മവിമർശനം നടത്തേണ്ടിയിരിക്കുന്നു. യുവജനങ്ങളെ സ്വകാര്യമാത്ര തൽപരരാക്കി മാറ്റുന്ന പ്രവർത്തനങ്ങളുടെയും, ശാരീരിക തൃഷ്ണയിൽ മാത്രം അഭിരമിക്കുന്നവരാക്കിത്തീർക്കുന്നതിന്റെയും പിന്നിലെ ശക്തികളെ നാം മനസ്സിലാക്കണം. കമ്പോള-ഉപഭോഗ സംസ്കാരത്തിലെ സ്പോൺസർമാരുടെ കറുത്ത കരങ്ങളെ നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

ക്രൈസ്തവികത അടിസ്ഥാനപരമായി സമൂഹോന്മുഖമാണ്. സമൂഹത്തെ വിസ്മരിച്ചുകൊണ്ടുള്ള ജീവിതം ക്രൈസ്തവ വിരുദ്ധമാണ്. യഥാർത്ഥ ക്രൈസ്തവയുവത്വം സമൂഹോന്മുഖമായിരിക്കണം എന്ന ബെനഡിക്ട് പതിനാറാമൻ മാർപാപ്പായുടെ പ്രബോധനത്തിൽ യുവജനത്തെ ഉദ്ബുദ്ധരാക്കുകയാണ് എത്രയും പ്രധാനപ്പെട്ട കാര്യം. സാമൂഹിക പ്രതിജ്ഞാബദ്ധത കൊണ്ടു മാത്രമേ സ്വാർത്ഥതയെ ഇല്ലാതാക്കാൻ കഴിയൂ. യുവജന രൂപീകരണത്തിനും സംഘാടനത്തിനും ഗൗരവപൂർവകമായ പ്രാധാന്യം നൽകാൻ സി.ബി.സി.ഐ. സമ്മേളനം നമ്മോടാവശ്യപ്പെടുന്നുണ്ട്. ഓരോ ഇടവകയിലും യുവജന രൂപീകരണത്തിനും, സംഘാടനത്തിനുമുള്ള സംവിധാനങ്ങൾ ശക്തമാക്കണം. എല്ലാ യുവജനങ്ങളെയും സഭയിലെ ഏതെങ്കിലും യുവജനപ്രസ്ഥാനത്തിൽ ചേർന്നുപ്രവർത്തിക്കാൻ പ്രോത്സാഹിപ്പിക്കണം. യുവജനങ്ങളും ഉണർന്നു ചിന്തിക്കേണ്ട സമയമാണിത്. ആഗോളീകരണത്തിന്റെ ഈ യുഗത്തിൽ നമ്മുടെ രാഷ്ട്രം വളരെ വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇതോടൊപ്പംതന്നെ പാർശ്വവത്കരണവും നടന്നുവരികയാണ്. ദളിതർ, ആദിവാസികൾ, ചെറുകിടകർഷകർ, മത്സ്യത്തൊഴിലാളികൾ, സ്ത്രീ തൊഴിലാളികൾ തുടങ്ങിയ നിരവധി വിഭാഗങ്ങൾ പ്രാന്തവത്കരിക്കപ്പെടുകയാണ്. ഈ വിഭാഗങ്ങളിൽപ്പെട്ടവർക്ക് സാമൂഹിക നീതി സംലഭ്യമാക്കാനുള്ള പ്രവർത്തനങ്ങളിൽ യുവജനങ്ങൾ ഏർപ്പെടേണ്ടിയിരിക്കുന്നു. രാഷ്ട്രീയപാർട്ടികൾ, ട്രേഡ് യൂണിയനുകൾ, സമുദായ സംഘടനകൾ, പരിസ്ഥിതി സംഘടനകൾ തുടങ്ങിയവയിൽ യുവജനങ്ങൾ നേതൃത്വപരമായ പങ്കുവഹിക്കണം. എങ്കിൽ മാത്രമേ നീതിനിഷ്ഠമായ ഒരു ഇന്ത്യയെന്ന സ്വപ്നം നമുക്ക് സാക്ഷാത്കരിക്കാൻ കഴിയൂ.

അതിന് സഹായകരമായ രീതിയിൽ യൂത്ത്കമ്മീഷൻ ചില നൂതന പദ്ധതികൾക്ക് തുടക്കമിടുകയാണ്. വിദ്യാസമ്പന്നരും അല്ലാത്തവരുമായ നമ്മുടെ മുഴുവൻ യുവജനങ്ങളുടെയും കഴിവുകളും സാദ്ധ്യതകളും സമൂഹനിർമ്മിതിക്കും രാഷ്ട്രവികസനത്തിനും അതുവഴി സമൂഹത്തിന്റെ സമ്പൂർണ്ണ വിമോചനത്തിനും ഉപയുക്തമാകണം. നിലവിലുള്ള യുവജനസംഘടകളോടൊപ്പംതന്നെ യുവജനങ്ങളുടെ ജീവിതവൃത്തിയുടെയും കരിയറിന്റെയും അടിസ്ഥാനത്തിൽ വിവിധങ്ങളായ യൂത്ത്ഫോറങ്ങൾ രൂപീകരിച്ച് എല്ലാ യുവജനങ്ങളെയും ഒന്നിച്ചുകൂട്ടുന്നതിന് ആരംഭം കുറിക്കുകയാണ്. ഇതുവഴി നമ്മുടെ സമ്പന്നമായ യുവജനസ്രോതസ്സിനെ സമൂഹത്തിലെ വിവിധ തട്ടുകളിലുള്ള ജനങ്ങളുടെ സമുദ്ധാരണത്തിന് ഉപയുക്തമാക്കാനും യുവജനങ്ങളുടെ തന്നെ സമഗ്രവികസനത്തിന് സഹായകരമാക്കാനും സാധിക്കും.

അതോടൊപ്പം, മറ്റുസംസ്ഥാനങ്ങളിലേക്കും വിദേശരാജ്യങ്ങളിലേക്കും പഠനത്തിനും ഉദ്യോഗത്തിനുമായി പോയിട്ടുള്ള യുവജനങ്ങളുടെ അജപാലനശുശ്രൂഷയ്ക്കും നമുക്ക് കടമയുണ്ട്. താത്കാലികമായോ സ്ഥിരമായോ കേരളത്തിൽനിന്നകന്ന് മറ്റുസ്ഥലങ്ങളിലായിരിക്കുന്ന യുവജനങ്ങളൊക്കെത്തന്നെ നമ്മുടെ കൂട്ടായ്മകളിലും പരിശീലനപരിപാടികളിലും ഭാഗഭാക്കുകളാണ്. അവരുമായുള്ള ബന്ധം നിലനിർത്തുവാനും അവരായിരിക്കുന്ന സാഹചര്യങ്ങളിൽ അവർക്ക് സംഘടനാപ്രവർത്തനംവഴി വിശ്വാസസാക്ഷ്യജീവിതത്തിന് പ്രചോദനമേകുവാനുമായി 'ഗ്ലോബൽ യൂത്ത് കോയ്നോനിയ' എന്ന പേരിൽ യൂണിറ്റുകളാരംഭിക്കുവാൻ യൂത്ത് കമ്മീഷൻ പദ്ധതികളൊരുക്കുകയും ഇതിന്റെ പ്രാരംഭനടപടികൾ വിവിധ രാജ്യങ്ങളിൽ ആരംഭിക്കുകയും ചെയ്തിരിക്കുന്നു.

"യുവജനങ്ങളേ, യുവത്വം നിങ്ങളുടെ മാത്രം സ്വത്തല്ല, നിങ്ങളുടെ സ്വകാര്യ സ്വത്തുമല്ല. ഒരു തലമുറയുടെ മാത്രം സ്വത്തുമല്ല. ഓരോ മനുഷ്യനും തന്റെ ജീവിതയാത്രയിൽ കടന്നുപോകുന്ന മുഴുവൻ സ്ഥലകാലത്തിന്റെയും സ്വത്താണ്. അതേസമയം അത് ഓരോരുത്തരുടെയും സവിശേഷ സ്വത്തുമാണ്. മനുഷ്യവംശത്തിന്റെ മുഴുവൻ സ്വത്തുമാണ്" എന്ന ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകൾ അർത്ഥവത്താണ്. (യുവജനങ്ങൾക്കുള്ള അപ്പസ്തോലിക ലേഖനം 1).

ഗോഹട്ടിയിൽ ചേർന്ന ഭാരത കത്തോലിക്കാ മെത്രാൻ സമിതി

പുറത്തിറക്കിയ ആഹ്വാനത്തിൽ യുവജനങ്ങളുടെ സാമൂഹിക-രാഷ്ട്രീയ പ്രേഷിതത്വത്തിന് വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്. മനുഷ്യാവകാശങ്ങൾ, സാമൂഹിക നീതി എന്നീ പ്രശ്നങ്ങളിൽ ഇടപെടാൻ ഞങ്ങൾ യുവജനങ്ങളെ നിർബന്ധിക്കുന്നു. പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ, സിവിൽ സ്ഥാപനങ്ങൾ, ഭരണസംവിധാനങ്ങൾ എന്നിവയിൽ പങ്കുചേരാൻ ഞങ്ങൾ നിർബന്ധിക്കുന്നു. (സി.ബി.സി.ഐ.-ഗോഹട്ടി സമ്മേളനസന്ദേശം). കഴിഞ്ഞ വർഷത്തെ യുവജനദിന സന്ദേശത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ യുവജനങ്ങളുടെ പങ്കാളിത്തത്തെക്കുറിച്ച് വേണ്ടതായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പ് ആസന്നമായ ഈ അവസരത്തിൽ മൂല്യബോധമുള്ളവർ ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ടെങ്കിൽ മാത്രമേ നീതിനിഷ്ഠവും അഴിമതി രഹിതവുമായ ഭരണം ഉണ്ടാകുകയുള്ളൂ എന്ന സത്യം നാം വിസ്മരിക്കാനിടയാകരുത്. അതിനാൽ, നേതൃത്വഗുണവും മൂല്യബോധവുമുള്ള യുവജനങ്ങൾ ഈ രംഗത്തേയ്ക്ക് വരുവാൻ വേണ്ട ഒത്താശയും പരിശീലനവും നൽകേണ്ടതുണ്ട്. ഓരോ രൂപതയിലും ഇടവക തലത്തിൽ ഇതിനുള്ള ക്രമീകരണം ഉണ്ടാകണം.

കേരളസഭയ്ക്ക് അഭിമാനിക്കാൻ വകനൽകുന്ന ഒരു പ്രസ്ഥാനമായി കെ.സി.വൈ.എം. ഉം, യുവജനങ്ങൾ ഉൾക്കൊള്ളുന്ന മറ്റു സംഘടനകളും മാറിക്കഴിഞ്ഞു. ഐ.സി.വൈ.എം.-ന്റെയും, മിജാർക്കിന്റെയും, ഫിംകാപ്പിന്റെയും ദേശീയ-അന്തർദേശീയ നേതൃത്വത്തിലേയ്ക്ക് നലംതികഞ്ഞ നേതാക്കന്മാരെ സംഭാവന ചെയ്യാൻ കെ.സി.വൈ.എം. ന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ മൂന്ന് ദശാബ്ദക്കാലത്തിലേറെയായി കേരളസഭയ്ക്കും പൊതുസമൂഹത്തിനും ഗുണാത്മകമായ സംഭാവനകൾ നൽകാൻ ഈ സംഘടനകൾക്ക്, പ്രത്യേകിച്ച്, കെ.സി.വൈ.എം. ന് സാധിച്ചിട്ടുണ്ട്. കെ.സി.വൈ.എം. - ന്റെ യൂണിറ്റുകൾ കേരളത്തിലെ എല്ലാ ഇടവകകളിലും സ്ഥാപിക്കപ്പെടണം. സമൂഹത്തിനും രാഷ്ട്രത്തിനും സഭയ്ക്കും സേവനം ചെയ്യാനുതകുന്ന നിരവധി പേരെ അതുവഴി നമുക്ക് സംഭാവന ചെയ്യാൻ കഴിയും. യുവജനദിനത്തിൽ എല്ലാ ഇടവകകളിലും യുവജനങ്ങൾക്കുവേണ്ടി പ്രത്യേകമായി ദിവ്യബലി അർപ്പിക്കുകയും വിവിധങ്ങളായ പരിപാടികൾ ആസൂത്രണം ചെയ്ത് അവർക്ക് പ്രോത്സാഹനം നൽകുകയും വേണം. നമ്മുടെ യുവജനപ്രവർത്തനങ്ങൾക്കുവേണ്ടി സാമ്പത്തികസഹായവും നൽകണം. അന്നേ ദിവസം പള്ളികളിൽ പ്രത്യേക പിരിവെടുത്ത് മുഴുവൻ തുകയും രൂപതാകേന്ദ്രങ്ങളിൽ ഏൽപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സഭയെ യൗവനയുക്തയാക്കാൻ, സഭയെ കൂടുതൽ ക്രിസ്തു ചൈതന്യമുള്ളതാക്കാൻ യുവജനങ്ങളോടാവശ്യപ്പെടുമ്പോൾ യുവാവായ യേശുനാഥൻ സമൂഹത്തിന് നൽകിയ ദിശാബോധം സഭയിലൂടെ ഇന്നത്തെ സമൂഹത്തിന് പകർന്നുനൽകാൻ യുവജനങ്ങളെ സഭ ക്ഷണിക്കുകയുമാണ്. അത്രയും ശക്തമായ സാന്നിദ്ധ്യമാണ് സഭയ്ക്കുള്ളിൽ യുവജനങ്ങൾക്കുണ്ടാകേണ്ടത്. 'പ്രത്യാശയുടെ പടിവാതിൽ' എന്ന ഗ്രന്ഥത്തിലെ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ ആഹ്വാനം നിങ്ങൾക്ക് പ്രചോദനമാകട്ടെ: "ജീവിതത്തിൽ ഏതാനും വർഷം മാത്രം നീണ്ടുനിൽക്കുന്ന സുന്ദരമായ ഒരു കാലഘട്ടം മാത്രമല്ല, ദൈവപരിപാലനയിൽ ഒരു വ്യക്തിക്ക് ലഭിക്കുന്ന ഉത്തരവാദിത്വപൂർണ്ണമായ ഒരു കാലഘട്ടം കൂടിയാണ്, യുവത്വം".

യുവജനങ്ങളെ സ്നേഹിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും അവരുടെ ഉന്നമനത്തിനുവേണ്ടി എല്ലാ സഹായസഹകരണങ്ങളും നൽകുവാനും യുവജനദിനാശംസകളോടെ ഏവരെയും ആഹ്വാനം ചെയ്യുന്നു. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ബിഷപ്പ് വിൻസെന്റ് സാമുവൽ,**
ചെയർമാൻ, കെ.സി.ബി.സി. യൂത്ത് കമ്മീഷൻ

---

**NB:- ഈ സർക്കുലർ 2010 ജൂലൈ മാസം 4-ാം തീയതി ഞായറാഴ്ച പള്ളികളിലും സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിക്കുകയോ, ഇതിലെ ആശയങ്ങൾ പങ്കുവയ്ക്കുകയോ ചെയ്യേണ്ടതാണ്.**




# വൈദീകവർഷം

## 2009 ജൂൺ 19 – 2010 ജൂൺ 19

“വൈദികർ ക്രിസ്തുവിന്റെ പ്രാതിനിധ്യം വഹിക്കുന്നവരും പ്രകൃത്യാതന്നെ സഭയുടെ പ്രേഷിതത്വത്തോട് ബന്ധപ്പെട്ടിരിക്കുന്ന മെത്രാൻ പദവിയുടെ ത്രിവിധ ദിവ്യധർമ്മങ്ങളിൽ സഹകാരികളുമാണ്. അതിനാൽ വൈദികർ നന്നായി ഗ്രഹിക്കട്ടെ, പ്രേഷിത സേവനത്തിനുവേണ്ടി പ്രതിഷ്ഠിക്കപ്പെട്ടതാണ് താങ്കളുടെ ജീവിതമെന്ന്. സഭയുടെ പൂർത്തീകരണത്തിന്റെ ഉറവിടമെന്ന നിലയിൽ ദിവ്യകാരുണ്യത്തെ പ്രധാനമായി കൈകാര്യം ചെയ്യുന്ന അവർ സ്വന്തമായ ശുശ്രൂഷവഴി ശിരസ്സായ ക്രിസ്തുവുമായി സമ്പർക്കം പാലിക്കുകയും മറ്റുള്ളവരെ ഈ സമ്പർക്കത്തിലേയ്ക്ക് നയിക്കുകയും ചെയ്യുന്നതോടെ മൗതീക ശരീരത്തിന്റെ പൂർത്തീകരണത്തിൽ നിന്ന് തങ്ങൾ എത്ര വിദൂരത്താണെന്നും അത് അനുദിനം വളർന്നുവരുന്നതിന് എന്തുമാത്രം ഇനിയും പ്രവർത്തിക്കേണ്ടതുണ്ടെന്നും ബോദ്ധ്യമാകുന്നു.”

(രണ്ടാം വത്തിക്കാൻ സൂനഹദോസ്, ‘വൈദികർ’–39) കൗൺസിലിന്റെ പഠനം നമ്മുടെ ചിന്തയ്ക്ക് വിഷയമാക്കാം.

**ഫാ. ബെന്നി മുതിരക്കാലായിൽ**
കൺവീനർ, വൈദീകവർഷാചരണ കമ്മിറ്റി

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ഈ നാളുകളിൽ നമ്മുടെ പ്രാർത്ഥനകളിലും ബലികളിലും പ്രത്യേകം അനുസ്മരിക്കേണ്ട പരേതരായ ബഹു. വൈദീകരുടെ പേരും ചരമദിനവും ചുവടെ ചേർക്കുന്നു.

1. ഫാ. മാത്യു കൊല്ലിത്താനം - ജൂൺ 3
2. ഫാ. തോമസ് കാട്ടൂർ - ജൂൺ 8
3. ഫാ. അബ്രാഹം മൂക്കനോലിൽ - ജൂൺ 16

**വൈദികവർഷം സമാപനം**

2009 ജൂൺ 19 ന് ആരംഭിച്ച വൈദികവർഷം 2010 ജൂൺ 19 ന് അവസാനിക്കുകയാണല്ലോ. വൈദികവർഷാചരണം നമ്മുടെ രൂപതയിൽ പൊതുവെ ഗൗരവമായിത്തന്നെ സ്വീകരിക്കുകയും വിവിധ പരിപാടികളോടെയും ആത്മീയ ശുശ്രൂഷകളിലൂടെയും അതിനെ അർത്ഥവത്താക്കുകയും ചെയ്ത ഏവർക്കും ഹൃദയം നിറഞ്ഞ നന്ദി. വൈദികവർഷ സമാപനദിനം എല്ലാ ഇടവകകളിലും, സ്ഥാപനങ്ങളിലും ഒരു പ്രാർത്ഥനാദിനമായി ആചരിക്കുന്നത് ഉചിതമായിരിക്കും. ഓരോ ഇടവകയുടെയും സൗകര്യമനുസരിച്ച് വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

**മതബോധന ഞായർ - ജൂൺ 13**

വളർന്നുവരുന്ന തലമുറക്കുവേണ്ടി ഇന്ന് നമുക്ക് ചെയ്യാവുന്ന ഏറ്റം പ്രധാനപ്പെട്ട സേവനമാണ് അവർക്ക് ശരിയായ മതബോധനം നൽകുക എന്നത്. നമ്മുടെ രൂപതാ മതബോധനകേന്ദ്രം ഇക്കാര്യത്തിൽ നൽകിക്കൊണ്ടിരിക്കുന്ന നേതൃത്വവും സേവനവും ഏറെ പ്രശംസാർഹമാണ്. നമ്മുടെ മക്കളെ യഥാർത്ഥ ദൈവമക്കളായി വളർത്താൻവേണ്ടി മതബോധന പ്രവർത്തനങ്ങളിലൂടെ തീക്ഷ്ണതയോടുകൂടി പരിശ്രമിക്കുന്ന എല്ലാവർക്കും ഹൃദയം നിറഞ്ഞ അനുമോദനങ്ങളും, രൂപതമുഴുവന്റെയും നന്ദിയും അറിയിക്കട്ടെ. ജൂൺ 13-ാം തീയതി ഉചിതമായി

എല്ലാ ഇടവകകളിലും ആചരിക്കുകയും അന്നേ ദിവസം പ്രത്യേക സ്തോത്രക്കാഴ്ചയെടുത്ത് നമ്മുടെ രൂപതയിലെ മതബോധന പ്രവർത്തനങ്ങളെ സഹായിക്കാൻവേണ്ടി കഴിവതും നേരത്തെ രൂപതാ കേന്ദ്രത്തിൽ എത്തിച്ച് തരികയും ചെയ്യണമെന്ന് ബഹു. വികാരിയച്ചന്മാരെയും ബന്ധപ്പെട്ട എല്ലാവരേയും ഓർമ്മിപ്പിക്കുന്നു.

## ബൈബിൾ ഞായർ - ജൂൺ 20

ഓരോ വ്യക്തിയോടുമൊപ്പം സഞ്ചരിച്ച് ഹൃദയത്തോട് സംസാരിക്കുന്ന ദൈവസാന്നിദ്ധ്യത്തിന്റെ പ്രതീകമായ ബൈബിളിന്റെ മഹത്വത്തെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചും ഏറെ ചിന്തിക്കുവാനും, വചനാധിഷ്ഠിതമായ പ്രായോഗിക ജീവിതം നയിക്കുവാനും നമ്മെ ഉദ്ബോധിപ്പിക്കുന്ന ദിനമാണ് ബൈബിൾ ഞായർ. അന്നേ ദിവസം വേണ്ടതുപോലെ ആചരിക്കാൻ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും പ്രത്യേക ക്രമീകരണങ്ങൾ നടത്തുമല്ലോ. കൂടാതെ കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനുവേണ്ടി അന്നേ ദിവസം പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് അത് രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

## പത്രോസിന്റെ കാശ് - ജൂൺ 27

വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ജൂൺ 29-ാം തീയതി ആണല്ലോ. അതിനോടനുബന്ധിച്ച് തൊട്ടുമുമ്പുള്ള ഞായറാഴ്ച വി. പത്രോസിന്റെ നാമത്തിലുള്ള പ്രത്യേക പിരിവ് ഇടവകയിൽനടത്തി ആ തുക റോമിലേയ്ക്ക് അയച്ചുകൊടുക്കേണ്ടതുണ്ട്. അതിനാൽ ജൂൺ 27-ാം തീയതിയിലെ സ്തോത്രക്കാഴ്ച രൂപതാകേന്ദ്രത്തിൽ എത്തിച്ച് തരണമെന്നും അന്നേദിവസം പരി. മാർപാപ്പയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

## സീറോമലബാർ സഭാദിനം - ജൂലൈ 3

നമ്മുടെ പിതാവായ മാർതോമ്മാശ്ലീഹായുടെ ഓർമ്മദിനമായ ജൂലൈ 3-ാം തീയതി സീറോ മലബാർ സഭാദിനം കൂടിയാണ്. നമ്മുടെ പൈതൃകവും പാരമ്പര്യങ്ങളും അനുസ്മരിക്കാനും, നമ്മുടെ പൂര്‍വ്വികരുടെ ചൈതന്യം സ്വന്തമാക്കി സഭാ പ്രവർത്തനങ്ങൾക്ക് രൂപം നൽകാനും സീറോ മലബാർ സഭയ്ക്കു ലഭിച്ചിരിക്കുന്ന അധികാരവും സംവിധാനങ്ങളും നമ്മെ സഹായിക്കട്ടെ. അതിനു സഹായകമായ വിധത്തിൽ സഭാ പ്രവർത്തനങ്ങൾ മുന്നോട്ടു നയിക്കാൻ നമ്മുടെ പ്രാർത്ഥനയും സഹകരണവും സാമ്പത്തിക സഹായവും നമ്മുടെ സഭാകേന്ദ്രത്തിന് നൽകാൻ പ്രചോദിപ്പിക്കുന്നദിനം കൂടിയാണ് ജൂലൈ 3-ാം തീയതി. അന്നേ ദിവസം പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് സീറോ

മലബാർ മേജർ ആക്കി എപ്പിസ്കോപ്പൽ കൂരിയായിലേയ്ക്ക് അയച്ചുകൊടുക്കുന്നതിനായി കഴിയുന്നവേഗത്തിൽ രൂപതാ കേന്ദ്രത്തിൽ എത്തിച്ചുതരുമല്ലോ.

## Living Together Programme & Priests' Conference

വൈദികരുടെ 1-ാം ബാച്ചിന്റെ Living Together Programme 2010 ഓഗസ്റ്റ് 9-ന് വൈകുന്നേരം ആരംഭിച്ച് 10-ാം തീയതി വൈകുന്നേരം അവസാനിക്കുന്നു. 2-ാം ബാച്ചിന്റേത് 11-ന് വൈകുന്നേരം ആരംഭിച്ച് 12-ന് വൈകുന്നേരം അവസാനിക്കുന്നു. അതിനിടയിൽ 11-ാം തീയതി ബുധനാഴ്ച രാവിലെ 10 മുതൽ വൈദിക സമ്മേളനവും (Priests' Conference) ഉണ്ടായിരിക്കുന്നതാണ്. ബഹു. വൈദികർ ആ ദിവസത്തെ പരിപാടികൾ മുൻകൂട്ടി ക്രമീകരിച്ച് Living Together Programme ലും, Priests' Conference ലും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**നന്ദി**

കരണി ഇടവകയിൽ കഴിഞ്ഞ ഒരു വർഷം വികാരിയായി സേവനം ചെയ്തശേഷം സന്യാസ സഭാസമൂഹത്തിലേയ്ക്ക് തിരിച്ചുപോകുന്ന ബഹു. തോമസ് പൂവത്തുംമൂട്ടിൽ വി.സി. അച്ചനും, ലക്കിടിയിൽ അജപാലന പ്രവർത്തനത്തിൽ മുഴുകിയിരുന്നശേഷം പുതിയ ദൗത്യമേറ്റെടുത്ത് സ്ഥലംമാറിപ്പോകുന്ന ബഹു. മാത്യു മംഗലത്തിൽ സി.എം.ഐ. അച്ചനും രൂപതയുടെ നന്ദിയും, പ്രാർത്ഥനകളും സ്നേഹവും അറിയിക്കട്ടെ.

## TRANSFER & APPOINTMENTS

| No. | | Priest | Assignment |
|---|---|---|---|
| 1. | Rev. Fr. | Ambalathinkal Manoj | Vicar, Thavinjal |
| 2. | ,, | Ambathadam Antony VC | Vicar, Karani |
| 3. | ,, | Chakkittakudy Jose | Vicar, Palamkara |
| 4. | ,, | Chakkittakudy James | Vicar, Arinchermala |
| 5. | ,, | Changanamthundathil George | Pro - Vicar, Nelliodi |
| 6. | ,, | Elavunkal Johny | Bhadravathi |
| 7. | ,, | Kalapura Alex | Vicar, Parathottam |
| 8. | ,, | Kalapura Vincent | Bhadravathi |
| 9. | ,, | Karukappilly Bijo | Principal Newmans College & Vicar, Puthussery |
| 10. | ,, | Kassamkutty Binoi | Vicar, Munderi & Bhoodanam |
| 11. | ,, | Kattamkottil Saji | Leave |
| 12. | ,, | Kattuthuruthy Thomas | Mandya |

| | | | |
|---|---|---|---|
| 13. | ,, | Kavumkal Joseph | Asst. Director RadioMattoli & Vicar, Mothakara |
| 14. | ,, | Kezeeth Sebastian | Vicar, Palemad |
| 15. | ,, | Kochuparackal Mathew | Vicar, Valad & Valiyakolly |
| 16. | ,, | Korandiyarkunnel Paul | Study Leave |
| 17. | ,, | Koyikattil Biju | Pricipal, De Paul School Kalpetta & Vicar, Puzhamudi |
| 18. | ,, | Kunnathettu James | Vicar, Nadavayal |
| 19. | ,, | Malayil Mathew | Ootty |
| 20. | ,, | Manikuttiyil Kurian | Vicar, Theneri |
| 21. | ,, | Mankottil James | Vicar, Edapetty |
| 22. | ,, | Mavara Stanislaus | Vicar, Poolapadam & Muttiyel |
| 23. | ,, | Memana Joseph | Leave |
| 24. | ,, | Moolayil Jimmy | Study |
| 25. | ,, | Mulakodiyankal Varghese | Vicar, Adackathode |
| 26. | ,, | Muthukathaniyil Varghese | Vicar, Kavumannam |
| 27. | ,, | Nechikatt Joseph | Vicar, Kartikulam |
| 28. | ,, | Olickal Thomas | Vicar, Irulam |
| 29. | ,, | Oseparambil Jojo | Vicar, Vellamunda |
| 30. | ,, | Painumkal Lal | Study |
| 31. | ,, | Palackey Sebastian | Vicar, Chennalode |
| 32. | ,, | Parambil Kuriakose | Vicar, Karackamala |
| 33. | ,, | Pariyappanal Thomas | Vicar, Santhome Bangalore |
| 34. | ,, | Perumattikunnel Mathew | Leave |
| 35. | ,, | Poothakuzhy Jais | Mandya |
| 36 | ,, | Pulickal Siby CMI | Vicar, Lakkidi |
| 37. | ,, | Thayyil Jos | Vicar, Vadakkanad |
| 38. | ,, | Thekkepera Mathew | Vicar, Kadalmad |
| 39. | ,, | Thuruthel Thomas | Bursar, Mary Matha College & Vicar, Bavali |
| 40. | ,, | Valakodiyil Dominic | Vicar, Adikolly |
| 41. | ,, | Vallopilly Joseph | Leave |
| 42. | ,, | Vattukunnel Isacc | Vicar, Kommayad |
| 43. | ,, | Vazhappilly Paul | Mandya |
| 44. | ,, | Veliyath Benny | Vicar, Chitragiri |

**Assistants**

| | | | |
|---|---|---|---|
| 1. | ,, | Elikot Vipin CST | Karimani |
| 2. | ,, | Kakkonal Manoj | Cathedral |
| 3. | ,, | Kallungatharayil Augustine | Kottiyoor |

| | | | |
|---|---|---|---|
| 4. | ,, | Karikandathil Dantees SAC | Naikuppa |
| 5. | ,, | Muthanikattu Justin | Chundakkara |
| 6. | ,, | Muttathukunnel Joseph | Thuckalay |
| 7. | ,, | Olickal Thomas MCBS | Mullenkolly |
| 8. | ,, | Onampally Jerry | Nilambur |
| 9. | ,, | Pakkanikuzhiyil Sebastian | Manimooly |
| 10. | ,, | Paradiyil John MI | Bathery |
| 11. | ,, | Poovathinkal Peter | Nadavayal |
| 12. | ,, | Puthenpurayil Jose | Kallody |
| 13. | ,, | Thadathil Siby O.Praem | Chungakkunnu |
| 14. | ,, | Thumbiyamkuzhy Joseph | Mandya |
| 15. | ,, | Vadayaparambil Sony | Payyampally |
| 16. | ,, | Valiyakandathil Jiju MS | Thariode |
| 17. | ,, | Vathelil Abraham | Belthangady |

**മോൺ. ജോർജ് മൂലയിൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# രൂപതാദിനം 2010 റിപ്പോർട്ട്

ഈ വർഷത്തെ രൂപതാദിനാഘോഷങ്ങൾ 2010 മെയ് 4-ാം തീയതി ചൊവ്വാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. രൂപതയാകുന്ന വലിയ കുടുംബത്തിന്റെ പ്രതിനിധി സമ്മേളനമായ ഈ കൂട്ടായ്മയുടെ ആഘോഷത്തിന് തുടക്കം കുറിച്ചുകൊണ്ട് രാവിലെ 9.25 ന് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് രൂപതയുടെ പതാക ഉയർത്തി. അതിനുശേഷം എല്ലാവരും ജപമാല ചൊല്ലി പ്രാർത്ഥിച്ചു. 10.00 ന് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തിയ ബലിയർപ്പണത്തിൽ മാനന്തവാടി രൂപതാംഗങ്ങളായ മാർ ജോർജ് ഞരളക്കാട്ട്, മാർ സെബാസ്റ്റ്യൻ കല്ലുപുര, മാർ ജോൺ മൂലേച്ചിറ, പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോർജ് മൂലയിൽ, സിഞ്ചെല്ലൂസ് ജോസ് തേക്കനാടി, രൂപതയിലെ ഏറ്റവും പ്രായംകൂടിയ വൈദികനായ ഫാ. ജേക്കബ് നെടുപള്ളി, മണ്ഡ്യ രൂപതയുടെ പ്രൊ-വികാരി ജനറാൾ ബഹു. പോൾ കൂട്ടാല എന്നിവർ സഹകാർമ്മികരായി. വി. കുർബാനമധ്യേ അഭിവന്ദ്യ ജോർജ് ഞരളക്കാട്ട് പിതാവ് വചനസന്ദേശം നൽകി. ബഹു. ബെന്നി വെളിയത്തച്ചന്റെ നേതൃത്വത്തിലുള്ള ഗായകസംഘം ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. രൂപതയിലെ എല്ലാ വൈദികരുടേയും മാതാപിതാക്കളും ഈ രൂപതാദിനത്തിലെ പ്രത്യേകം ക്ഷണിക്കപ്പെട്ട വ്യക്തികളായിരുന്നു.

വി.കുർബാനയ്ക്കുശേഷം ഈശ്വരപ്രാർത്ഥനയോടെ പൊതുസമ്മേളനം ആരംഭിച്ചു. അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് എല്ലാവർക്കും സ്വാഗതം ആശംസിച്ച് അധ്യക്ഷപ്രസംഗം നടത്തി. എല്ലാവരും ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ നേതൃനിരയിലുള്ളവരാണെന്നും കർത്താവിന്റെ പൗരോഹിത്യ ശുശ്രൂഷയുടെ ഇടയശുശ്രൂഷയാണ് വൈദികർ ചെയ്യുന്നതെന്നും ഇടയ ശുശ്രൂഷ നയിക്കുക മാത്രമല്ല, ശുശ്രൂഷ ചെയ്യുക എന്നതാണെന്നും ഈ ശുശ്രൂഷയ്ക്കായി മാതാപിതാക്കൾ മക്കളെ നൽകിയതുകൊണ്ടാണ് ഇത് സാധിക്കുന്നതെന്നും രൂപതയിൽ എന്തെങ്കിലും നടക്കുന്നുണ്ടെങ്കിൽ അത് വൈദികരുടെ സഹകരണം കൊണ്ടാണെന്നും അഭിവന്ദ്യ പിതാവ് സൂചിപ്പിച്ചു. കൂടാതെ ഇന്നത്തെ പ്രത്യേകത വൈദികരുടെ മാതാപിതാക്കളുടെ

സാന്നിധ്യമാണെന്ന് സൂചിപ്പിച്ച അഭിവന്ദ്യ പിതാവ് മക്കളെ പുരോഹിത ശുശ്രൂഷയ്ക്കായി നൽകിയ അവരെ അനുമോദിക്കുകയും ചെയ്തു. ശ്രീ. തോമസ് ഏറണാട്ട് ആശംസകൾ അർപ്പിച്ചുകൊണ്ട് സംസാരിച്ചു. മാനന്തവാടി രൂപതയുടെ ശക്തികേന്ദ്രം രൂപതയിലെ വൈദികരാണ്. ഇടവകയുടെ താങ്ങും തണലും അവരാണെന്നും വൈദികരുടെ മാതാ പിതാക്കൾ ഏറ്റവും നല്ലതിനെ ദൈവത്തിന് സമർപ്പിച്ചതുകൊണ്ട് വിശ്വാ സികളുടെ പിതാവായ അബ്രാഹത്തിന്റെ പിൻതുടർച്ചക്കാർ ഈ മാതാ പിതാക്കളാണെന്നും തന്റെ ആശംസാ പ്രസംഗത്തിൽ ശ്രീ. തോമസ് ഏറണാട്ട് സൂചിപ്പിച്ചു.

മാനന്തവാടി രൂപതയിൽ നിന്ന് മെത്രാൻ പദവിയിലേയ്ക്കുയർത്ത പ്പെട്ടതും ഡിഫു രൂപതയുടെ ഇടയനുമായ മാർ ജോൺ മൂലച്ചിറ, ബക്സർ രൂപതയുടെ ഇടയനായ മാർ സെബാസ്റ്റ്യൻ കല്ലുപുര, മണ്ഡ്യ രൂപതയുടെ ഇടയനായ മാർ ജോർജ് ഞരളക്കാട്ട് എന്നീ പിതാക്കന്മാരെ ആദരിച്ചു. ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സഭയുടെ സുപ്പീരിയർ ജനറൽ ആയി തിരഞ്ഞെടുക്കപ്പെട്ട മാനന്തവാടി രൂപതാംഗമായ സി. സിൻക്ലെയർ എഫ്.സി.സി., വിവിധ മേഖലകളിൽ കഴിവു തെളിയിച്ച സി. സബീന എസ്.എ.ബി.എസ്., ശ്രീ. ജിൽസ് ആനിക്കുഴിയിൽ (വെള്ളമുണ്ട) എന്നി വരെയും, സന്യാസജീവിതത്തിന്റെ 50 വർഷം പൂർത്തിയാക്കിയ സി.മെറ്റിൽഡ സി.എം.സി, സി.സെയിൽസ് എസ്.എച്ച്., സി.എമരൻസിയ എഫ്.സി.സി., സി. എൽസീന എഫ്.സി.സി., സി.മേരി ക്ലോറ്റിൽഡ എസ്.എ.ബി.എസ്., സി. മേരി ആലീസ് എസ്.എ.ബി.എസ്., സി. മേരി ബർത്ത എസ്.എ.ബി.എസ്., സി. മേരി എവിരിസ്റ്റ് എസ്.എ. ബി.എസ്., സി. മേരി ഫുൾജെൻസി എസ്.എ.ബി.എസ്., സി. മേരി മരിയോള എസ്.എ.ബി.എസ്., സി. മേരി ലൂസിയ എസ്.എ.ബി.എസ്., സി. മേരി ആൻസി എസ്.എ.ബി.എസ്. എന്നിവരെയും ദേവാലയ ശുശ്രൂ ഷിയായി 25 വർഷങ്ങൾ പൂർത്തിയാക്കിയ ശ്രീ. റെജി മഠത്തിൽ (കാ വുമന്ദം), സെക്രട്ടറിയായി സേവനത്തിന്റെ 25 വർഷങ്ങൾ പൂർത്തിയാ ക്കിയ ശ്രീ. ദേവസ്യ ഞാറക്കുളം (ഒണ്ടയങ്ങാടി), മതാദ്ധ്യാപനത്തിന്റെ 35 വർഷങ്ങൾ പൂർത്തിയാക്കിയ ശ്രീ. ജിൽസ് മേക്കൽ (കൊട്ടിയൂർ), ശ്രീ. ജോസ് മലയിൽ (ചെന്നലോട്), എന്നിവരേയും അഭിവന്ദ്യ പിതാവ് പൊന്നാടയണിയിച്ച് ആദരിച്ചു. തുടർന്ന് വൈദികരുടെ മാതാപിതാ ക്കൾക്ക് ഉപഹാരങ്ങൾ നൽകി ആദരിച്ചു.

കേരളത്തിലെ രൂപതകളിൽ മുൻനിരയിൽതന്നെയാണ് മാനന്ത വാടി രൂപതയെന്നും അതു പറയാൻ കാരണം ക്രിസ്തീയജീവിതം എന്തെന്നും ക്രിസ്തീയത എന്തെന്നും മനസ്സിലാക്കി ജീവിക്കുന്ന സമൂ

ഹമാണ് മാനന്തവാടി രൂപതയിലെ ജനങ്ങൾ എന്നും ബക്സർ രൂപതയുടെ ഇടയനായ മാർ സെബാസ്റ്റ്യൻ കല്ലുപുര തന്റെ മറുപടി പ്രസംഗത്തിൽ സൂചിപ്പിച്ചു. മണ്ഡ്യ രൂപതയുടെ മെത്രാൻ മാർ ജോർജ് ഞരളക്കാട്ട് തുടർന്ന് മറുപടി പ്രസംഗം നടത്തി. സീറോ മലബാർ സഭ ഇന്ന് നിലനിൽക്കുന്നുണ്ടെങ്കിൽ കുടുംബം ഭദ്രമായതുകൊണ്ടാണെന്നും കുടുംബത്തിൽ പ്രാർത്ഥനയുള്ളതുകൊണ്ടാണെന്നും ഇനിയും ഈ പ്രാർത്ഥനാ ജീവിതം കൂടുതൽ ശക്തിപ്പെടുത്തണമെന്നും പിതാവ് തന്റെ സന്ദേശത്തിൽ സൂചിപ്പിച്ചു. രൂപതാഗാനത്തോടെ സമ്മേളനം അവസാനിച്ചു.

കഴിഞ്ഞ വർഷത്തെ രൂപതാ ദിനാഘോഷത്തിൽ അവതരിപ്പിച്ചത് ഉൾപ്പടെ ബഹു. വിജയൻ ചോഴൻപറമ്പിലച്ചൻ ഈണം പകർന്നു നൽകിയ ഏതാനും പാട്ടുകളടങ്ങിയ സി.ഡി. അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് അഭിവന്ദ്യ ജോൺ മൂലച്ചിറ പിതാവിന് നൽകി റിലീസ് ചെയ്തു. തുടർന്ന് മോൺ. ജോർജ് മൂലയിൽ എല്ലാവർക്കും നന്ദി പറഞ്ഞു.

രൂപതയുടെ വിവിധഭാഗങ്ങളിൽ നിന്നായി രൂപതയിൽ സേവനം ചെയ്യുന്ന ബഹു. വൈദികർ, അവരുടെ മാതാപിതാക്കൾ, എല്ലാ സമൂഹങ്ങളുടെയും മേജർ സുപ്പീരിയേഴ്സ്, എല്ലാ സന്യാസഭവനങ്ങളുടെയും സുപ്പീരിയേഴ്സ്, രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, ഇടവകയിലെ നടത്തുകൈക്കാരന്മാർ, സെക്രട്ടറിമാർ, ദേവാലയശുശ്രൂഷികൾ, സൺഡേസ്കൂൾ പ്രധാന അധ്യാപകർ, വിവിധ സംഘടനകളുടെ രൂപതാഭാരവാഹികൾ, രൂപതയിലെ എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്., എന്നിവയുടെ പ്രധാന അധ്യാപകർ എന്നീ വിഭാഗങ്ങളിൽ നിന്നായി 1100 ലധികം വ്യക്തികൾ രൂപതാദിനാഘോഷങ്ങളിൽ പങ്കെടുത്തു. രൂപതാദിനാഘോഷങ്ങൾ സുന്ദരവും മനോഹരവുമാക്കാൻ സഹായിച്ച എല്ലാവരെയും വളരെ പ്രത്യേകമായി വിവിധ കമ്മിറ്റി കൺവീനർമാരായി പ്രവർത്തിച്ച പാസ്റ്ററൽ സെന്ററിലെ എല്ലാ വൈദീകരെയും സിസ്റ്റേഴ്സിനെയും സ്റ്റാഫംഗങ്ങളെയും സീയോൻ ധ്യാന കേന്ദ്രത്തിലെ സിസ്റ്റേഴ്സിനെയും വിവിധ സംഘടനാപ്രവർത്തകരെയും മേജർ സെമിനാരി വിദ്യാർത്ഥികളെയും പലവിധത്തിൽ സഹായ സഹകരണങ്ങൾ ചെയ്തുതന്ന എല്ലാവരെയും സ്നേഹത്തോടെ ഓർക്കുകയും ഏവർക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുകയും ചെയ്യുന്നു.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

# മതബോധനരംഗം

**മതബോധന ഞായർ : ജൂൺ 13**

ജൂൺ 13-ാം തീയതി മതബോധന ഞായറായി നാം ആഘോഷി ക്കുകയാണ്. വിശ്വാസപരിശീലനം ഒരു വ്യക്തിയുടെ ജീവിതത്തിൽ എത്രത്തോളം ആവശ്യമാണെന്ന് ബോദ്ധ്യപ്പെടുത്തുവാനുള്ള ഒരവസ രമാണിത്. ക്രൈസ്തവന്റെ ജീവിതത്തിന്റെ ആരംഭം മുതൽ അവസാനം വരെ നീണ്ടുനിൽക്കുന്ന വിശ്വാസ പരിശീലനം അവന്റെ ജീവിതത്തെ ആകമാനം സ്പർശിക്കുന്നതായിരിക്കണം. "വേദപഠനം വെറും തത്വ ങ്ങളും പഠനങ്ങളും അവതരിപ്പിക്കലല്ല, പൂർണ്ണമായ ക്രിസ്തീയ ജീവി തത്തിനുള്ള അഭ്യസനവും, ഗുരുവായ ക്രിസ്തുവിനോട് ശിഷ്യന്മാരെ ബന്ധിക്കുന്നതിന് വേണ്ടതായ പരിശീലനഘട്ടവുമാണ്." (പ്രേഷിതപ്ര വർത്തനം 14. രണ്ടാം വത്തിക്കാൻ സൂനഹദോസ്). അതിനാൽ "കത്തോ ലിക്കാ പഠനങ്ങൾ പ്രത്യേകിച്ച് വിശുദ്ധ ഗ്രന്ഥത്തിന്റെയും, ആരാധന ക്രമത്തിന്റെയും, വേദാധ്യാപനരീതിയുടെയും അജപാലനത്തിന്റെയും മണ്ഡലത്തിൽ അധ്യാപകർ ശിക്ഷണം നേടണം''. എങ്കിലേ കൗൺസിൽ പിതാക്കന്മാർ അനുശാസിക്കുന്നതുപോലെയുള്ള പരിശീ ലനം സാധ്യമാകൂ.

ഈയവസരത്തിൽ വിശ്വാസപരിശീലന രംഗത്തുള്ളവരെ പ്രത്യേകം അനുസ്മരിക്കുക ഉചിതമാണ്. കർമ്മധീരതയോടെ നയി ക്കുന്ന ബഹു. വികാരിയച്ചന്മാർ, ബഹു. സിസ്റ്റേഴ്സ്, പ്രതിഫലേച്ഛ കൂടാതെ പ്രവർത്തിക്കുന്ന അധ്യാപകർ... ഏവരെയും അഭിനന്ദിക്കു കയും ദൈവാനുഗ്രഹം ആശംസിക്കുകയും ചെയ്യുന്നു.

ക്രിസ്തീയ വിശ്വാസത്തിൽ മക്കളെ വളർത്തികൊണ്ടുവരുവാ നുള്ള ഉത്തരവാദിത്വം എല്ലാ ക്രൈസ്തവ മാതാപിതാക്കൾക്കുമുണ്ട് എന്നത് വിസ്മരിച്ചുകൂടാ. കുടുംബം പ്രഥമ പരിശീലനക്കളരിയെന്നതും, ദേവാലയത്തിന്റെ തണലിലാണ് വിശ്വാസം വളരേണ്ടതെന്നും മനസ്സി

ലാക്കി വിശ്വാസ പരിശീലനത്തെ അതീവഗൗരവത്തോടെ ശ്രദ്ധിക്കുവാൻ അവർക്ക് കഴിയണം.

വിശ്വാസ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികൾ ക്രിസ്തീയ ജീവിതത്തിനുതകുന്ന നല്ല ശീലങ്ങൾ ശിക്ഷണകാലത്തു തന്നെ ശ്രദ്ധാപൂർവ്വം പരിശീലിക്കുകയും അതനുസരിച്ച് വളരുവാൻ ശ്രദ്ധിക്കുകയും വേണം.

നമ്മുടെ വിശ്വാസപരിശീലന വേദിയിൽ ഉൾച്ചേർത്തിരിക്കുന്ന പാഠഭാഗങ്ങൾ, വി.ഗ്രന്ഥം പഠനാർത്ഥമുള്ള 'എന്റെ വചനഡയറിയും' അതിലെ പ്രായോഗിക പ്രവർത്തന തലവും... എല്ലാം ക്രിസ്തീയ ജീവിതശൈലി കുട്ടികളിൽ രൂപപ്പെടുത്തുവാനുള്ളതാണ്.

വിശ്വാസം ദൈവദാനമാണ്. വിശ്വാസത്തിൽ വളരുവാനും വളർത്തുവാനും മതബോധനഞായർ ആഘോഷങ്ങൾ എല്ലാവരെയും സഹായിക്കട്ടെ.

**അധ്യാപക പരിശീലനം**

കഴിഞ്ഞ മാസത്തെ ബുള്ളറ്റിനിൽ അറിയിച്ചതുപോലെ അധ്യാപക പരിശീലനങ്ങൾ നടത്തുന്നതാണ്.

XII-ാം ക്ലാസിന്റെ പരിശീലനത്തിന്റെ തീയതിയിൽ മാത്രം മാറ്റം വരുത്തുകയാണ്. ജൂൺ 19, 20 ദിവസങ്ങളിലായിരിക്കും അവരുടെ പരിശീലനം. രാവിലെ 9.30 ന് ആരംഭിച്ച് അടുത്ത ദിവസം വൈകുന്നേരം 4.30 ന് അവസാനിക്കും.

X, XI - ജൂൺ 5, 6

VII, VIII, IX - ജൂൺ 12, 13

XII - ജൂൺ 19, 20

I, II, III - ജൂൺ 25, 26, 27 (ആമുഖ സെമിനാർ)

IV, V, VI - ജൂലൈ 3, 4

മണിമൂളി-നിലമ്പൂർ റീജനിലെ എല്ലാ ക്ലാസിലെയും അധ്യാപക പരിശീലനം, ജൂൺ 5, 6 ദിവസങ്ങളിലായിരിക്കും. സ്ഥലം മണിമൂളി പാസ്റ്ററൽ സെന്റർ.

**പ്രത്യേക ശ്രദ്ധയ്ക്ക്**

അധ്യാപക പരിശീലനത്തിന് വരുന്നവരുടെ പേരുകൾ രൂപതാ ഓഫീസിൽ നിശ്ചിത തീയതിക്ക് രണ്ടുദിവസം മുൻപെങ്കിലും രജിസ്റ്റർ ചെയ്തിരിക്കണം.

**എന്റെ വചനഡയറി**

വിശുദ്ധഗ്രന്ഥ പഠനാർത്ഥം വിശ്വാസപരിശീലന ക്ലാസിൽ നമ്മൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന 'എന്റെ വചനഡയറി' കുട്ടികളുടെ വിശ്വാസപരിശീലന സിലബസിൽ നമ്മൾ തുടരുകയാണ്. അത് ഫല പ്രദമായി ഉപയോഗിക്കാൻ അധ്യാപകർ ശ്രദ്ധിക്കുമല്ലോ.

**നന്ദിയോടെ**

കഴിഞ്ഞ വർഷങ്ങളിൽ ഫൊറോന ഡയറക്ടർമാരായി ഏറെ കാര്യക്ഷമമായി വിശ്വാസപരിശീലനരംഗത്തെ നയിച്ച ബഹു. ഷാജി മുളകുടിയാങ്കൽഅച്ചൻ (കല്ലോടി), ബഹു. വിൻസെന്റ് കളപ്പുരയച്ചൻ (തരിയോട്), ബഹു. പോൾ വാഴപ്പിള്ളിയച്ചൻ (കൽപ്പറ്റ) എന്നിവർക്ക് ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. പുതിയ ഇടവകകളിൽ എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

**ഡിപ്ലോമ റാങ്ക്**

ഡിപ്ലോമ പരീക്ഷയിൽ ഉന്നതവിജയം നേടിയവരെ പ്രത്യേകം അനുമോദിക്കുന്നു. രൂപതാ ഫൊറോനാതലങ്ങളിൽ മുന്നി ലെത്തിയവർക്കും അവരെ ഒരുക്കിയവർക്കും അഭിനന്ദനങ്ങൾ. പോരൂർ ഇടവകയിലെ ബഹു. വികാരിയച്ചൻ, ഹെഡ്മാസ്റ്റർ, അധ്യാപകർ, 10-ാം ക്ലാസിലെ അധ്യാപിക,.... എല്ലാവരെയും വളരെ പ്രത്യേകമായി അഭി നന്ദിക്കുന്നു. റാങ്ക് കിട്ടിയ കുട്ടികളുടെ പേര് ചുവടെ ചേർക്കുന്നു.

## Diploma Rank Holders 2009-2010

| Sl. No | Reg.No. | Name | Parish | Forane | Mark | Rank |
|---|---|---|---|---|---|---|
| 1. | 10/F 1651 | Annakutty (Ashana) Kaduvannur | Poroor | Mananthavady | 90 | I |
| 2. | 10/F 1650 | Mariam (Anju) Vattamkandathil | Poroor | Mananthavady | 89 | II |

## Other Top 10 Rank Holders (Diocesan Level)

| Sl. No | Reg.No. | Name | Parish | Forane | Mark | Rank |
|---|---|---|---|---|---|---|
| 1. | 10/F 1662 | Thresia (Nishitha) Aerathumalayil | Poroor | Mananthavady | 88 | III |
| 2. | 10/H 3154 | Ann Mary (Jestysoul) Vattakkunnel | Padichira | Mullankolly | 88 | III |
| 3. | 10/H 3041 | Annamma (Neetu Thomas) Assariparambil | Kabanigiri | Mullankolly | 88 | III |
| 4. | 10/J 2127 | Annamma (Jisna) Kollamparambil | Valavayal | Nadavayal | 88 | III |

| | | | | | |
|---|---|---|---|---|---|
| 5.10/F 1606 | Rosily (Anju) Edamuriyil | Cathedral | Mananthavady | 87 | IV |
| 6.10/H 3036 | Annmaria (Annmaria) Kuttiamkonath | Kabanigiri | Mullankolly | 87 | IV |
| 7.10/D 1711 | Mary (Salaba Louis) Kizhakkeparambil | Dwaraka | Kallody | 87 | IV |
| 8.10/M 1138 | Mary (Gincy) Thottathil | Chennalode | Thariode | 87 | IV |
| 9.10/M 1123 | Monica (Dhanya) Thevarkattil | Chennalode | Thariode | 87 | IV |
| 10. 10/C 979 | Mariam (Blessy) Cheriyatharappil | Kayyunni | Gudallur | 87 | IV |

## Diploma Rank Holders (Forane Level)

| | | | | |
|---|---|---|---|---|
| 1.10/A 1539 | Thresia (Honey Mathew) Vattakunnel | Kallumukku | Bathery | 84 |
| 2.10/B 1707 | Anilitta Kunnath | Kelakam | Chungakkunnu | 82 |
| 3.10/C 967 | Anse (Ansina) Kalathilparambil | Kayyunni | Gudallur | 84 |
| 4.10/D 1828 | Mary (Joysee) Pandippilly | Karimbil | Kallody | 85 |
| 5.10/E 1148 | Elsy (Amaya) Kochupurackal | Kalpetta | Kapletta | 82 |
| 6.10/F 1704 | Rose Mary (Ashley) Veliyath | Thavinjal | Mananthavady | 83 |
| 7.10/G 1225 | Jijo Jacob (Jijo) Thakarappillil | Palemad | Manimooly | 83 |
| 8.10/H 3011 | Mariam (Neenu) Vadakkekkunnel | Amarakuni | Mullankolly | 84 |
| 9.10/J 2041 | Mary (Jyothis) Pallath | Nadavayal | Nadavayal | 85 |
| 10. 10/K 921 | Annie (Aleena) Manappurath | Nilambur | Nilambur | 83 |
| 11. 10/L 1046 | Varghese (Lijo) Thottiparambil | Kammana | Payyampally | 80 |
| 12. 10/M 1252 | Rosamma (Hony) Puthukulangara | Thariode | Thariode | 83 |

## ചുങ്കക്കുന്ന് ഫൊറോന
## മേഖലാ സ്കോളർഷിപ്പ് പരീക്ഷാഫലം 2009-2010

| ക്ലാസ് | കുട്ടിയുടെപേര്, വീട്ടുപേര് | ഇടവക | സ്ഥാനം |
|---|---|---|---|
| V | ഫിലോമിന തട്ടാരപ്പള്ളിൽ | അടക്കാത്തോട് | I |
| V | മേരി മാന്ദാത്ത് | കേളകം | II |
| VI | മേരി ആഞ്ചേരിൽ | അമ്പായത്തോട് | I |
| VI | റോസ്മേരി കുന്നത്ത് | കൊട്ടിയൂർ | II |
| VIII | അൽഫോൻസ നരിമറ്റത്തിൽ | ചുങ്കക്കുന്ന് | I |
| VIII | റോസിലിന്റ് വടക്കേൽ | കൊട്ടിയൂർ | II |
| IX | മേരി വെട്ടിയാട്ട് | കൊട്ടിയൂർ | I |
| IX | മേരി കൊച്ചുവെമ്പള്ളിൽ | പാൽച്ചുരം | II |

ജൂൺ മാസത്തിൽ ചേരുന്ന മേഖലാ ഹെഡ്മാസ്റ്റേഴ്സ് യോഗത്തിൽ വിജയികൾക്കായി മുണ്ടക്കൽ സ്റ്റീഫൻ, മേയ്ക്കൽ ഔസേപ്പ് വർക്കി എന്നിവരുടെ പേരിൽ ഏർപ്പെടുത്തിയിട്ടുള്ള ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്യുന്നതാണ്.

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ബൈബിൾ അപ്പോസ്തലേറ്റ്

"പുല്ല് കരിയുന്നു പുഷ്പം വാടുന്നു. നമ്മുടെ ദൈവത്തിന്റെ വചനമാകട്ടെ എന്നേയ്ക്കും നിലനിൽക്കും" (ഏശയ്യാ 40/8)

**ബൈബിൾ വാരാചരണം - 2010 ജൂൺ 13-20**

ഈ ജൂൺ 20-ാം തീയതി ഞായറാഴ്ച ബൈബിൾ ഞായറായി ആഘോഷിക്കുകയാണ്. ഇതിനൊരുക്കമായി ജൂൺ 13 മുതലുള്ള ഒരാഴ്ചക്കാലം പ്രത്യേകമായി ബൈബിൾ വാരമായി ആഘോഷിക്കാൻ തീരുമാനിച്ചിരിക്കുന്നു. ബൈബിൾ വാരാചരണത്തിന്റെ ലഘുലേഖകൾ (വായനകളും, പ്രാർത്ഥനകളും ഉൾക്കൊള്ളുന്നത്) ഇതിനോടകം ഇടവകയിൽ ലഭിച്ചു എന്ന് കരുതുന്നു. ജൂൺ 13 മുതലുള്ള ഒരാഴ്ചക്കാലം ബൈബിളിൽ ആഴപ്പെടാനായി നമുക്ക് ഉപയോഗിക്കാം.

(ഈ ആഴ്ചയിൽ ശ്രദ്ധിക്കാവുന്നത്: വിശുദ്ധ കുർബാനയ്ക്ക് മുൻമ്പ് ആഘോഷമായ ബൈബിൾ പ്രദക്ഷിണം, ഇടവകയിൽ ബൈബിൾ ഇല്ലാത്ത കുടുംബങ്ങളിൽ ബൈബിൾ എത്തിക്കുക. വിവിധ ഗ്രൂപ്പുകൾക്ക് വി. കുർബാനയുടെ വായനകൾ നടത്താൻ ഒരുക്കവും അവസരവും നൽകുക, ബൈബിൾ ക്വിസ് നടത്തുക, കുട്ടികൾക്കുള്ള കുർബാനയ്ക്ക് ബൈബിൾ വായനയുടെ രംഗങ്ങൾ ദൃശ്യാവതരണമായി പരിചയപ്പെടുത്തുക.)

NB:- ബൈബിൾ വാരാചരണത്തിന്റെ ഭാഗമായി ശാലോം ചാനലിൽ പ്രത്യേക പ്രോഗ്രാമുകൾ ഉണ്ട്. ഒപ്പം ബൈബിൾ വാരത്തിലെ ഓരോ ദിവസവും ദീപിക പത്രത്തിൽ പ്രത്യേക വിചിന്തനങ്ങൾ ഉണ്ടായിരിക്കും.

**ലോഗോസ് ക്വിസ്**

ഗിന്നസ് ബുക്കിൽ ഇടംനേടിയ ലോഗോസ് ക്വിസിന്റെ 2010

വർഷത്തെ മത്സരങ്ങൾക്കുള്ള രജിസ്ട്രേഷൻ 2010 ജൂൺ 1-ാം തീയതി ആരംഭിക്കുന്നു. ജൂലൈ 31-ാം തീയതി രജിസ്ട്രേഷൻ അവസാനിക്കും. രജിസ്ട്രേഷൻ ഫീസ് 10 രൂപയാണ്.

A (01-01-1999 നു ശേഷം ജനിച്ചവർ)

B (01-01-1994 നും 31-12-1998 നും ഇടയിൽ ജനിച്ചവർ)

C (01-01-1979 നും 31-12-1993 നും ഇടയിൽ ജനിച്ചവർ)

D (01-01-1959 നും 31-12-1978 നും ഇടയിൽ ജനിച്ചവർ)

E (31-12-1958 ന് മുൻപ് ജനിച്ചവർ)

എന്നിങ്ങനെ 5 വിഭാഗങ്ങളിലായിരിക്കും മത്സരം. മത്സരത്തിനുള്ള പാഠഭാഗങ്ങൾ.

(1) പുറപ്പാട് 1-15, (2) വി. മത്തായി 1-14, (3) വി. യാക്കോബ് എഴുതിയ ലേഖനം (മലയാളത്തിൽ POC ബൈബിൾ/ഇംഗ്ലീഷിൽ RSV ബൈബിൾ)

**രൂപതാതല മത്സരം**

2010 സെപ്റ്റംബർ 26-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.00 വരെയാണ്.

**സംസ്ഥാനതല മത്സരം**

2010 നവംബർ 28 ന് രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4.00 വരെയായിരിക്കും.

ഇടവകയിലെ മുഴുവൻ വ്യക്തികളും പങ്കെടുക്കാനാവശ്യമായ ക്രമീകരണങ്ങൾ നടത്തുമല്ലോ. പ്രസ്തുത ക്രമീകരണങ്ങൾ നടത്താൻ ഇടവകയിലെ മാതൃസംഘാംഗങ്ങളുടെ സഹകരണവും മാതൃസംഘം ആനിമേറ്ററുടെ സേവനവും ഉപയോഗിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

ഓഫീസ് ഫോൺ നമ്പർ: 04935 - 241335

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ബൈബിൾ അപ്പോസ്റ്റലേറ്റ്

# ചെറുപുഷ്പ മിഷൻലീഗ്

**മാധ്യമവർഷം**

## നന്ദിയുടെ വാടാമലരുകൾ....

കർമ്മനിരതമായ 3 വർഷങ്ങൾ സമ്മാനിച്ച് ഒരു ഭരണസമിതി കൂടി സ്ഥാനമൊഴിഞ്ഞിരിക്കുന്നു. ഓർമ്മിക്കാൻ ഒത്തിരിയേറെ നേട്ടങ്ങൾ സ്വന്തമാക്കികൊണ്ടാണ് കഴിഞ്ഞ 3 വർഷത്തെ ഭരണസാരഥികളായിരുന്ന ജോൺസൺ ചിറായിലും ടീമും പിൻവാങ്ങുന്നത്. ശക്തമായ നേതൃത്വമാണ് ഓരോ സംഘടനയെയും വളർച്ചയിലേയ്ക്ക് നയിക്കുന്നതെങ്കിൽ കഴിഞ്ഞ ഭരണസമിതിയെക്കുറിച്ച് ഓർക്കുമ്പോൾ അത് തികച്ചും യാഥാർത്ഥ്യമാണ്. ബഹു. അബ്രാഹം നാടുകുന്നേലച്ചനോട് ചേർന്ന് ചിട്ടയായ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ മികച്ച രൂപതയായി മാറ്റുന്നതിൽ കഴിഞ്ഞ ഭരണസമിതി നിർണ്ണായക പങ്കുവഹിച്ചു എന്നത് നിസ്തർക്കമാണ്. നന്ദിയോടുകൂടി ഓർമ്മിക്കുന്നു നിങ്ങളുടെ പ്രവർത്തനങ്ങളെ. രൂപത മുഴുവനിലുമുള്ള അംഗങ്ങൾ നന്ദിയോടെ ശിരസ്സ് നമിക്കുന്നു. നിങ്ങൾക്ക് ഇനിയും ഈ കർമ്മധീരത നഷ്ടപ്പെടാതിരിക്കട്ടെ. നന്ദി.... നന്ദി....

## സ്വാഗതത്തിന്റെ നറുമലരുകൾ.....

2010-2013 വർഷത്തേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതിക്ക് പ്രവർത്തന പന്ഥാവിൽ ആശംസകളും നേരുന്നു. കാലഘട്ടത്തിന്റെ സ്പന്ദനങ്ങൾ കണ്ടറിഞ്ഞ് സംഘടനയ്ക്ക് ശക്തമായ നേതൃത്വം നൽകി പുതിയ രൂപവും ഭാവവും നൽകി നയിക്കാൻ ദൈവം ശക്തി നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. വലിയൊരു ഉത്തരവാദിത്തമാണ് പുതിയ ഭരണസമിതിക്ക് മുന്നിലുള്ളത്. ഇന്നലകളുടെ തേരാളികൾ നേടിയ നന്മയുടെ നേട്ടങ്ങൾക്ക് കുറവ് വരാതെ കൂടുതൽ ശക്തിയോടെ കരുത്തോടെ സംഘടനയെ പുതിയ ദിശാബോധം നൽകി വഴിനടത്തുക ശ്രമകരമാണത്. ദൈവത്തിന്റെ കൈപിടിച്ച് മുന്നോട്ട് നയിക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു. പ്രാർത്ഥിക്കുന്നു.

പുതിയ പ്രവർത്തന വർഷത്തിലേയ്ക്ക് നാം പദമൂന്നുകയാണ്. അവധിക്കാലത്തിന്റെ മാധുര്യം മുഴുവൻ നുകർന്ന് പുതിയ പ്രവർത്തന വർഷത്തിലേയ്ക്കും അധ്യായന വർഷത്തിലേയ്ക്കും പ്രവേശിക്കുമ്പോൾ നമുക്ക് കൂടുതൽ കർമ്മോത്സുകരാകാം. പുതിയ ശാഖ, മേഖലാ ഭാരവാഹികളെ തിരഞ്ഞെടുക്കുമ്പോൾ ശക്തരും കഴിവുള്ളവരുമായവരെ തിരഞ്ഞെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. മിഷൻലീഗ് കുട്ടികളുടെമാത്രം സംഘടനയല്ല. അത് അല്മായസംഘടനയാണ്. കുട്ടികളും മുതിർന്നവരും എല്ലാം ഒറ്റക്കെട്ടായി പ്രേഷിത പ്രവർത്തനം ലക്ഷ്യം വച്ച് പ്രവർത്തിക്കുന്ന അല്മായ സംഘടന. അതുകൊണ്ട് തന്നെ സംഘടനയെ നയിക്കാൻ പ്രാപ്തിയുള്ള മുതിർന്നവരും രംഗത്ത് വരണമെന്ന് അഭ്യർത്ഥിക്കുന്നു. 2010–2011 പ്രവർത്തനവർഷം മാധ്യമവർഷമായി ആചരിക്കുകയാണ്. ശാഖാ സെമിനാറുകൾ, മാധ്യമങ്ങളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് അംഗങ്ങളെ ബോധവൽക്കരിക്കുന്നതിന് വേണ്ടിയുള്ളതാണ്. റേഡിയോ മാറ്റൊലിയുമായി സഹകരിച്ച് ഒരു ശാഖയ്ക്ക് നൽകപ്പെട്ടിരിക്കുന്ന ദിവസത്തിൽ തന്നെ റേഡിയോ പ്രോഗ്രാം തയ്യാറാക്കി അവതരിപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. പരിപാടികൾ നടത്താൻ ശാഖ നേതൃത്വം നേരത്തെ തന്നെ റേഡിയോ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. മാധ്യമങ്ങളുടെ ദുരുപയോഗം ഒരു തലമുറയെതന്നെ നശിപ്പിക്കുന്നതരത്തിൽ എത്തിയിരിക്കുന്നു. ഇതിനെതിരെ നമ്മുടെ കുട്ടികളെ നാം ബോധവൽക്കരിക്കേണ്ടതുണ്ട്. ആയതിലേയ്ക്ക് ബഹു. ശാഖ ഡയറക്ടറച്ചൻമാരുടെയും, ജോ.ഡയറക്ടർ സിസ്റ്റേഴ്സിന്റെയും, ഭാരവാഹികളുടെയും പൂർണ്ണമായ പിന്തുണയുണ്ടാകുമെന്ന് വിശ്വസിക്കട്ടെ. പുതിയ പ്രവർത്തനവർഷത്തിന് എല്ലാവിധ മംഗളങ്ങളും ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

**ടോമിയച്ചൻ**

## ശാഖാ മേഖലാ രൂപതാ ഭാരവാഹികളുടെ സംഗമം, രൂപതാ കൗൺസിൽ – ജൂൺ 12 ന് ദ്വാരകയിൽ

ചെറുപുഷ്പമിഷൻലീഗ് മാനന്തവാടി രൂപതയിലെ 150 ശാഖകളിലെ ഭാരവാഹികളുടേയും 12 മേഖലകളിൽ നിന്നുള്ള ഭാരവാഹികളുടേയും രൂപതാ ഭാരവാഹികളുടേയും സംഗമവും 2010–11 പ്രവർത്തന വർഷ ഉദ്ഘാടനവും ജൂൺ 12 ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ നടക്കും. മാനന്തവാടി രൂപതാമെത്രാൻ മാർ ജോസ് പൊരുന്നേടം കൗൺസിലും പ്രവർത്തനവർഷവും ഉദ്ഘാടനം ചെയ്യും. ചെറുപുഷ്പ മിഷൻലീഗിന്റെ വെബ്സൈറ്റ് ഉദ്ഘാടനം, രൂപത പ്രവർത്തനവർഷ

മാർഗ്ഗരേഖ പ്രകാശനം എന്നിവ കൗൺസിലിൽ നടക്കും. ശാഖയിലുള്ള എല്ലാ ഭാരവാഹികളും നിർബന്ധമായും കൗൺസിലിൽ പങ്കെടുക്കേണ്ടതാണ്. ശാഖാ മേഖലാ ഡയറക്ടേഴ്സിനേയും ജോ.ഡയറക്ടേഴ്സിനേയും ഹൃദയപൂർവ്വം രൂപതാകൗൺസിലിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

<u>കാര്യപരിപാടികൾ</u>

9.30 a.m. - പതാകയുയർത്തൽ

9.40 a.m. - വചനപ്രതിഷ്ഠ

9.45 a.m. - ഉദ്ഘാടനം, ക്ലാസുകൾ, മാർഗ്ഗരേഖ അവതരണം

## രൂപതാ ടീം മീറ്റിംഗ് - ജൂൺ 11 (6 മണിക്ക്)

ചെറുപുഷ്പ മിഷൻലീഗ് രൂപതടീം മീറ്റിംഗ് ജൂൺ 11 ന് വൈകുന്നേരം 6 മണിക്ക് പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. ടീം അംഗങ്ങൾ നിർബന്ധമായും എത്തിച്ചേരേണ്ടതാണ്.

## ശാഖാ മേഖലാ സാരഥികളെ കണ്ടെത്തുക

മിഷൻലീഗിന്റെ ശാഖാ മേഖലാ പ്രവർത്തനങ്ങളെ കർമ്മധീരതയോടെ നയിക്കുവാൻ കഴിവുള്ള ശാഖാ മേഖലാ ഭാരവാഹികളെ കണ്ടെത്തുകയും തിരഞ്ഞെടുക്കുകയും ചെയ്യേണ്ടതാണ് തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളുടെ മേൽവിലാസം ഫോൺ നമ്പർ സഹിതം ഡയറക്ടറച്ചന്റെ അംഗീകാരത്തോടെ രൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. മുതിർന്ന അംഗങ്ങളെ ഭാരവാഹികളായി തിരഞ്ഞെടുക്കുവാൻ ശ്രദ്ധിക്കണേ.

## നടവയൽ, കല്ലോടി, തരിയോട് റീജിണൽ ക്യാമ്പ് - സീനായ് 2010

റീജിണൽക്യാമ്പ് കല്ലോടി മേഖലയിലെ കുഞ്ഞോം ഇടവകയിൽ വെച്ച് നടന്നു. കുഞ്ഞോം ഇടവകവികാരി റവ.ഫാ. തോമസ് പരുന്തനോലിൽ ഉദ്ഘാടനം ചെയ്തു. റവ.ഫാ. വിൻസെന്റ് കൊരട്ടിപറമ്പിൽ, റവ.ഫാ. തോമസ് കാട്ടുതുരുത്തിയിൽ, ജോയി മേപ്പാടത്ത്, രഞ്ജിത്ത് മുതുപ്ലാക്കൽ, ജോൺസൺ ചിറായിൽ, സോണിജ് മാരാംകണ്ടത്തിൽ, ഡെന്നീസ് എന്നിവർ പ്രസംഗിച്ചു. ജോൺസൺ ചിറായിൽ, ജോൺസൺ വടക്കേക്കര, സജി വേങ്ങത്തടം, തോമസ് കല്ലറയ്ക്കൽ, ബിനു മൂലേപ്പറമ്പിൽ, എൻ.യു. ടോമി എന്നിവർ ക്ലാസ് നയിച്ചു. ചടങ്ങിൽ വൈദികരെ ആദരിക്കുകയും ഉപഹാരം സമർപ്പിക്കുകയും ചെയ്തു.

## മണിമൂളി, നിലമ്പൂർ റീജിണൽ ക്യാമ്പ്

നിലമ്പൂർ, മണിമൂളി റീജിയണൽക്യാമ്പ് ഏപ്രിൽ 28, 29 തീയതികളിൽ മണിമൂളി പാസ്റ്ററൽ സെന്ററിൽ നടന്നു. നിലമ്പൂർ-മണിമൂളി റീജിയൻ സോഷ്യൽ സർവ്വീസ് ഡയറക്ടറും വള്ളിക്കെട്ട്പള്ളി വികാരിയുമായ റവ.ഫാ. ബിജു തുരുത്തേൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. റവ.ഫാ. അനിൽ മുഞ്ഞനാട്ട്, റവ.ഫാ. ടോമി പുത്തൻപുര, റവ.ഫാ. ജെയിംസ് മാങ്കോട്ട്, ശ്രീ. ജോൺസൺ ചിറായിൽ, റവ.ഫാ. ജസ്റ്റിൻ മുത്താനിക്കാട്ട് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ വൈദികരെ ആദരിക്കുകയും ഉപഹാരം സമർപ്പിക്കുകയും ചെയ്തു. ശ്രീ. ജോൺസൺ ചിറായിൽ, ബിനു മൂലേപ്പറമ്പിൽ, ഷാജു പി. ജെയിംസ്, റവ.ഫാ. ടോമി പുത്തൻപുര, ബിനു മാങ്കൂട്ടത്തിൽ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ് നയിച്ചു. മണിമൂളി, നിലമ്പൂർ മേഖലാഭാരവാഹികൾ ക്യാമ്പിനു വേണ്ട ക്രമീകരണങ്ങൾ ചെയ്തു അവരെ നന്ദിയോടെ അനുസ്മരിക്കുന്നു.

## സീനായ് 2010 - രൂപതാക്യാമ്പ്

സീനായ് രൂപതാക്യാമ്പ് മെയ് 4,5,6,7 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. സി. എം. എൽ. ദേശീയ ഡയറക്ടർ റവ.ഫാ. ബെന്നി മുതിരക്കാലായിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. നാല് ദിവസങ്ങളിലായി നടന്ന ക്യാമ്പിൽ 80 കുട്ടികൾ പങ്കെടുത്തു. എറണാകുളം എം.എസ്.റ്റി. വൈദീകർ ക്യാമ്പ് നയിച്ചു.

## എന്റെ മാറ്റൊലി - റേഡിയോ പ്രോഗ്രാം

മാധ്യമവർഷത്തോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻലീഗ് ഈ പ്രവർത്തനവർഷം രൂപതയിലെ മുഴുവൻ ശാഖകൾക്കും റേഡിയോ പ്രോഗ്രാം അവതരിപ്പിക്കാൻ അവസരമൊരുക്കിയിരിക്കുന്നു. നമ്മുടെ രൂപതയുടെ ആഭിമുഖ്യത്തിലുള്ള റേഡിയോ മാറ്റൊലിയിൽ ഓരോ ശാഖകൾക്കും നിശ്ചയിക്കപ്പെട്ട ദിവസം പ്രോഗ്രാം അവതരിപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ ശാഖകളും ഈ അവസരം വിനിയോഗിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## വാർഷിക മാനേജിംഗ് കമ്മിറ്റിയും പ്രാർത്ഥാദിനവും

രൂപതാ വാർഷിക മാനേജിംഗ് കമ്മിറ്റിയും പ്രാർത്ഥനാദിനവും മെയ് 7,8 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. 7-ാം തീയതി വൈകുന്നേരം രൂപതാഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുര പ്രാർത്ഥനാദിനം ഉദ്ഘാടനം ചെയ്തു. റവ.ഫാ. ജോർജ് തേരകം പ്രാർത്ഥനാദിന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. 8-ാം തീയതി രാവിലെ 10 ന് വാർഷിക മനേജിംഗ് കമ്മിറ്റി സി.എം.എൽ. സംസ്ഥാന പ്രസിഡന്റ്

ശ്രീ. ബിനോയി പള്ളിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുര സ്വാഗതം ആശംസിച്ചു. രൂപതാ പ്രസിഡന്റ് ശ്രീ. ജോൺസൺ ചിറായിൽ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ശ്രീ. സജി തറപ്പുതൊട്ടി കണക്ക്, റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് രൂപതാ പ്രവർത്തനങ്ങൾ മാനേജിംഗ് കമ്മിറ്റി ചർച്ച ചെയ്തു. സെക്രട്ടറി നന്ദി പറഞ്ഞതോടുകൂടി മാനേജിംഗ് കമ്മിറ്റി അവസാനിച്ചു.

## സി.എം.എൽ. രൂപതയ്ക്ക് പുതിയ നേതൃത്വം

വാർഷിക മാനേജിംഗ് കമ്മിറ്റിക്കുശേഷം വരുന്ന ടേമിലേയ്ക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നു. സംസ്ഥാന പ്രസിഡന്റ് ശ്രീ. ബിനോയി പള്ളിപ്പറമ്പിൽ പ്രിസൈഡിങ്ങ് ഓഫീസറായിരുന്നു.

## പുതിയ ഭാരവാഹികൾ

പ്രസിഡന്റ്:- രഞ്ജിത്ത് മുതുപ്ലാക്കൽ, വൈ.പ്രസിഡന്റ്:- ജോസ്ന പാറക്കുന്നേൽ, സെക്രട്ടറി:- ബിനു മാങ്കൂട്ടത്തിൽ, ജോ.സെക്രട്ടറി:- ദിൽന കാവനമാലിൽ, ജനറൽ ഓർഗനൈസർ:-സജി വേങ്ങത്തടത്തിൽ, റീജണൽ ഓർഗനൈസർ:- ഡോളി പാറേക്കുടിയിൽ, ബിനീഷ് തുമ്പിയാംകുഴി, സിനി പേരിയക്കോട്ടിൽ, നിതീഷ് ആലുങ്കൽ, സ്റ്റേറ്റ് മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ:- ജോൺസൺ ചിറായിൽ, സജി തറപ്പുതൊട്ടിയിൽ, ജോയി മേപ്പാടത്ത്, ജോസ്മി വട്ടുകുളം.

**നന്ദിയോടെ**

കഴിഞ്ഞ 3 വർഷക്കാലം രൂപതാ ഓഫീസിലെ പ്രവർത്തനങ്ങൾ വളരെ കൃത്യതയോടെയും ആത്മാർത്ഥതയോടെയും ചെയ്ത് തന്റെ കഴിവും സമയവും സംഘടനയ്ക്ക് വേണ്ടി വിനിയോഗിച്ച് ഓഫീസ് സെക്രട്ടറിയായി സ്തുത്യർഹസേവനം ചെയ്ത സി. അർച്ചന CMC മണ്ഡ്യ രൂപതയിലെ മൈസൂറിലേയ്ക്ക് മദർ സുപ്പീരിയറായി സ്ഥലം മാറിപ്പോകുന്നു. സിസ്റ്റർ സി.എം.എൽ. മാനന്തവാടി രൂപതയ്ക്ക് നൽകിയ സംഭാവനകളെ നന്ദിയോടെ അനുസ്മരിക്കുന്നു. പുതിയ പ്രവർത്തനപാതയിൽ എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു.

സി.എം.എൽ. മാനന്തവാടി രൂപതയ്ക്ക് എന്നും താങ്ങായി പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ച് ഡയറക്ടറോടൊപ്പം നിന്ന് നയിച്ച ബഹു. ജോ.ഡയറക്ടർ സി. വിജയ SABS അമ്പലവയലിലേയ്ക്ക് സ്ഥലംമാറി പോകുന്നു. സിസ്റ്റർ കഴിഞ്ഞ മൂന്നുവർഷവും സംഘടനയ്ക്ക് നെടുംതൂണായിരുന്നു. സംഘടനയ്ക്ക് ചെയ്ത എല്ലാ നന്മകളെയും നന്ദിയോടെ ഓർക്കുന്നു. പുതിയ പ്രവർത്തന പന്ഥാവിൽ മിഷൻലീഗ് മാനന്തവാടി രൂപതാകുടുംബത്തിന്റെ എല്ലാവിധ ആശംസകളും നേരുന്നു.

**സു സ്വാഗതം**

മിഷൻലീഗ് രൂപതാ ഓഫീസ് സെക്രട്ടറിയായി വന്നിരിക്കുന്ന സി. ഫൗസ്റ്റീന CMC യാണ്. സിസ്റ്റർ ഏറ്റെടുത്തിരിക്കുന്ന പുതിയ ദൗത്യത്തിന് എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

സി.എം.എൽ. മാനന്തവാടി രൂപതയുടെ പുതിയ ജോ.ഡയറക്ടറായി വരുന്നത് സി. ലിസ അലക്സ് SKD യാണ്. സി.എം.എൽ. രൂപതാ കുടുംബത്തിലേയ്ക്ക് ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു. പ്രവർത്തനപന്ഥാവിൽ എല്ലാവിധ ആശംസകളും നേരുന്നു.

**കാണിക്ക നൽകിയ ശാഖകൾ**

തലഞ്ഞി-350, ഇടയൂർകുന്ന്-60, മണ്ണുവയൽ-700, പേരിയ-300, ധർമ്മഗിരി-261, പട്ടാണികൂപ്പ്-800, ഞാറപ്പാടം-145, കേളകം-400, പന്തിപ്പൊയിൽ-194, ഒലിവുമല-100, ബത്തേരി-1000, കമ്മന-60, കരിമാനി-400, ദീപ്തിഗിരി-100, നടവയൽ-1000, കുന്നൂർ-300, ചുള്ളിയോട്-200, കാട്ടിക്കുളം-150, പോരൂർ-300, ഇരുളം-200, പടമല-3200, കല്ലോടി-765, തേൾപ്പാറ-335, ഭൂദാനം-100.

**ഒരു സ്നേഹബലിയായ്**

വൈദീകവർഷത്തിൽ മാനന്തവാടി രൂപതാ വൈദീകനായ റവ.ഫാ. ജോസ് തയ്യിൽ രചനയും സംവിധാനവും നിർവ്വഹിച്ച് പുറത്തിറക്കിയ ഗാനോപഹാരം. സി.എം.എൽ. രൂപതാ ഓഫീസിൽ വിൽപ്പനയ്ക്കായ് കൊണ്ടുവന്നിരിക്കുന്നു. Concession rate -ൽ സി.ഡി. ലഭിക്കുവാൻ താൽപര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ.

**അൽഫോൻസാ കാസറ്റ്**

മിഷൻലീഗിന്റെ ഉപമദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ നൊവേനയും ഗാനങ്ങളുമടങ്ങിയ കാസറ്റ് രൂപതാ ഓഫീസിൽ നിന്നും വിലക്കിഴിവിൽ ലഭിക്കുന്നതാണ്. താൽപര്യമുള്ളവർ രൂപതാ ഓഫീസുമായി ബന്ധപ്പെടുക.

**അംഗത്വ ഫീസ്**

അംഗത്വം പുതുക്കുമ്പോൾ ശ്രദ്ധിക്കുക. സംസ്ഥാന അംഗത്വ ഫീസായ 1 രൂപകൂടി ചേർത്ത് 4 രൂപയാണ് നൽകേണ്ടത്. മൂന്ന് വർഷം കൂടുമ്പോൾ അംഗത്വം പുതുക്കേണ്ടതാണ്.

**അംഗത്വകാല പരിധി**

ഈ വർഷം മുതൽ മൽസരത്തിൽ പങ്കുചേരുന്ന സീനിയർ സൂപ്പർ സീനിയർ അംഗങ്ങൾക്ക് രണ്ട് വർഷത്തെ അംഗത്വ ലിസ്റ്റിൽ പേരുണ്ടായിരിക്കണമെന്ന നിബന്ധന എടുത്തുമാറ്റിയിരിക്കുന്നു. ഇനി

മുതൽ അതാത് വർഷത്തെ ലിസ്റ്റിൽ പേരുണ്ടെങ്കിൽ മൽസരിക്കാവുന്നതാണ്. അംഗത്വ ലിസ്റ്റിൽ പേര് ചേർക്കാനും തിരുത്തലുകൾ നടത്താനുമുള്ള അവസാന ദിവസം ജൂലൈ 10 ആണ്. അതിന് ശേഷം യാതൊരുവിധ തിരുത്തലുകളും അനുവദിക്കുന്നതല്ല.

**വൈദികവർഷാചരണം - സാഹിത്യമത്സര വിജയികൾ**

വൈദികവർഷാചരണത്തോടനുബന്ധിച്ച് വൈദികർക്കായി നടത്തിയ സാഹിത്യരചനാ മത്സരത്തിൽ വിജയികൾ.

| | | |
|---|---|---|
| കവിത - | I | റവ.ഫാ. ജോസ് കപ്യാരുമലയിൽ |
| | II | റവ. ഫാ. മനോജ് അമ്പലത്തിങ്കൽ |
| കഥ - | I | റവ.ഫാ. ജോസഫ് പരുവുമ്മേൽ |
| | II | റവ. ഫാ. സജി ഇളയിടം |
| ഉപന്യാസം - | I | റവ.ഫാ. സെബിൻ ഐക്കരത്താഴത്ത് |
| | II | റവ. ഫാ. ജോസ് കപ്യാരുമലയിൽ |

വിജയികൾക്ക് രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങളും ആശംസകളും.

വീണ്ടുമൊരു പ്രവർത്തന വർഷത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണ്. പുതിയ പ്രതീക്ഷകളുമായി പുതിയ ഭരണസമിതി കർമ്മപഥത്തിലേയ്ക്കിറങ്ങുമ്പോൾ കഴിഞ്ഞ മൂന്നുവർഷം രൂപതയെ നയിച്ച നേതൃത്വത്തെ നന്ദിയോടെ സ്മരിക്കുന്നു. വരുംനാളുകളിൽ പ്രവർത്തന പാതയിൽ എല്ലാവരുടേയും പ്രാർത്ഥനയും പ്രോത്സാഹനവും സഹായസഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹവും ത്യാഗവും സഹനവും സേവനവും മുഖമുദ്രയാക്കി മുന്നേറുന്ന മിഷൻലീഗ് അംഗങ്ങൾക്ക് ദൈവാനുഗ്രഹപ്രദമായ പ്രവർത്തന വർഷമായിരിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥം അപേക്ഷിച്ചുകൊണ്ട് സർവ്വശക്തനായ ദൈവത്തിനു മുമ്പിൽ അനുഗ്രഹത്തിനായി പ്രാർത്ഥിച്ചുകൊണ്ട് നമുക്ക് യാത്ര തുടങ്ങാം... ചെമ്മഞ്ഞക്കൊടിക്ക് പിന്നിൽ ഒരുമിച്ച് അണിചേരാം... കർമ്മവീഥിയിൽ പാദമൂന്നാം.... രൂപതയിലെ മുഴുവൻ മിഷൻലീഗ് അംഗങ്ങളുടേയും സഹായസഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊണ്ട്

മിഷൻ അഭിവാദനങ്ങളോടെ,

**ബിനു മാങ്കൂട്ടത്തിൽ**
രൂപതാസെക്രട്ടറി

# കെ. സി. വൈ. എം.

## വിദ്യാഭ്യാസ പ്രദർശനവും സെമിനാറും

2010 ഏപ്രിൽ 28 ന് ബത്തേരി അസംപ്ഷൻ ഓഡിറ്റോറിയത്തിൽ കെ.സി.വൈ.എം. മാനന്തവാടി രൂപതാസമിതിയുടെയും, സംസ്ഥാന സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ പ്രശസ്ത എഡ്യുക്കേഷൻ മാനേജ്മെന്റ് കമ്പനിയായ ഷാഡ്വെൻഡിന്റെ സഹായത്തോടെ വിദ്യാഭ്യാസ പ്രദർശനവും സെമിനാറും സംഘടിപ്പിച്ചു. സംസ്ഥാന ഡയറക്ടർ റവ. ഫാ. ജെയ്സൻ കൊള്ളാനൂർ ഉദ്ഘാടനം ചെയ്തു. കരിയർ ഗുരു പി. ആർ. വെങ്കിട്ടരാമൻ സെമിനാർ നയിച്ചു. വിവിധ മേഖലകളിൽ നിന്നായി 500 യുവജനങ്ങൾ പങ്കെടുത്തു. ഈ പ്രോഗ്രാം വിജയിപ്പിക്കാൻ രൂപതാസമിതിയെ സഹായിച്ച ബഹുമാനപ്പെട്ട ഡയറക്ടേഴ്സിനും, ആനിമേറ്റേഴ്സിനും എല്ലാ യുവജന സുഹൃത്തുക്കൾക്കും അനുമോദനങ്ങൾ.

## നന്ദിയോടെ....

കേരള കത്തോലിക്കാ യുവജന പ്രസ്ഥാനത്തെ മാനന്തവാടി രൂപതയിൽ കഴിഞ്ഞ കാലങ്ങളിൽ പ്രവർത്തന സജ്ജമാക്കുകയും, ആത്മീയ ഉണർവ്വ് നൽകുകയും ചെയ്തിരുന്ന ബത്തേരി മേഖല ഡയറക്ടർ റവ. ഫാ. ജോജോ ഔസേപ്പറമ്പിൽ, കൊട്ടിയൂർ മേഖലാ ഡയറക്ടർ റവ. ഫാ. ഡെന്നീസ് പൂവത്തിങ്കൽ, മണിമൂളി മേഖല ഡയറക്ടർ റവ. ഫാ. മാത്യു മലയിൽ, പയ്യമ്പള്ളി മേഖല ഡയറക്ടർ റവ. ഫാ. പ്രിൻസ് തുമ്പിയാംകുഴി, പുൽപ്പള്ളി മേഖല ഡയറക്ടർ റവ. ഫാ. അലക്സ് കളപ്പുര, തരിയോട് മേഖല ഡയറക്ടർ റവ. ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ, കല്ലോടി മേഖല ആനിമേറ്റർ സി. എമിലിൻ SABS, നടവയൽ മേഖല ആനിമേറ്റർ സി. അനിറ്റ് മരിയ CMC, പുൽപ്പള്ളി മേഖല ആനിമേറ്റർ സി. ആൻസ് മരിയ SABS, പയ്യമ്പള്ളി മേഖല ആനിമേറ്റർ സി. വിൻസി ജോൺ FCC, തരിയോട് മേഖല ആനിമേറ്റർ

സി. ലിൻസ FCC എന്നിവർ കെ.സി.വൈ.എം. മേഖല ഡയറക്ടേഴ്സ് – ആനിമേറ്റേഴ്സ് സ്ഥാനത്തുനിന്നും മാറി പോവുകയാണ് ഇവർ കെ. സി.വൈ.എം മാനന്തവാടി രൂപതയ്ക്ക് നൽകിയ സേവനങ്ങൾക്കും, നേതൃത്വങ്ങൾക്കും വാക്കുകൾകൊണ്ട് പറഞ്ഞാൽ തീരാത്ത കടപ്പാടുണ്ട്. അവരുടെ പുത്തൻ പ്രവർത്തനമേഖലകളിൽ എല്ലാവിധ പ്രവർത്തന വിജയങ്ങളും ആശംസിക്കുന്നു.

## 'ANIMA-10' യൂണിറ്റ് ആനിമേറ്റർമാരുടെ സംഗമം

രൂപതയിലെ യുവജന മനസ്സുകളിൽ മാതൃസ്നേഹത്തിന്റെ നറുമണം വാരിവിതറുന്ന യൂണിറ്റ് ആനിമേറ്റർമാരുടെ സംഗമം ജൂൺ 12–ന് മാനന്തവാടി ടൗൺ ചർച്ചിൽ രാവിലെ 10 മുതൽ 3 വരെ നടത്തപ്പെടുന്ന പ്രസ്തുത പരിപാടിയിലേക്ക് എല്ലാ യൂണിറ്റ് ആനിമേറ്റേഴ്സിനെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

## ഭൂമിക്കൊരുകുട – പരിസ്ഥിതി വാരാചരണം 10

ആസന്നമായിരിക്കുന്ന പ്രകൃതിയുടെ മരണത്തെ ചെറുത്ത് തോൽപ്പിച്ച് സമ്പന്നത നഷ്ടപ്പെടുന്ന പുഴകളെയും, നഷ്ടമായിക്കൊണ്ടിരിക്കുന്ന പൈതൃകങ്ങളെയും, മരിക്കുന്ന മരങ്ങൾക്ക് പകരം മരത്തെ വളർത്തുവാനും കെ.സി.വൈ.എം. മാനന്തവാടി രൂപത മലയാള മനോരമയുമായി ചേർന്ന് പരിസ്ഥിതി വാരാചരണവും വൃക്ഷത്തൈ വിതരണവും നടത്തുന്നു. ജൂൺ 1 മുതൽ 7 വരെ സംഘടിപ്പിക്കുന്ന പരിപാടിയിൽ എല്ലാ യൂണിറ്റുകളും പങ്ക് ചേരുമല്ലോ.

## വൈദികവർഷാചരണം

മാനന്തവാടി രൂപതയിലെ യുവജനങ്ങളെ സ്നേഹിക്കുകയും, കരുത്തും ഊർജ്ജവും പകരുന്ന മേഖല ഡയറക്ടേഴ്സിനെ വൈദീക വർഷത്തോടനുബന്ധിച്ച് ജൂൺ 12 ന് ആദരിക്കുകയും പുതിയ ഡയറക്ടേഴ്സിന് സ്വീകരണം നൽകുകയും ചെയ്യുന്നു.

## ജൂലൈ 4 – യുവജനദിനം

വീണ്ടും ഒരുയുവജന ദിനംകൂടി നമ്മുടെ ചാരത്തെത്തിയിരിക്കുന്നു. വർഷത്തിൽ ഒരുദിവസം യുവജനങ്ങൾക്കായി സമ്മാനിക്കപ്പെട്ട ഈ ദിവസത്തെ എല്ലാ യൂണിറ്റുകളും ശരിയാവണ്ണം ഉപയോഗിക്കാൻ ശ്രമിക്കുമല്ലോ. അതാത് യൂണിറ്റുകളുടെ സാഹചര്യമനുസരിച്ച് പലവിധ പരിപാടികൾക്ക് ഇപ്പോൾ തന്നെ രൂപം നൽകാൻ യൂണിറ്റ് ഭാരവാഹികൾ പരിശ്രമിക്കണം. പ്രസ്തുത ദിവസത്തെ റിപ്പോർട്ടുകൾ രൂപത ഓഫീസിൽ എത്തിക്കുകയും വേണം.

## വിവാഹ മംഗളങ്ങൾ

കുടുംബ ജീവിതത്തിലേയ്ക്ക് പ്രവേശിച്ച കെ.സി.വൈ.എം. മുൻ പ്രസിഡന്റും സിൻഡിക്കേറ്റ് അംഗവുമായ അനീഷ് ഓമക്കര ഭാര്യ റാണി, രൂപതാ ജനറൽ സെക്രട്ടറി ബെന്നി പച്ചിക്കൽ ഭാര്യ സ്മിത, മുൻ കോർഡിനേറ്റർ ഷിൽജോ പള്ളയ്ക്കൽ ഭാര്യ ജിൻസി എന്നിവർക്ക് കെ.സി.വൈ.എം. രൂപതാ സമിതിയുടെ വിവാഹ മംഗളാശംസകൾ.

## മേഖലാ വാർത്തകൾ - കല്ലോടി മേഖല

25-4-10 ന് ജൂഡ്സ് മൗണ്ട് ദേവാലയത്തിൽ വച്ച് സിൻഡിക്കേറ്റ് കൂടി. മേഖലാ വൈസ്പ്രസിഡന്റ് ഷൈബി മുള്ളംകുഴി, ഓർഗ്ഗനൈസർ ദിനു ജോർജ് എന്നിവർക്ക് വിവാഹാശംസകൾ നേരുകയും യാത്രയയപ്പ് നൽകുകയും ചെയ്തു. മേഖലയുടെ മുഖപത്രമായ 'വഴിവിളക്കി'ന്റെ മൂന്നാം പതിപ്പ് എല്ലാ യൂണിറ്റുകളിലും വിതരണം ചെയ്തു.

## മാനന്തവാടി മേഖല

9-4-10 ന് മേഖലാ പ്രസിഡന്റ് ബിജു പുത്തൻകണ്ടത്തിന്റെ അധ്യക്ഷതയിൽ നടന്ന സെനറ്റിൽ മേഖലയുടെ മാർഗ്ഗരേഖ 'പാഥേയം-2010' കത്തീഡ്രൽ വികാരി റവ.ഫാ. ജോർജ് മൈലാടൂർ പ്രകാശനം ചെയ്യുകയും മേഖലാ ഡയറക്ടർ റവ.ഫാ. മാർട്ടിൻ പുതുശ്ശേരി മാർഗ്ഗരേഖ വിശദീകരണം നടത്തുകയും ചെയ്തു.

മേഖലാ സിൻഡിക്കേറ്റ് അംഗങ്ങളെ വ്യക്തിപരമായി പരിചയപ്പെടുക എന്ന ഉദ്ദേശ്യത്തോടെ 'അയനം' എന്ന പേരിൽ ഭവനസന്ദർശനം ആരംഭിക്കുകയും മേഖലാ ഡയറക്ടർ റവ. ഫാ. മാർട്ടിൻ പുതുശ്ശേരിയുടെ നേതൃത്വത്തിൽ മേഖലാ പ്രസിഡന്റ് ബിജു പുത്തൻകണ്ടത്തിന്റെ ഭവനം സിൻഡിക്കേറ്റ് അംഗങ്ങൾ സന്ദർശിക്കുകയും കുടുംബാംഗങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

24-4-10 ന് മേഖലാ ഡയറക്ടർ റവ.ഫാ. മാർട്ടിൻ പുതുശ്ശേരിയുടേയും കണിയാരം യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജെറി ഓണംപള്ളിയുടെയും നേതൃത്വത്തിൽ പേര്യ 39 P.H.C. യിൽ വച്ച് മെഡിക്കൽ ഓഫീസർ ഡോ. മേവിൽലാൽ ഉത്ഘാടനം ചെയ്തുകൊണ്ട് ഹോസ്പിറ്റൽ ക്ലീനിങ്ങ് നടത്തുകയും വിവിധ യൂണിറ്റുകളിൽ നിന്നായി 30 ഓളം യുവതീയുവാക്കൾ പങ്കെടുക്കുകയും ചെയ്തു.

## വൈത്തിരി യൂണിറ്റ്

വൈത്തിരി കെ.സി.വൈ.എം. യൂണിറ്റ് അംഗങ്ങൾ വൈത്തിരി സബ്ജയിൽ സന്ദർശിച്ചു. ഒന്നര മണിക്കൂറോളം തടവറമക്കളോടൊപ്പം

ചിലവഴിക്കുകയും അവർക്കുവേണ്ടി കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. ഡയറക്ടർ റവ.ഫാ. ബിനു പൈനുങ്കൽ നേതൃത്വം നൽകി. ഡയറക്ടർ റവ.ഫാ. ബിനു പൈനുങ്കലിന്റെ നേതൃത്വത്തിൽ കൽപ്പറ്റയിലെ അഗതിമന്ദിരമായ ക്ലാരഭവൻ സന്ദർശിച്ചു. അരി, പഞ്ചസാര തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ നൽകുകയും ഒറ്റപ്പെടലിന്റെ വേദന അനുഭവിക്കുന്ന മാതാക്കളെ കേൾക്കുകയും അവരെ ആശ്വസിപ്പിക്കുകയും ചെയ്തു. കഥ പറഞ്ഞും പാട്ടുപാടിയും തങ്ങളുടെ കഴിവ് പ്രകടിപ്പിച്ചവർക്ക്  റവ. ഫാ. ബിനു പൈനുങ്കൽ സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിച്ചു.

കെ.സി.വൈ.എം. കോഴിക്കോട് രൂപതാ സമിതിയുടെ ആഭിമുഖ്യത്തിലുള്ള കുരിശിന്റെ പ്രയാണം വൈത്തിരി പള്ളിയിൽ എത്തിച്ചേർന്നപ്പോൾ ബിനു പൈനുങ്കലച്ചന്റെ നേതൃത്വത്തിൽ കെ.സി.വൈ.എം. അംഗങ്ങൾ അവരെ സ്വീകരിച്ചു. റവ.ഫാ. ബിനു പൈനുങ്കൽ, ജോബിൻ അമ്പലത്തിങ്കൽ എന്നിവർ പ്രസംഗിച്ചു. കോഴിക്കോട് രൂപതാ കെ.സി.വൈ.എം. ഡയറക്ടർ റവ.ഫാ. ബാബു പോൾ OCD മറുപടി പ്രസംഗം നടത്തി.

## റിപ്പൺ യൂണിറ്റ്

17-4-10 ന് റിപ്പൺ യൂണിറ്റിലെ കെ.സി.വൈ.എം. അംഗങ്ങൾ ഒന്നിച്ചുചേർന്ന് പള്ളിയും പരിസരങ്ങളും സെമിത്തേരിയും വൃത്തിയാക്കി.

സ്നേഹത്തോടെ,

**ബെന്നി പച്ചിക്കൽ**

ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

### വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ

ദ്വാരക പാസ്റ്ററൽ സെന്ററിൽ ഏപ്രിൽ 23 മുതൽ 26 വരെ നടന്ന കോഴ്സിൽ 100 പേരും മെയ് 09 മുതൽ 12 വരെ നടന്ന കോഴ്സിൽ 94 പേരും മെയ് 17 മുതൽ 20 വരെ നടന്ന കോഴ്സിൽ 93 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി യത്നിച്ച എല്ലാ വൈദീകരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

### അടുത്ത മാസങ്ങളിലെ കോഴ്സുകൾ

| | | |
|---|---|---|
| ജൂൺ 18-21 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ജൂലൈ 11-14 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ജൂലൈ 30-02 | - | പാസ്റ്ററൽ സെന്റർ ദ്വാരക |

## കത്തോലിക്കാ മാതൃസംഘടന

### അഭിവന്ദ്യ പിതാവിന് സ്വീകരണം

മണ്ഡ്യ രൂപതയുടെ മെത്രാനായ മാർ ജോർജ് ഞരളക്കാട്ട് പിതാവിന് കത്തോലിക്കാ മാതൃസംഘടന അംഗങ്ങളും ഭാരവാഹികളും ഏപ്രിൽ 22 ന് പാസ്റ്ററൽ സെന്റർ ദ്വാരകയിൽ വെച്ച് ഊഷ്മള സ്വീകരണം നൽകുകയും മാതൃസംഘടനയുടെ അനുമോദനങ്ങളും പ്രാർത്ഥനകളും നേരുകയും ചെയ്തു.

മാനന്തവാടി രൂപതാ കത്തോലിക്കാ മാതൃസംഘടനയുടെ 25-ാം വാർഷികവും കലാമത്സരങ്ങളും 2010 ഏപ്രിൽ 22 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് സാഘോഷം നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ബഹു. ഡെന്നീസ് കഴുതാടിയിൽ പ്രാർത്ഥനയോടെ വാർഷികം ഉദ്ഘാടനം ചെയ്തു. 7 മണിയോടെ മത്സരങ്ങൾ അവസാനിച്ചു. 40 പോയിന്റ് നേടി മാനന്തവാടി മേഖല ഒന്നാംസ്ഥാനവും 27 പോയിന്റ് നേടി കൊട്ടിയൂർ മേഖല 2-ാം സ്ഥാനവും 23 പോയിന്റ് നേടി പയ്യമ്പള്ളി മേഖല 3-ാം സ്ഥാനവും കരസ്ഥമാക്കി. കേളകം (27), യവനാർകുളം (26), യൂണിറ്റു

കളാണ് ഏറ്റവും കൂടുതൽ പോയിന്റുകൾ നേടിയ ഇടവകകൾ. മാനന്തവാടി മേഖലയിലെ ജിഷ പറയിടത്തിലും ഷീബ ചിറമുഖത്ത് 13 പോയിന്റും വീതം നേടി കൊണ്ട് വ്യക്തിഗതചാമ്പ്യൻഷിപ്പ് പങ്കുവച്ചു. ഈ വാർഷികാഘോഷം വിജയിപ്പിക്കുവാൻ വേണ്ടി പ്രയത്നിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി. വിജയികൾക്ക് അഭിനന്ദനങ്ങൾ നേരുന്നു.

മെയ് 19 ന് രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. രൂപതാ ഡയറക്ടർ ബഹു. ഡെന്നീസച്ചന്റെ നേതൃത്വത്തിൽ ചേർന്ന മീറ്റിംഗിൽ രൂപതാ കലാമത്സരത്തെക്കുറിച്ച് വിലയിരുത്തി. ജൂൺ മാസം കല്ലോടി, പയ്യമ്പള്ളി എന്നീ മേഖലകളിൽ രൂപതാ ടീം സന്ദർശനം നടത്തുന്നതിന് ആവശ്യമായ തീരുമാനങ്ങളെടുത്തു. രൂപതാ എക്സിക്യൂട്ടീവ് മേഖലാ ഡയറക്ടേഴ്സ് & ആനിമേറ്റേഴ്സ് സംഗമവും ജൂൺ 15 ന് നടത്തുവാനും തീരുമാനിച്ചു.

**ഏപ്രിൽ 22 ന് നടന്ന രൂപതാകലാമത്സരത്തിന്റെ റിസൽട്ട്**

**ഓർമ്മ പരിശോധന**

I - മേരി കുന്നത്തുകുഴി - കമ്മന - പയ്യമ്പള്ളി
II - ഷിജി തേവർകുന്നേൽ - ജൂഡ്സ്മൗണ്ട് - കല്ലോടി
III - അന്നമ്മ തേക്കുംതോട്ടത്തിൽ - കേളകം - കൊട്ടിയൂർ

**ബൈബിൾ ക്വിസ്**

I - ത്രേസ്യാമ്മ ഏറത്തേടത്ത് - കേളകം - കൊട്ടിയൂർ
II - മേരിക്കുട്ടി കുന്നത്ത്കുഴി - കമ്മന - പയ്യംമ്പള്ളി
III - ജെസ്സി മുടവുംകുന്നേൽ - കുന്നലാടി - ഗൂഡല്ലൂർ

**ബൈബിൾ ദൃശ്യാവതരണം**

I - റീത്ത നെല്ലിക്കയത്ത് & ടീം - നടവയൽ
II - അന്നമ്മ പുതിയകുന്നേൽ & ടീം - വൈത്തിരി - കൽപ്പറ്റ
III - ഗ്രേസി & ടീം - മാർട്ടിൻ നഗർ - പയ്യമ്പള്ളി

**മോണോ ആക്ട്**

I - ഷൈനി കുളങ്ങര - തലഞ്ഞി - മണിമൂളി
II - ജിഷ പറയിടത്തിൽ - യവനാർകുളം - മാനന്തവാടി
III - ബിന്ദു കവളനാൽ - കരിമാനി - മാനന്തവാടി

**പ്രസംഗം**

I - ജിഷ പറയിടത്തിൽ - യവനാർകുളം - മാനന്തവാടി
II - മേരി ആക്കാന്തിരി - നടവയൽ - നടവയൽ
III - സ്മിത കൂട്ടുങ്കൽ - മാർട്ടിൻ നഗർ - പയ്യംമ്പള്ളി

**ലളിതഗാനം**

I - ബിന്ദു വടയാപറമ്പിൽ - തലഞ്ഞി - മണിമൂളി
II - ഷിന്റോ പുതുക്കാട്ട് - കേണിച്ചിറ - നടവയൽ
III - ജിൻസി ആളോത്ത് - വിമലഗിരി - ഗൂഡല്ലൂർ

**സംഘഗാനം**

I – ജെയ്നി തോപ്പിൽ & പാർട്ടി – ചുള്ളിയാന – കല്ലോടി

II – ഷീബ വണ്ടനാനി & പാർട്ടി – കേളകം – കൊട്ടിയൂർ

III – മിനി വേങ്ങച്ചുവട്ടിൽ & പാർട്ടി – കണിയാരം – മാനന്തവാടി

**മാർഗ്ഗംകളി**

I – ലിസി പുത്തൻപീടിക & പാർട്ടി – കേളകം – കൊട്ടിയൂർ

II – വത്സ പതിപ്ലാക്കൽ & പാർട്ടി – ചുള്ളിയാന – കല്ലോടി

III – സ്മിത & പാർട്ടി – മാർട്ടിൻനഗർ – പയ്യംമ്പള്ളി

**ബൈബിൾ വായന**

I – ജിഷ പറയിടത്തിൽ – യവനാർകുളം – മാനന്തവാടി

II – സ്മിത കൂട്ടുങ്കൽ – മാർട്ടിൻനഗർ – പയ്യംമ്പള്ളി

III – ആനി താഴത്തുവീട്ടിൽ – നെയ്ക്കുപ്പ – നടവയൽ

**ഉപന്യാസം**

I – ലില്ലി തോമസ് – ചെറുകാട്ടൂർ – നടവയൽ

II – ഷീബ ചിറമുഖത്ത് – യവനാർകുളം – മാനന്തവാടി

III – ഷാനി മഠത്തിമൂലക്കുഴി – കമ്മന – പയ്യമ്പള്ളി

**ചെറുകഥ**

I – ഷീബ ചിറമുഖത്ത് – യവനാർകുളം – മാനന്തവാടി

II – സീന മനയക്കൽ – കേളകം – കൊട്ടിയൂർ

III – തങ്കമ്മ ഒറ്റപ്ലാക്കൽ – തരിയോട് – തരിയോട്

**കവിത**

I – ഷീബ ചിറമുഖത്ത് – യവനാർകുളം – മാനന്തവാടി

II – സീന മനയക്കൽ – കേളകം – കൊട്ടിയൂർ

III – ജോമോൾ കളർപ്പാറ – ഭൂതാനം – മണിമൂളി

**നാടകം**

I – സിനു ആക്കപ്പടി & ടീം – പോരൂർ – മാനന്തവാടി

II – ലാലി കൊച്ചുമൂലയിൽ & ടീം – വാഴവറ്റ – കൽപ്പറ്റ

III – സൂസി പള്ളിച്ചാംകുടി & ടീം ചുള്ളിയാന – കല്ലോടി

## മാനന്തവാടി മേഖല

മാനന്തവാടി മേഖല മാതൃസംഘടനയുടെ എക്സിക്യൂട്ടീവ് മെയ് 4 ന് ചേരുകയുണ്ടായി. പ്രസ്തുതയോഗത്തിൽ വെച്ച് മേഖല ആനിമേറ്ററായി രണ്ട് വർഷം സ്തുത്യർഹമായ സേവനം കഴിഞ്ഞ് സ്ഥലം മാറിപ്പോകുന്ന സി. അനിലയ്ക്ക് യാത്രയയപ്പ് നൽകി. സി. അനില

യുടെ സേവനങ്ങൾക്ക് മാനന്തവാടി മേഖലയിലെ മുഴുവൻ അംഗങ്ങളും അഭിനന്ദനങ്ങൾ അറിയിക്കുകയും പ്രാർത്ഥനയും നന്ദിയും നേരുകയും ചെയ്തു.

രൂപതാ കലാമത്സരങ്ങൾ വളരെ നല്ല രീതിയിൽ സംഘടിപ്പിച്ച് വിജയിപ്പിച്ച രൂപതാ ഡയറക്ടർ ബഹു. ഡെന്നീസച്ചനും ടീമിനും മാനന്തവാടി മേഖല മാതൃസംഘടനയുടെ അഭിനന്ദനങ്ങൾ.

**മണിമൂളി മേഖല**

13-3-2010 ന് മണിമൂളി പാസ്റ്ററൽ സെന്ററിൽ മണിമൂളി മേഖലയുടെ കീഴിലുള്ള എല്ലാ ശാഖാ അംഗങ്ങളും ഒരുമിച്ചുകൂടി. ബഹു. ജോർജ് പൈനുങ്കൽ അച്ചന്റെ നേതൃത്വത്തിൽ മേഖലാ കലാമത്സരങ്ങൾ നടത്തുകയുണ്ടായി 10 മണിയോടെ മത്സരങ്ങൾ ആരംഭിച്ചു. 105 പോയിന്റ് നേടി തലഞ്ഞി ഇടവക ഒന്നാംസ്ഥാനവും 47 പോയിന്റ് നേടി പാതിരിപ്പാടം രണ്ടാം സ്ഥാനവും കരസ്ഥമാക്കി. എല്ലാവരുടെയും ഒത്തൊരുമിച്ചുള്ള പ്രവർത്തനം വഴി കലാമത്സരങ്ങൾ ഏറ്റവും ഭംഗിയായി നടത്തുവാൻ സാധിച്ചു.

**മരിയൻ സിംഗിൾസ്**

11-4-2010 ന് ഏകസ്ഥരുടെ മീറ്റിംഗ് നടത്തി. 13 പേർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ജൂൺ 22-ന് 10 മണിക്ക് നടത്തപ്പെടുന്നതാണ്.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

### നിറമനസ്സോടെ നന്ദി

ഇക്കഴിഞ്ഞ രണ്ടുവർഷക്കാലം വളരെ സ്തുത്യർഹമായ രീതിയിൽ ജീസസ് യൂത്തിനെ നയിച്ചിരുന്ന പ്രിയങ്കരനായ പ്രിൻസ് തുമ്പിയാംകുഴി അച്ചൻ മണ്ഡ്യ രൂപതയിലേയ്ക്കു സ്ഥലംമാറി പോകുകയാണ്. അച്ചന്റെ സ്നേഹശുശ്രൂഷകൾക്ക് നിറമനസ്സോടെ നന്ദി പറയുന്നതോടൊപ്പം പുതിയ പ്രവർത്തന മേഖലകളിൽ ദൈവാനുഗ്രഹം പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കഴിഞ്ഞ നാലുവർഷക്കാലം സിയോനിലെ പൊതുശുശ്രൂഷകൾക്കും ജീസസ് യൂത്ത്, ക്രിസ്റ്റീൻ മിനിസ്ട്രികൾക്കും നേതൃത്വം നൽകിയ സി. മരിയ ആൻസ് ഇടയൂർകുന്ന് മഠത്തിലെ സുപ്പീരിയർ ആയും, സിയോൻ ചാപ്പലിൽ ശുശ്രൂഷ ചെയ്തിരുന്ന സി. എമിലിൻ എസ്.എ.ബി.എസ്. മുള്ളൻകൊല്ലി മഠത്തിലെ സുപ്പീരിയർ ആയും, സിയോനിൽ ഗാനശുശ്രൂഷകൾക്കു നേതൃത്വം നൽകിയിരുന്ന സി. അനില എസ്.കെ.ഡി. കടുപ്പശ്ശേരി മഠത്തിലെ സുപ്പീരിയർ ആയും സ്ഥലം മാറുകയാണ്. ഇവരെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുകയും പുതിയ സേവനരംഗങ്ങളിൽ ധാരാളം ദൈവാനുഗ്രഹം പ്രാർത്ഥിക്കുകയും, വിജയാശംസകൾ നേരുകയും ചെയ്യുന്നു.

### ഹൃദ്യമായ സ്വാഗതം

സിയോനിൽ ജീസസ് യൂത്ത് മിനിസ്ട്രിയിൽ സഹായിക്കാനായി അഭിവന്ദ്യ പിതാവു നിയമിച്ചാക്കിയിരിക്കുന്ന ബഹു. മനോജ് കാക്കോനാൽ അച്ചന് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു. മാനന്തവാടി കത്തീഡ്രൽ ദേവാലയത്തിലും, സിയോനിലും അച്ചനു നന്മകൾ മാത്രം നേരുന്നു. വിജയാശംസകൾ അർപ്പിക്കുന്നു.

ബഹു. സി. റോഷ്ന എസ്.കെ.ഡി. യും, സി. അനിജ സി.എം.

സി. യും സിയോൻ ശുശ്രൂഷകൾക്കായി പുതുതായി നിയമിതരായിരിക്കുന്നു. ഇവരുടെ സഭാസമൂഹങ്ങൾക്കു നന്ദി പറയുന്നതോടൊപ്പം സിയോനിൽ ഇവരുടെ സാന്നിദ്ധ്യം ദൈവാനുഗ്രഹം നിറഞ്ഞതാകട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**സോണൽ മീറ്റീംഗ്**

2010 ഏപ്രിൽ 30 ആദ്യശനിയുടെ തലേദിവസം 66 ശുശ്രൂഷകർ സോണൽ മീറ്റിംഗിനായി സിയോൻ ചാപ്പലിൽ ഒന്നിച്ചുകൂടി. 9.45 മുതൽ 11 വരെ ദിവ്യകാരുണ്യ സന്നിധിയിൽ ജപമാലയിലൂടെയും ആരാധനയിലൂടെയും നാഥനോടും പരി. അമ്മയോടും ചേർന്നിരുന്ന് പ്രാർത്ഥിച്ചു. 11 –12 വരെ ബ്രദർ ബോസ് കാഞ്ഞിരപ്പുഴ വചനം പങ്കുവച്ചു. നമ്മുടെ ആത്മാവ് അപരിമേയനായ ദൈവത്തെ കണ്ടെത്തുമ്പോഴാണ് യഥാർത്ഥ സന്തോഷം ലഭിക്കുക. ദൈവശുശ്രൂഷക്കായി ദൈവം നമ്മെ തെരഞ്ഞെടുത്തു എന്നത് നമ്മുക്ക് സന്തോഷം നൽകുന്നു. ഈശോ ചെറിയൊരു സമൂഹത്തെ തെരഞ്ഞെടുത്തു. വി. ജോൺ 17 –ൽ ഈ തെരഞ്ഞെടുക്കപ്പെട്ടവർക്കും അവരുടെ വചനംവഴി തന്നിൽ വിശ്വസിക്കുന്നവർക്കും വേണ്ടി അവിടുന്ന് പ്രാർത്ഥിക്കുന്നു. കർതൃസന്നിധിയിൽ സ്വീകാര്യമാകത്തക്കവണ്ണം നാം ശുശ്രൂഷ ചെയ്യണം. 12 മണിക്ക് ബഹു. പാറയിൽ അച്ചൻ വി.ബലി അർപ്പിച്ച് സന്ദേശം നൽകി. ലഘുഭക്ഷണത്തിനുശേഷം ശുശ്രൂഷകൾക്കുള്ള നിർദ്ദേശങ്ങൾ നൽകി. തുടർന്ന് സർവ്വീസ് ടീം മീറ്റിംഗ് നടത്തി. ഓരോ മിനിസ്ട്രിയേയും ശക്തീകരിക്കുവാൻ ആവശ്യമായ കാര്യങ്ങൾ ചർച്ച ചെയ്തു. തുടർന്ന് 6 pm വരെ ശുശ്രൂഷകർ എൽഡറിംഗും പാസ്റ്ററിംഗും നടത്തി.

**ജാഗരണ പ്രാർത്ഥന**

പതിവുപോലെ 6 മുതൽ 6.30 വരെ മൗനപ്രാർത്ഥന . 6.30 ന് ജപമാല, 7 ന് വി.ബലി. തുടർന്ന് ലഘുഭക്ഷണം. ഇവയ്ക്കുശേഷം 12 മണിവരെ ജാഗരിച്ച് ദിവ്യകാരുണ്യ സന്നിധിയിൽ ആരാധന നടത്തി. ധാരാളം പേർ പങ്കെടുത്തു. ദൈവവചന വ്യാഖ്യാനം, ആരാധന എന്നിവ ബഹു. സെബാസ്റ്റ്യൻ പാറയിൽ അച്ചൻ നടത്തി. കൂടാതെ മെയ് 10 ന് രാത്രി മുഴുവൻ സിയോൻ ശുശ്രൂഷകർ ജാഗരണ പ്രാർത്ഥന നടത്തി.

**ആദ്യശനി ഏകദിന കൺവെൻഷൻ**

രാവിലെ 6 ന് മാതൃസന്നിധിയിൽ എത്തിയ ശുശ്രൂഷകർ ജപമാല അർപ്പിച്ച് പരി. അമ്മയുടെ മദ്ധ്യസ്ഥത്തിനായി പ്രാർത്ഥിച്ചു. ബഹു. പാറയിൽ അച്ചൻ വചനം നൽകി പ്രാർത്ഥിച്ച് അനുഗ്രഹിച്ച്

ശുശ്രൂഷകൾക്കായി സജ്ജരാക്കി. ഒരുക്ക ശുശ്രൂഷ, പ്രഭാതഭക്ഷണം ഇവയ്ക്കുശേഷം 8.30 ന് സ്റ്റേജിൽ പതിവായുള്ള ശുശ്രൂഷകൾ - സപ്ര, ജപമാല, സ്തുതി ആരാധന നടത്തി. 11 മണിക്ക് ബ്രദർ ബോസ് കാഞ്ഞിരപ്പുഴ വചനം പങ്കുവച്ചു. 12 മണിക്ക് ബഹു. പ്രിൻസ് തുമ്പിയാംകുഴി വി. ബലി അർപ്പിച്ച് സന്ദേശം നൽകി. ദിവ്യബലിക്കുശേഷം സാക്ഷ്യങ്ങൾ, സൗഖ്യാരാധന, ദിവ്യകാരുണ്യപ്രദക്ഷിണം ഇവ കടന്നുവന്ന മക്കൾക്കു ആത്മീയ പ്രകാശവും ഉണർവ്വും നൽകാൻ പര്യാപ്തമായിരുന്നു. കുമ്പസാരത്തിന് അവസരം ഒരുക്കി. 81 പേർവന്ന് കൗൺസിലിംഗ് നടത്തി. സിയോൻ ചാപ്പലിൽ ക്രിസ്റ്റീൻ മക്കൾക്കായി കൺവെൻഷൻ നടത്തി. ബഹു. പ്രിൻസ് അച്ചനും സ്ഥലം മാറിപോകുന്ന സി. അനില എസ്.കെ.ഡി., സി. മരിയ ആൻസ് സി.എം.സി. എന്നിവർക്കും യാത്രയയപ്പു നൽകി.

### രണ്ടാംശനി ശുശ്രൂഷകൾ

കൗൺസിലിംഗ് ദിനം - 53 പേർ വന്ന് കൗൺസിലിംഗ് നടത്തിപ്പോയി.

ദമ്പതീകൂട്ടായ്മ - 19 ദമ്പതികൾ കൂട്ടായ്മയിൽ പങ്കെടുത്തു. ബഹു. മാത്യു കാട്ടറാത്ത് അച്ചൻ ക്ലാസെടുത്തു. വി. ബലി അർപ്പിച്ചു.

യുവജനദിനം - 60 യുവജനങ്ങൾ കൂട്ടായ്മയിൽ പങ്കെടുത്തു.

### മൂന്നാംവെള്ളി സൗഖ്യദിനം 21-5-2010

9.30 ന് ആരാധന ആരംഭിച്ചു. ധാരാളം പേർ സൗഖ്യദിന പ്രാർത്ഥനയിൽ പങ്കെടുത്തു. കുമ്പസാരം കൗൺസിലിംഗ്, ജപമാല, ആരാധന എന്നീ ശുശ്രൂഷകൾക്കും സിയോൻ ടീം നേതൃത്വം നൽകി. ബഹു. മേമന അച്ചൻ വി.കുർബാന അർപ്പിച്ചു. സൗഖ്യത്തിനായി കൈവയ്പു പ്രാർത്ഥന നടത്തി.

### ധ്യാനങ്ങൾ

ക്രിസ്റ്റീൻ മക്കൾക്കായി മെയ് 13 മുതലും സിയോൻ ടീം അംഗങ്ങൾക്കായി 21 മുതലും ധ്യാനങ്ങൾ നടത്തി. ക്രിസ്റ്റീൻ ധ്യാനത്തിന് ബഹു. ടോമി പുത്തൻപുര അച്ചനും ജീസസ്യൂത്ത് ടീമും നേതൃത്വം നൽകി. ടീം ധ്യാനം നയിച്ചത് ബഹു. ജോർജ് കളത്തിൽ സി.എം.ഐ. അച്ചനും ടീമും ആണ്.

### എഴുത്തിനിരുത്ത് സിയോനിൽ


അക്ഷരമുറ്റത്തേയ്ക്ക് കാലെടുത്തുവയ്ക്കാൻ ഒരുങ്ങുന്ന കുഞ്ഞുങ്ങളെ മെയ് 29 ശനിയാഴ്ച സിയോനിൽ എഴുത്തിനിരുത്തി ക്രിസ്തീ

യമായ അന്തരീക്ഷത്തിൽ 'ഈശോ' എന്ന തിരുനാമം എഴുതി പഠന ത്തിന് തുടക്കം കുറിച്ചു. ബഹു. വൈദികരാണ് കുഞ്ഞുങ്ങൾക്ക് അക്ഷ രവിളക്ക് തെളിച്ചുകൊടുത്തത്.

**സിയോൻ ജൂൺ മാസത്തിൽ**

| | | |
|---|---|---|
| ജൂൺ 4 | – | ആദ്യവെള്ളി സോൺ മീറ്റിംഗ്, ജാഗരണപ്രാർത്ഥന |
| ജൂൺ 5 | – | ആദ്യശനി ഏകദിന കൺവെൻഷൻ |
| | – | ക്രിസ്റ്റീൻ കൺവെൻഷൻ |
| ജൂൺ 12 | – | രണ്ടാംശനി – കൗൺസിലിംഗ് ദിനം |
| | – | യുവജനകൂട്ടായ്മ, ദമ്പതീ കൂട്ടായ്മ |
| ജൂൺ 18 | – | മൂന്നാംവെള്ളി – സൗഖ്യദിനം |
| ജൂൺ 25 | – | ജാഗരണ പ്രാർത്ഥന – സുവിശേഷമുന്നണി |

**റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ**
ഡയറക്ടർ, സിയോൻ സി.ആർ.സി



# ക്രിസ്റ്റീൻ വാർത്തകൾ

ക്രിസ്റ്റീൻ രൂപതാ ടീമിന്റെ നേതൃത്വത്തിൽ പോരൂർ, കമ്മന ഇടവകകളിൽ കുട്ടികൾക്കായി ധ്യാനം നടത്തി. ധ്യാനങ്ങൾ സംഘടിപ്പിച്ച പോരൂർ ഇടവക വികാരി റവ.ഫാ. തോമസ് മണക്കുന്നേൽ അച്ചനും കമ്മന ഇടവക വികാരി റവ.ഫാ. മാത്യു കാട്ടറാത്ത് അച്ചനും സിയോൻ ക്രിസ്റ്റീൻ ടീമിന്റെ നന്ദി അറിയിക്കുന്നു.

സിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് മെയ് 13 മുതൽ 16 വരെ നടത്തിയ ക്രിസ്റ്റീൻ ധ്യാനത്തിൽ രൂപതയ്ക്ക് അകത്തും പുറത്തും നിന്നുമായി 238 കുട്ടികൾ പങ്കെടുത്തു. രൂപതാ ടീമും ജീസസ് യൂത്ത് അംഗങ്ങളും നേതൃത്വം നൽകി.

**റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ**
**റവ. ഫാ. സോണി വടയാപറമ്പിൽ**

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹോദരീ സഹോദരന്മാരേ,

കാലവർഷം ആരംഭിക്കുകയും വിദ്യാലയങ്ങളും മതബോധന ക്ലാസുകളും പുനരാരംഭിക്കുകയും ചെയ്തിരിക്കുന്ന ഈ വേളയിൽ വിൻസെൻഷ്യൻ പ്രവർത്തകരുടെ ശ്രദ്ധ പതിയേണ്ട പ്രവർത്തന മണ്ഡലങ്ങൾ ഏവയെന്ന് എല്ലാവർക്കും അറിയാമല്ലൊ. ദത്തു വിദ്യാർത്ഥികൾക്കുമാത്രമല്ല, പാവപ്പെട്ട കുടുംബങ്ങളിലെ ഒട്ടനവധി മക്കൾക്കും പഠനോപകരണങ്ങളും യൂണീഫോമും മറ്റും നൽകുന്നതിനാവശ്യമായ ഊർജ്ജിത പ്രവർത്തനങ്ങളിൽ കോൺഫ്രൻസുകൾ വ്യാപൃതരാവണമെന്ന് ഓർമ്മിപ്പിക്കുകയാണ്.

**വാർഷികാഘോഷം**

സെൻട്രൽ കൗൺസിലിന്റെ 32-ാമതു വാർഷികാഘോഷം സിയോൻ സി.ആർ.സി. ഹാളിൽ വെച്ച് 13-5-2010 വ്യാഴാഴ്ച സമംഗളം നടന്നു. എല്ലാ കോൺഫ്രൻസുകളിൽ നിന്നും പ്രതീക്ഷക്കൊത്ത് പങ്കാളിത്തമുണ്ടായില്ല എന്നകാര്യം ഖേദപൂർവ്വം അനുസ്മരിക്കുന്നു. 300 പേരെങ്കിലും പങ്കെടുക്കേണ്ടിയിരുന്ന പൊതുസമ്മേളനത്തിൽ 200 ൽ താഴെ പേരെ പങ്കെടുത്തുള്ളൂ.

10.30 ന് ബഹു. രൂപതാ വികാരി ജനറാൾ മോൺ. ജോർജ് മൂലയിൽ ദിവ്യബലി അർപ്പിച്ച് മനോഹരമായ സന്ദേശം നൽകി. തുടർന്നു ചായയ്ക്കുശേഷം 11.45 ന് സമ്മേളനം സി.സി. പ്രസിഡണ്ട് ബ്ര. ജസ്റ്റിൻ സാറിന്റെ അധ്യക്ഷതയിൽ ആരംഭിച്ചു. സി. റോസമ്മ കുപ്പത്താനം പ്രാർത്ഥനയും, ബ്രദർ റ്റി.ജെ. കുര്യൻ വചനവായനയും നിർവ്വഹിച്ചു. ബ്ര. തോമസ് മാങ്ങൻ വിശിഷ്ടാതിഥികൾക്കും സദസ്സിനും സ്വാഗതമാശംസിച്ചു. വൈദികവർഷാചരണത്തിന്റെ പ്രത്യേകത പരിഗണിച്ച പ്രസിഡന്റ് ജനറാളച്ചനെയും സി.സി. ആത്മീയോപദേഷ്ടാവ് ബഹു. ബെന്നി മുതിരക്കാലായിലച്ചനെയും അനുമോദിച്ചു ആശംസകളർപ്പി

ക്കുകയും ഉപഹാരങ്ങൾ നൽകുകയും ചെയ്തു. പ്രിന്റ് ചെയ്ത വാർഷിക റിപ്പോർട്ട് വേദിയിൽ വിതരണം ചെയ്ത് വിവരിച്ചുകൊണ്ട് വൈസ് പ്രസിഡണ്ട് ബ്ര. ആന്റണി പറയിടം സംസാരിച്ചു.

തുടർന്ന് ബഹു. ബെന്നിയച്ചൻ സമ്മേളനം ഔപചാരികമായി ഉദ്ഘാടനം ചെയ്യുകയും ശ്രീ. ജോസ് പള്ളത്ത് മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. കാലഘട്ടത്തിന്റെ പ്രത്യേക പ്രവണതകളെയും വഴിതെറ്റുന്ന, തെറ്റാവുന്ന യുവതയുടെ മാർഗ്ഗദീപമായി വിൻസെന്റ് ഡി പോൾ സൊസൈറ്റിപോലുള്ള അൽമായ സംഘടന എങ്ങനെ പ്രവർത്തിക്കണമെന്ന് പ്രസംഗത്തിൽ അടിവരയിട്ട് സംസാരിച്ചു.

ബ്ര. ജോണി പാറ്റാനി ആശംസകളർപ്പിച്ചു സംസാരിച്ചു. തുടർന്ന് യുവജന മത്സരവിജയികളായ 4 പേർക്കും വിൻസെൻഷ്യൻ പ്രവർത്തകരായ 2 പേർക്കും ബ്ര.കുര്യാക്കോസ് പാറേക്കാട്ടിൽ സമ്മാനങ്ങൾ വിതരണം ചെയ്തു. നന്ദി പ്രകടനത്തിനും സമാപന പ്രാർത്ഥനക്കും ശേഷം ഉച്ചഭക്ഷണത്തോടെ സമ്മേളനം സമാപിച്ചു.

സമ്മേളന വിജയത്തിനായി പ്രവർത്തിച്ച സ്റ്റേജ് കമ്മിറ്റി കൺവീനർ ബ്ര. ജോർജ് തടത്തിൽപുത്തൻപുരയിൽ സാറിനെയും ടീമിനെയും ഭക്ഷണ കമ്മറ്റി കൺവീനർ ബ്ര. ഷാജൻ തലച്ചിറ & ടീമിനെയും പ്രത്യേകം അനുസ്മരിക്കുന്നു. ഭക്ഷണം തയ്യാറാക്കാൻ പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ.ഫാ. ഡെന്നീസ് കഴുതാടിയിൽ അച്ചൻ പാസ്റ്ററൽ സെന്ററിലെ ടീമിനെത്തന്നെ നിയോഗിച്ച് വേണ്ട ഏർപ്പാടുകൾ ഭംഗിയായി നിർവ്വഹിക്കുകയും, സി. ആർ.സി. ഹാളും അൾത്താരയും, ശുശ്രൂഷകരായ സിസ്റ്റേഴ്സിനെയും, സിയോൻ സെക്രട്ടറിയെയും നിയോഗിച്ച ബഹു. ബാബു പാറയിൽ അച്ചനെയും നന്ദിയോടെ ഓർക്കുന്നു.

ആഘോഷച്ചെലവിലേയ്ക്കു കോൺഫ്രൻസുകൾ നൽകേണ്ട വിഹിതം 20 കോൺഫ്രൻസുകളിൽ നിന്ന് ഇനിയും ലഭിക്കേണ്ടതുണ്ട്. അത് എത്രയും വേഗം ശേഖരിച്ചു നൽകുവാൻ എ.സി. പ്രസിഡണ്ടുമാരെ ഓർമ്മിപ്പിക്കുന്നു.

**അടുത്ത സി.സി.**

12-6- 10 ശനിയാഴ്ച 10.30 ന് പാസ്റ്ററൽ സെന്ററിൽ വെച്ചു ചേരുന്നതായിരിക്കും. എല്ലാ സി.സി.മെമ്പർമാരും കൃത്യസമയത്ത് എത്തിച്ചേരുക. ശ്രദ്ധിക്കേണ്ടകാര്യങ്ങൾ:

1) കുടിശിഖ തീർക്കുക, 2) TTS, HES പുതുക്കൽ അപേക്ഷകൾ ശേഖരിച്ചു നൽകുക. 3) രൂപതാ ബുള്ളറ്റിൻ ലഭിക്കേണ്ടവർക്കു കിട്ടാതെ വരുന്നുണ്ടെങ്കിൽ എഴുതിത്തരിക.

## തിരുത്ത്

വാർഷിക റിപ്പോർട്ടിൽ ഗൂഡല്ലൂർ എ.സി.യിലെ സെന്റ് മേരി ആറാട്ടുപാറ കോൺഫ്രൻസ് പ്രസിഡണ്ടിന്റെ ഫോൺ: 09442692613 എന്നു തിരുത്തുക.

## ഓസ്സാനാംഭവൻ സന്ദർശനം

ജൂലൈ 1-10: തോണിച്ചാൽ എ.സി., 11-30: വാഴവറ്റ എ.സി. ഇതിനുമുമ്പു പോകാത്ത കോൺഫ്രൻസുകളുണ്ടെങ്കിൽ ഓസ്സാനാം ഭവൻ സെക്രട്ടറിയെ ഫോണിൽ ബന്ധപ്പെട്ട് ചെല്ലുന്ന തീയതി നിശ്ചയിക്കുവാൻ ശ്രമിക്കുക.

## സി.സി. പ്രസിഡണ്ട് തെരഞ്ഞെടുപ്പ്

നിയമാവലി നിർദ്ദേശിക്കുന്നതനുസരിച്ച് പുതിയ തെരഞ്ഞെടുപ്പിനു സാഹചര്യമൊരുക്കുവാൻ സീനിയർ വൈസ് പ്രസിഡണ്ടിനോടഭ്യർത്ഥിച്ചുകൊണ്ടുള്ള കത്ത് ഞാൻ കൊടുത്തു കഴിഞ്ഞു. തെരഞ്ഞെടുപ്പും പുതിയ പ്രസിഡണ്ടിന്റെ സ്ഥാനാരോഹണവും നടക്കുന്നതുവരെ ഞാൻ തന്നെയാണ് പ്രസിഡണ്ട് സ്ഥാനത്തെങ്കിലും തെരഞ്ഞെടുപ്പു പ്രക്രിയയുടെ ഉത്തരവാദിത്വം ബ്ര. തോമസ് മാങ്ങനായിരിക്കും. രണ്ടു കാര്യങ്ങൾ മാത്രം ഓർമ്മിപ്പിക്കുന്നു.

1) എല്ലാവരും പ്രത്യേക നിയോഗത്തോടെ പ്രാർത്ഥിക്കുക.

2) വോട്ടവകാശത്തെ സംബന്ധിച്ച നിർദ്ദേശങ്ങൾ നിയമാവലി 2006 നോക്കി ബോധ്യപ്പെടുക.

**ബ്ര. കെ. ജി. ജസ്റ്റിൻ**
സി.സി. പ്രസിഡണ്ട്



# ജയിൽ മിനിസ്ട്രി

2010 മെയ് മാസത്തിലെ ജയിൽ സന്ദർശനത്തിനായി 16-ാം തീയതി വൈത്തിരി സബ്ജയിലിലേയ്ക്ക് വന്നത് പുതുശ്ശേരിക്കടവ് പള്ളിയിൽ നിന്നും ബഹു. ജോസ് കപ്യാരുമലയിൽ അച്ചന്റെ നേതൃത്വത്തിലുള്ള മതാധ്യാപകരും കുട്ടികളുമായിരുന്നു. തടവറയിലുള്ളവരെ കാണാനും സംസാരിക്കാനും സാധിച്ചതിൽ നിന്നും പുറമെനിന്നുമുള്ള സാന്ത്വനങ്ങൾ അവർ ഏറെ ആഗ്രഹിക്കുന്നുവെന്ന് അവർക്ക് മനസ്സിലായി. കുട്ടികളുടെയും അതുപോലെ തടവറയിൽ കഴിയുന്നുവരുടെയും സംയുക്തമായ കലാപരിപാടികൾ ജയിൽ സന്ദർശനത്തിന് മിഴിവേകി. പ്രതീക്ഷയുടെയും സ്വാതന്ത്ര്യത്തിന്റെയും പച്ചത്തുരുത്തുകളിലേയ്ക്ക് കണ്ണോടിക്കുന്ന തടവറ മക്കൾക്ക് ഒരു പടികൂടി പ്രതീക്ഷ പകർന്ന് പുറത്തിറങ്ങുമ്പോൾ ഇനിയും വരണമെന്ന അവരുടെ സ്വരം കാതുകളിൽ അലയടിക്കുന്നുണ്ടായിരുന്നു. ജയിൽ സന്ദർശനത്തിന് പുതുശ്ശേരിക്കടവിൽ നിന്നുള്ള S H സിസ്റ്റേഴ്സും, പടിഞ്ഞാറത്തറയിൽ നിന്നുമുള്ള CMC സിസ്റ്റേഴ്സും വൈത്തിരിയിൽ നിന്നുമുള്ള S H സിസ്റ്റേഴ്സും നേതൃത്വം നൽകി.

**ഫാ. ബിനു പൈനുങ്കൽ**
ഡയറക്ടർ

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**ജൂൺ 28 – അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനം**

ലോകത്ത് വർദ്ധിച്ചുവരുന്ന ലഹരിവസ്തുക്കളുടെ ഉപയോഗവും അതുവഴി സമൂഹത്തിനും കുടുംബത്തിനും വ്യക്തികൾക്കും ഉണ്ടാകുന്ന ദുരന്തങ്ങളെയുംപറ്റി ലോകജനതയെ ഓർമ്മപ്പെടുത്തുവാനും ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചിട്ടുള്ള അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനമാണ് ജൂൺ 28.

സമീപകാലത്തായി വിദ്യാർത്ഥികളിലും യുവജനങ്ങളിലും ലഹരി വസ്തുക്കളുടെ ഉപയോഗം ഭീതിജനകമാംവിധം വർദ്ധിച്ചുവരുന്നു. പക്ഷെ ലഹരി വസ്തുക്കൾ ഉപയോഗിച്ച് നശിക്കുന്നവരെപ്പറ്റി ചിന്തിക്കുവാനും പ്രവർത്തിക്കുവാനും പ്രതികരിക്കുവാനും ആളില്ലാത്ത അവസ്ഥയാണ് സമൂഹത്തിൽ ഉള്ളത്. ലഹരി വസ്തുക്കൾക്കും മദ്യത്തിനും എതിരെ പ്രതികരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരെ ഒറ്റപ്പെടുത്താനും പരിഹസിക്കുവാനുമാണ് സമൂഹം തയ്യാറാകുന്നത്.

ഈ ലഹരിവിരുദ്ധദിനം ഇടവകകളും ഭക്തസംഘടനകളും സൺഡെസ്കൂളുകളും വിപുലമായി ആചരിച്ചാൽ നമ്മുടെ വിദ്യാർത്ഥികളെയും യുവജനങ്ങളെയും നന്മയിലേയ്ക്ക് തിരിച്ച് കൊണ്ടുവരുവാൻ നമുക്ക് സാധിക്കും.

**മോചന–2010**

ചെറുപുഷ്പ മിഷൻലീഗ് കുഞ്ഞോം ഇടവകയിലും മണിമൂളിയിലും വെച്ച് നടത്തിയ റീജണൽ ക്യാമ്പുകളിൽ മോചന 2010 നടത്തി. കുഞ്ഞോത്ത് ക്യാമ്പിൽ രൂപതാ സെക്രട്ടറി ടോമി എൻ.യു., മണിമൂളി ക്യാമ്പിൽ രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ എന്നിവർ ക്ലാസ് നയിച്ചു. ലഹരിവിരുദ്ധ ക്ലാസുകൾ സംഘടിപ്പിക്കുവാൻ

നേതൃത്വം നൽകിയ സി.എം.എൽ. രൂപതാ നേതൃത്വത്തിന് സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി.

**പുൽപ്പള്ളി സ്നേഹജ്വാല സോഷ്യൽ സർവ്വീസ് സൊസൈറ്റി**

SABS മാനന്തവാടി പ്രോവിൻസിന്റെ സാമൂഹ്യസേവന വിഭാഗമായ സ്നേഹജ്വാലയുടെ നേതൃത്വത്തിൽ പുൽപ്പള്ളി മേഖലയിലെ ബാലവേദി അംഗങ്ങൾക്കുവേണ്ടി മെയ് 15-ന് പുൽപ്പള്ളിയിൽ വെച്ച് മോചന 2010 സംഘടിപ്പിച്ചു. അമ്പതോളം കുട്ടികൾ പരിപാടിയിൽ പങ്കെടുത്തു. മോചന 2010 സംഘടിപ്പിക്കുവാൻ നേതൃത്വം നൽകിയ സി. ടെസീന SABS ന് സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കട്ടെ. പരിപാടി വിജയകരമായി നടത്തുവാൻ സഹകരിക്കുകയും സഹായിക്കുകയും ചെയ്ത പുൽപ്പള്ളി ആരാധന മഠത്തിലെ സഹോദരിമാർക്കും മദർ സുപ്പീരിയർ സി. ഗ്രേഷ്യസ് SABS നും സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി.

**സ്കൂൾ വിദ്യാർത്ഥികൾക്ക് ലഹരിവിരുദ്ധ സെമിനാറുകൾ**

പുതിയ അധ്യയനവർഷത്തിൽ അവധിദിവസങ്ങളിൽ വിദ്യാർത്ഥികൾക്കായി ഏകദിന-അർദ്ധദിന ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. സ്കൂൾ മാനേജർമാരും പ്രധാനാധ്യാപകരും സഹകരിച്ചാൽ കുറെ വിദ്യാർത്ഥികളെയെങ്കിലും രക്ഷിക്കാനാകും.

**CML രൂപതാ നേതൃത്വത്തിന് ആശംസകൾ.**

പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ചെറുപുഷ്പ മിഷൻലീഗ് രൂപതാ നേതൃത്വത്തിന് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ ഹൃദയം നിറഞ്ഞ ആശംസകൾ.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

**ജൈവകാർഷിക മേഖല**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവകൃഷി സർട്ടിഫിക്കേഷൻ പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിൽ ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വയനാട് ജില്ലയിലെ വിവിധ ഭാഗങ്ങളിലായി 1918 കൃഷിയിടങ്ങളാണ് ജൈവകൃഷി സർട്ടിഫിക്കേഷൻ പദ്ധതിയിൽ ഉൾപ്പെടുന്നത്. ഇതിൽ 649 തോട്ടങ്ങൾക്ക് അന്താരാഷ്ട്ര ജൈവകൃഷി സാക്ഷ്യപത്രം ലഭിച്ചവയാണ്. ബാക്കി 1269 തോട്ടങ്ങൾ സർട്ടിഫിക്കേഷന്റെ വിവിധ ഘട്ടങ്ങളിലൂടെ കടന്ന് പോകുന്നു. 3474.15 ഏക്കർ സ്ഥലമാണ് നിലവിൽ പദ്ധതിയിൽ ഉള്ളത്.

**പുതിയ കർഷകരെ ഉൾപ്പെടുത്തൽ**

ജൈവകൃഷി സാക്ഷ്യപത്ര ലഭ്യത പദ്ധതിയിലേക്ക് പുതുതായി കർഷകരെ ചേർക്കുന്നതിന്റെ ഭാഗമായി വയനാടിന്റെ വിവിധ ഭാഗങ്ങളിൽ പുതിയ കർഷകരെ കണ്ടെത്തിവരുന്നു. പദ്ധതിയിലേക്ക് കടന്നുവരുന്ന കർഷകരുടെ തോട്ടങ്ങൾക്ക് ജൈവകൃഷി സാക്ഷ്യപത്രം ലഭിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ, പരിശീലനങ്ങൾ എന്നിവ സംഘടിപ്പിച്ച് വരുന്നു. താൽപ്പര്യമുള്ള കർഷകർ 2010 ജൂൺ 30 ന് മുമ്പായി WSSS ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. (ഫോൺ - 04935-240314)

**കൃഷിയിട പരിശോധന**

പദ്ധതിയുടെ ഭാഗമായി നിലവിലുള്ള 1918 കൃഷിയിടങ്ങളും പത്ത് ഇൻറ്റേണൽ ഇൻസ്പെക്ടേഴ്സിന്റെ നേതൃത്വത്തിൽ പരിശോധിച്ച് വേണ്ട തിരുത്തലുകളും, മാർഗ്ഗ നിർദ്ദേശങ്ങളും നൽകി വരുന്നു.

**പരിശീലനങ്ങൾ**

പുതുതായി ജൈവകൃഷിയിലേക്ക് വന്ന കർഷകർക്കായി ജില്ല

യിലെ 12 കേന്ദ്രങ്ങളിൽവെച്ച് പരിശീലന ക്ലാസുകൾ സംഘടിപ്പിച്ചു. 2010 ഏപ്രിൽ 13-ാം തീയതി ജൈവവളങ്ങൾ, ജൈവകീടനാശിനികൾ എന്ന വിഷയത്തിൽ കർഷക നേതാക്കൾക്ക് പരിശീലനം നൽകി.

## ജൈവകാർഷിക വിപണി

ജൈവകർഷകർക്ക് എന്നും താങ്ങും തണലുമായി WSSS ന്റെ നേതൃത്വത്തിലുള്ള ജൈവകാർഷികോൽപ്പന്ന വിപണന വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ജൈവകാർഷിക മേഖലയ്ക്ക് ഉണർവ്വും, സഹായവും, പ്രചാരവും നേടുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചു. കഴിഞ്ഞ വിളവെടുപ്പ് കാലത്ത് അംഗീകൃത ജൈവകർഷകരിൽ നിന്നും സംഭരിച്ച 140 മെട്രിക്ടൺ കാപ്പി കിലോയ്ക്ക് 5 രൂപവരെ അധിക വില നൽകി സംഭരിച്ചു. പച്ചകുരുമുളക്, ഉണക്കകുരുമുളക്, വെള്ളകുരുമുളക്, ഇഞ്ചി, ഏലം, ഗ്രാമ്പു, ജാതി, ജാതിപത്രി, മഞ്ഞൾ, തെരുവപ്പുല്ല്, വാനില, തുടങ്ങിയ ഉൽപ്പന്നങ്ങളും കർഷകരിൽനിന്നും ഉയർന്ന വില നൽകി സംഭരിക്കുവാനും WSSS ന് സാധിച്ചു.

കർഷകരിൽ നിന്നും സംഭരിക്കുന്ന കാർഷിക ഉത്പ്പന്നങ്ങൾ വിവിധതരം സംസ്കരണങ്ങൾ നടത്തി അന്തർദേശീയ ഗുണനിലവാരത്തിലാക്കി വിപണനം നടത്തുവാൻ WSSS എന്നും ശ്രദ്ധിച്ച് വരുന്നു. മൂല്യവർദ്ധനവിനായി നിരവധി പരീക്ഷണങ്ങൾ ഗവേഷണരംഗത്തുള്ളവരുമായി സഹകരിച്ച് നടപ്പിലാക്കിവരുന്നു.

## തൈകൾ വിൽപ്പനയ്ക്ക്

ജൈവകൃഷി പ്രോത്സാഹന പദ്ധതിയുടെ ഭാഗമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കർഷകർക്കായി വിവിധ ഇനത്തിൽപ്പെട്ട നാണ്യവിളകളുടെ തൈകൾ ഈ വർഷം വിൽപ്പന നടത്തുന്നു. പന്നിയൂർ കുരുമുളക് ഗവേഷണകേന്ദ്രത്തിൽ നിന്ന് സമാഹരിക്കുന്ന പന്നിയൂർ ഒന്ന് മുതൽ അഞ്ച് വരെയുള്ള കുരുമുളക് തൈകൾ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസേർച്ച് സെന്റർ വികസിപ്പിച്ചെടുത്ത ശ്രീകര, ശുഭകര, പഞ്ചമി, പൗർണ്ണമി, ഗിരിമുണ്ട, ശക്തി, മലബാർ എക്സൽ, തേവം തുടങ്ങിയ കുരുമുളക് തൈകളും, കാസർഗോഡ് CPCRI യിൽനിന്നുള്ള തെങ്ങ്, കൊക്കൊ തൈകളും CXR കാപ്പിതൈകളും വിൽപ്പനയ്ക്കായി ഒരുക്കിയിരിക്കുന്നു. ആവശ്യമുള്ളവർ WSSS ഓഫീസുമായി ബന്ധപ്പെടുക. (ഫോൺ 04935-240314, 9744812808)

**സോഷ്യൽ വെൽഫെയർ സൊസൈറ്റികൾ (SWS) CDO കമ്മ്യൂണിറ്റി ഡവലപ്മെന്റ് ഓർഗനൈസർ) മാരുടെ പരിശീലനം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രാദേശിക യൂണിറ്റുകളായ സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് ഓർഗനൈസേഴ്സിനെ കണ്ടെത്തുകയും അവർക്കായി ബോയ്സ് ടൗണിൽവെച്ച് 2 ദിവസത്തെ പരിശീലനം നൽകുകയും ചെയ്തു. റവ. ഫാ. ജോൺ ചൂരപ്പുഴയിൽ, റവ.ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ, ഒ.പി. അബ്രാഹം, കെ.ഒ. ജോയി, ജോസ് പി.എ., ഷാജി കെ.ജോസ്, സിജോ കെ.വി. എന്നിവർ നേതൃത്വം നൽകി.

**SWS ഭാരവാഹികളുടെ യോഗം**

സോഷ്യൽ വെൽഫെയർ സൊസൈറ്റികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി SWS ഭാരവാഹികളുടെ യോഗം 2010 മെയ് 12-ാം തീയതി WSSS ൽ വെച്ച് നടന്നു. റവ.ഫാ. ജോൺ ചൂരപ്പുഴയിൽ, റവ.ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ, ഒ.പി. അബ്രാഹം, പി.എ. ജോസ് എന്നിവർ നേതൃത്വം നൽകി.

**ജീവൻമധൂർ ഇൻഷ്യൂറൻസ് പ്രോഗ്രാം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ലൈഫ് ഇൻഷറൻസ് കോർപ്പറേഷനുമായി സഹകരിച്ച് ജീവൻ മധൂർ ഇൻഷറൻസ് പ്രോഗ്രാം വളരെ കാര്യക്ഷമമായി മുന്നോട്ടുപോകുന്നു. ആദ്യമാസം തന്നെ ആയിരത്തോളം പേരാണ് പദ്ധതിയിൽ ചേർന്നത്. മാസം 100 രൂപമാത്രം നിക്ഷേപിച്ച് 36000 രൂപാവരെ ഇൻഷറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്ന ഈ പദ്ധതി വ്യാപകമാക്കുന്നതിനുള്ള പരിശ്രമങ്ങളിലാണ് WSSS ഇപ്പോൾ.

**പുതിയ ഭാരവാഹികൾ**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രാദേശിക സംഘങ്ങളായ സോഷ്യൽ വെൽഫെയർ സൊസൈറ്റികൾക്ക് പുതിയ ഭാരവാഹികൾ നിലവിൽവന്നു. നിലവിൽ സേവനം ചെയ്തുവന്ന ഭാരവാഹികൾക്ക് ആത്മാർത്ഥമായ കൃതജ്ഞത രേഖപ്പെടുത്തുന്നു.

**കാരുണ്യ ഹെൽത്ത് ഇൻഷ്യൂറൻസ് പ്രോഗ്രാം**

മാനന്തവാടി രൂപതയുടെ സാമൂഹ്യസേവന കേന്ദ്രമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി (WSSS) വഴി യുണൈറ്റഡ് ഇൻഡ്യ

ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് നടപ്പാക്കുന്ന ഇൻഷ്വറൻസ് പദ്ധതിയാണിത്.

ഈ പദ്ധതി പ്രകാരം അസുഖംമൂലമോ, അപകടം മൂലമോ 24 മണിക്കൂർ എങ്കിലും ഏതെങ്കിലും അംഗീകൃത ആശുപത്രികളിൽ കിടന്ന് ചികിത്സ നടത്തുമ്പോൾ 30,000 രൂപവരെ ഡോക്ടർ ഫീസ്, മുറിവാടക, മരുന്നിന്റെ വില, ലാബ്ഫീസ്, ടെസ്റ്റ് ഫീസ്, ശസ്ത്രക്രിയ എന്നീ ഇനങ്ങളിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു. അംഗീകൃത സർക്കാർ ആശുപത്രികളിൽ നടത്തുന്ന ആയുർവേദ ചികിത്സയ്ക്കും പദ്ധതി സഹായം ലഭിക്കുന്നു. കൂടാതെ ഇൻഷ്വർ ചെയ്യപ്പെട്ട പ്രൊപ്പോസർ അപകടത്തിൽപ്പെട്ട് മരണപ്പെട്ടാൽ അവകാശിക്കും, അംഗവൈകല്യം സംഭവിച്ചാൽ ഇൻഷ്വർചെയ്യപ്പെട്ട വ്യക്തിക്കും 50,000 രൂപവരെ പോളിസി നിബന്ധനകൾക്ക് വിധേയമായി നഷ്ടപരിഹാരം ലഭിക്കുന്നു. വാർഷിക പ്രീമിയം 525 രൂപ (മാതാപിതാക്കൾക്കും, 3 കുട്ടികൾക്കുംകൂടി)

## ഫാം വയനാട് പ്രോജക്ട്

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തൽ ഫാം വയനാട് പ്രൊജക്ടിന്റെ ഭാഗമായി മാനന്തവാടി, പടിഞ്ഞാറത്തറ, കോട്ടത്തറ പഞ്ചായത്തുകളിലും അരിക്കളം കോളനികളിലുമായി വിവിധ വികസനപരിപാടികൾ സംഘടിപ്പിച്ചു. 35 ഭവനങ്ങളിൽ സാന്ത്വനസന്ദർശനം നടത്തി. 51 വരുമാന വർദ്ധക പരിപാടികൾ വിലയിരുത്തി. 361 കർഷക ഭവനങ്ങളിൽ സന്ദർശനം നടത്തുകയും ജൈവ കൃഷി സാക്ഷ്യപത്ര പദ്ധതിയിലേക്ക് 110 കർഷകരെ അംഗങ്ങളായി ചേർക്കുകയും ചെയ്തു. മൂന്ന് പഞ്ചായത്തുകളിലും, 'വിഷവിമുക്ത ഭക്ഷ്യ വിളകൾ', 'മാറാരോഗങ്ങളും മാറുന്ന കൃഷി രീതിയും' എന്നീ വിഷയങ്ങളിൽ സെമിനാറുകൾ നടത്തി. അരിക്കളം കോളനിയിൽ കൂൺകൃഷി, ബഡിംഗ് & ഗ്രാഫ്റ്റിംഗ് എന്നീ വിഷയങ്ങളിൽ സാങ്കേതിക പരിശീലനങ്ങൾ സംഘടിപ്പിച്ചു. സ്വാമിനാഥൻ റിസേർച്ച് ഫൗണ്ടേഷനിലെ പി.എ. റഷീദ്, വസന്ത എന്നിവർ നേതൃത്വം നൽകി. കൂടാതെ കോളനിയിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ബാലവേദിക്യാമ്പ് സംഘടിപ്പിച്ചു.

## ബയോഗ്യാസ് പ്രോഗ്രാം

ആഗോള താപനവും അന്തരീക്ഷ മലിനീകരണവും കുറയ്ക്കാനുള്ള ജനകീയ പദ്ധതി എന്ന നിലയിൽ 2010 ഏപ്രിൽ മാസത്തിൽ 14 ബയോഗ്യാസ് പ്ലാന്റുകൾ കമ്മീഷൻ ചെയ്തു. 12 പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയാക്കി. പുൽപ്പള്ളി, കോളറാട്ടുകുന്ന്, കാപ്പിക്കുന്ന്, നടവയൽ, കണിയാരം തുടങ്ങിയ സ്ഥലങ്ങളിൽ പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ട്രൈബൽഡിപ്പാർട്ടു

മെന്റിന്റെ സാമ്പത്തിക സഹായത്തോടെ കാപ്പുകുന്ന് ആദിവാസി കോള നിയിൽ 3 ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിച്ചുനൽകി. നിർമ്മാണം പൂർത്തിയാക്കിയ പ്ലാന്റുകൾ പരിശോധിക്കുന്നതിന് ഖാദി ഗ്രാമവ്യവ സായ കമ്മീഷൻ ഓഫീസിൽനിന്നും സന്ദർശനം നടത്തി. ഇനിമുതൽ നിർമ്മിക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾക്ക് 8000 രൂപ സബ്സീഡി ലഭി ക്കുന്നതാണ്. മുമ്പ് ഇത് 3500 രൂപയായിരുന്നു.

## WSSS നേഴ്സറി - ബോയ്സ് ടൗൺ

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിലുള്ള ബോയ്സ് ടൗണിലെ നേഴ്സറിയൽ കുരുമുളക്, കാപ്പി, കമുക് തുട ങ്ങിയ വിളകളുടെ തൈകൾ വിതരണത്തിന് തയ്യാറായി കഴിഞ്ഞു. കൂടാതെ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ സഹായത്തോടെ ഒരു ഔഷധ സസ്യ നേഴ്സറിയും തയ്യാറാക്കി വരികയാണ്. ഈ വർഷംതന്നെ കർഷ കർക്ക് ഔഷധ സസ്യങ്ങളുടെ തൈകൾ ലഭ്യമാക്കാൻ കഴിയും. കൂടു തൽ വാണിജ്യ പ്രാധാന്യമുള്ള ഔഷധസസ്യങ്ങളാണ് ഇവിടെ ഉത്പാ ദിപ്പിക്കുന്നത്. ബോയ്സ് ടൗണിൽ സംരക്ഷിച്ചുവരുന്ന ഔഷധ സസ്യത്തോട്ടം ഇതിനോടകം തന്നെ ജനശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. കൂടു തൽ ഔഷധ സസ്യങ്ങൾ ലഭ്യമാകുന്നതോടെ WSSS ന്റെ ഔഷധ സസ്യ സംരക്ഷണ രംഗത്തുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാകും.

## പ്രകൃതി പഠനക്യാമ്പ്

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വ ത്തിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന സമഗ്രനീർത്തട വികസന പദ്ധതിപ്രകാരം തൊണ്ടർനാട് ഗ്രാമപഞ്ചാ യത്തിലെ മട്ടിലയം, അയനിവയൽ, പൊർളോം, നെല്ലേരി നീർത്തട പ്രദേ ശത്തെ കുട്ടികൾക്കുവേണ്ടി പ്രകൃതി പഠനക്യാമ്പ് നടത്തി. സല്ലാപം 2010 എന്ന പേരിൽ നടത്തിയ പ്രസ്തുത ക്യാമ്പ് തൊണ്ടർനാട് ഗ്രാമപ ഞ്ചായത്ത് പ്രസിഡണ്ട് ശ്രീ.പി.പി. മൊയ്തീൻ ഉത്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ.ഫാ. ജോൺ ചൂരപ്പുഴയിൽ അധ്യക്ഷത വഹിച്ചു. കോറോം ജി.എൽ.പി. സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ചന്തുമാസ്റ്റർ, മട്ടിലയം വാട്ടർഷെഡ് കമ്മിറ്റി കൺവീനർ ശ്രീ. സതീഷ്ബാബു എന്നിവർ ആശംസകൾ അർപ്പിച്ചു. സിസ്റ്റർ ജിജി ജോൺ, സിസ്റ്റർ സുനിത എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. കോ-ഓർഡിനേറ്റർ കെ.ഒ. ജോയി സ്വാഗതവും, ബൈജു ഐസക് നന്ദിയും രേഖപ്പെടുത്തി.

**ഫാ. ജോൺ ചൂരപ്പുഴയിൽ**

(ഡയറക്ടർ, WSSS മാനന്തവാടി)



# അറിയിപ്പുകൾ

## 1. MARY MATHA ARTS & SCIENCE COLLEGE

രൂപതയുടെ കീഴിലുള്ള മേരിമാതാ ആർട്സ് & സയൻസ് കോളേജിൽ 2010–2011 വർഷത്തേയ്ക്കുള്ള ബിരുദ ബിരുദാനന്തര കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷൻ നടപടികൾ ആരംഭിച്ചു. കോളേജിൽ താഴെ പറയുന്ന കോഴ്സുകളാണുള്ളത്.

1. ബി.എ. ഫങ്ഷണൽ ഇംഗ്ലീഷ് (മെയിൻ)
   ജേർണലിസം & പൊളിറ്റിക്കൽ സയൻസ് (സബ്സിഡിയറി)
2. ബി.കോം വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ
3. ബി.എസ്.സി. മാത്തമറ്റിക്സ് (മെയിൻ)
   സ്റ്റാറ്റിസ്റ്റിക്സ്, കമ്പ്യൂട്ടർസയൻസ് (സബ്സിഡിയറി)
4. ബി.എസ്.സി. സുവോളജി (മെയിൻ)
   കെമിസ്ട്രി, ബയോളജിക്കൽ ടെക്നിക്സ് (സബ്)
5. ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് (മെയിൻ)
   മാത്തമറ്റിക്സ് & കമ്പ്യൂട്ടർ സയൻസ് (സബ്സിഡിയറി)
6. ബി. എസ്. സി. കെമിസ്ട്രി (മെയിൻ) മാത്തമറ്റിക്സ് കമ്പ്യൂട്ടർ സയൻസ് (സബ്സിഡിയറി)
7. എം.എസ്.സി. മാത്തമറ്റിക്സ്
8. പി.എച്ച്.ഡി. മാത്തമറ്റിക്സ്, സുവോളജി, ഇംഗ്ലീഷ്, മലയാളം.

നമ്മുടെ ഇടവകകളിൽ നിന്നും പഠിക്കുവാൻ സമർത്ഥരായവർക്കും ദൂരെ സ്ഥലങ്ങളിൽ പോയി പഠിക്കുവാൻ സാമ്പത്തികസ്ഥിതി മോശമായവർക്കും നമ്മുടെ കോളേജിൽ അഡ്മിഷൻ തേടാവുന്നതാണ്.

വിശദവിവരങ്ങൾക്ക് മേരിമാതാ കോളേജുമായി ബന്ധപ്പെടാവുന്നതാണ്.

ഫോൺ: ഓഫീസ് - 04935- 241087, പ്രിൻസിപ്പാൾ- 04935-271322

**മാനേജർ, മേരിമാതാകോളേജ്**

■

## 2. സൗജന്യ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

സുൽത്താൻ ബത്തേരി ഡോൺബോസ്‌ക്കോ ടെക്‌നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ, കേന്ദ്രഗ്രാമീണ വികസന വകുപ്പും (MoRD Govt. of India) ഡോൺബോസ്‌ക്കോ ടെക്ക്, ഇൻഡ്യയും (Don Bosco Tech, India) സംയുക്തമായി നടപ്പിലാക്കുന്ന 3 മാസം ദൈർഘ്യമുള്ള സൗജന്യ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പരിശീലനത്തിലേക്ക് യുവതീ-യുവാക്കൾക്ക് സ്വാഗതം.

**വിശദവിവരങ്ങൾക്ക്:-**

പ്രിൻസിപ്പാൾ
ഡോൺബോസ്‌ക്കോ ടെക്‌നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്
സുൽത്താൻ ബത്തേരി
04936-222107, 224489, 9446043618

**യോഗ്യത:** 5th Passed; 18-35 Years; BPL Card Holder

**Fr. Antree Kannampuzha SDB**

■



ജ്യീഴ്യമാാല

## PASTORAL CENTRE, DWARAKA

### *June - 2010*

| | | |
|---|---|---|
| *04 Fri* | - | *Zion CRC : Night Vigil* |
| *05 Sat* | - | *Zion CRC : Prayer Day* |
| | - | *Christeen Prayer Day* |
| *05 Sat-06 Sun* | - | *Catechism : Teachers' Training* |
| *11 Fri* | - | *Eve CML Team Meeting* |
| *12 Sat* | - | *CML Roopatha Council,* |
| | - | *Jesus Youth : Prayer Day* |
| *12 Sat-13 Sun* | - | *Catechism : Teachers' Training* |
| *15 Tue* | - | *CMA Executive with Meghala Directors & Animators* |
| *18Fri-21 Mon* | - | *Marriage Preparation Course* |
| *22 Tue* | - | *Marian Singles* |
| *25 Fri-27 Sun* | - | *Catechism : Teachers' Training* |
| *28 Mon* | - | *KCYM : Syndicate* |

**Rev. Fr. Mathew Kazhuthadiyil**

Director, Pastoral Centre



## *Bishop's Programme*

### *2010 June*

| | |
|---|---|
| *1 Tue 3 Thu.....* | *Madras* |
| *4 Fri ................* | *Bathery, Corporate Educational Agency, Environmental Day* |
| *5 Sat .................* | *Dwaraka, Sacred Heart Convention* |
| *7 Mon 10 Thu ..* | *Ernakulam KCBC* |
| *11 Fri ................* | *Out of Station* |
| *12 Sat ..............* | *Dwaraka, Working Year Inauguration of CML* |
| *13 Sun ...............* | *Pastoral Visit : Chooralmala* |
| *14 Mon ..............* | *De Paul, Kalpetta* |
| *16 Wed ..............* | *Visitors' Day* |
| *17 Thu 18 Fri ...* | *Out of Station* |
| *19 Sat 20 Sun ...* | *Bangalore* |
| *21 Mon ..............* | *Visitors' Day* |
| *22 Tue ..............* | *Thonichal, SKD Generalate Superiors' Meet* |
| *23 Wed .............* | *Visitors' Day* |
| *24 Thu ..............* | *Kulathuvayal : Death Anniversary of Msgr CJ Varkey* |

| | |
|---|---|
| *25 Fri ............* | *Out of Station* |
| *27 Sun .............* | *Boy's Town : Pastoral Visit* |
| *28 Mon .............* | *Visitors' Day* |
| *30 Wed .............* | *Visitors' Day* |

## *2010 July*

| | |
|---|---|
| *1 Thu 2 Fri .....* | *Out of Station* |
| *3 Sat 4 Sun .....* | *Thomapuram* |
| *5 Mon ...........* | *Visitors' Day* |
| *7 Wed ...........* | *Visitors' Day* |
| *8 Thu 9 Fri .....* | *Out of Station* |
| *10 Sat 11 Sun ....* | *Ernakulam : KLM Meeting* |
| *12 Mon 13 Tue ..* | *Kunnoth, Seminary Commission Meeting* |
| *14 Wed ............* | *Vadapuram : Blessing of Church* |
| *15 - 30 ............* | *Abroad* |



***Pope Benedict XVI***